
ജൂൺ 2022

Price ₹25

# ജീവനും വെളിച്ചവും



കുടുംബപ്രേഷിത ശുശ്രൂഷ
തിരുവനന്തപുരം ലത്തീൻ
അതിരൂപത



**ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള പവിത്ര ബന്ധങ്ങൾക്ക്**

**www.rcmatrimonial.org**

UNDERTAKING OF KRLCC

കേരളത്തിലെ 12 ലത്തീൻ രൂപതകളെയും കോർത്തിണക്കിയുള്ള മാര്യേജ് ബ്യൂറോ.

ഏറ്റവും കുറഞ്ഞ രജിസ്ട്രേഷൻ ഫീസ്.

ലോകത്തെവിടെയിരുന്നും സേവനം പ്രയോജനപ്പെടുത്താം.

വിശദ വിവരങ്ങൾക്ക്:

MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
93872 96213 matrimonialrc@gmail.com

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 ജൂൺ
പുസ്തകം - 46 ലക്കം - 6
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
അഗസ്റ്റിൻ കണിപ്പിള്ളി
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum

## മുഖവിചാരം

# ജനിതകമാറ്റം വന്നത് കോവിഡിനോ, കുട്ടികൾക്കോ, കുടുംബങ്ങൾക്കോ?




കുഞ്ഞുങ്ങളും ക്രിസ്തുവും അത്ഭുതകരമായൊരു കോമ്പിനേഷൻ ആയിരുന്നു. കുഞ്ഞുങ്ങളെ മടിയിലിരുത്തി ലാളിക്കുന്ന, എടുത്തുയർത്തുന്ന ക്രിസ്തുവിന്റെ ചിത്രം മഹത് വ്യക്തികൾക്കിടയിലെ അപൂർവതയായിരുന്നു. കുട്ടികളും കുടുംബവും ക്രിസ്തുവിന്റെ ഏറ്റവും വലിയ ശ്രദ്ധയായിരുന്നു. പ്രസംഗിച്ചപ്പോഴും അത്ഭുതം പ്രവർത്തിച്ചപ്പോഴും ചുറ്റിസഞ്ചരിച്ചപ്പോഴും കഥപറഞ്ഞപ്പോഴും വീടും വീട്ടുകാരും അപ്പനും കുട്ടിയുമൊക്കെ യേശുവിന്റെ തന്നെ ഭാഗമായിമാറി. കുഞ്ഞുങ്ങളുടെ നിഷ്കളങ്കതയും നൈർമല്യതയും വിശുദ്ധിയും സ്വാഭാവികതയുമൊക്കെ മാനവികതയുടെ ഉന്നതമൂല്യങ്ങളായി അവൻ കണക്കുകൂട്ടി. അതുകൊണ്ടുതന്നെ കുഞ്ഞുങ്ങളെ പഠിപ്പിക്കാനല്ല, അവരിൽ നിന്ന് പഠിക്കുവാനായിരുന്നു അവന്റെ ഉപദേശം.

മനുഷ്യകുലത്തിന്റെ ഭാവിയായ കുഞ്ഞുങ്ങളുടെ നിഷ്കളങ്കതയും വിശുദ്ധിയും കൈമോശം വരുന്നുണ്ടോ എന്ന ഉത്കണ്ഠ എല്ലാക്കാലത്തും ഗുരുക്കന്മാരെയും മാതാപിതാക്കന്മാരെയും അലട്ടിക്കൊണ്ടിരിക്കുന്നുവെങ്കിലും ഇന്ന് സർവജ്ഞാനിയായി സന്തത സഹചാരിയായി കോവിഡിനൊപ്പം കടന്നുകൂടിയ മൊബൈൽ ഫോണും ചെറിയ കടകളിൽപോലും ലഭ്യമാകുന്ന ലഹരിവസ്തുക്കളും  അതീവ ദുർബലവും വ്യക്തികേന്ദ്രീകൃതവുമായ ഭാര്യാഭർതൃബന്ധങ്ങളും ഈ ഉത്കണ്ഠയെ കൂടുതൽ ദൃഢപ്പെടുത്തുന്നു എന്നതിൽ സംശയമില്ല. തോളത്തിരുന്ന് ആരോ പറഞ്ഞുപഠിപ്പിച്ച വർഗീയ മുദ്രാവാക്യം ഉറക്കെ വിളിക്കുന്ന കുട്ടിയെയും സ്കൂളിൽ തോക്കും ത്രിശൂലവും കരുതുന്ന കുട്ടിയേയും കാണുമ്പോൾ ഇതേ ഉത്കണ്ഠതന്നെയാണുണ്ടാകുന്നത്.

ഈ കോവിഡാനന്തര കാലഘട്ടം മാതാപിതാക്കന്മാർക്ക് നൽകുന്ന ദൗത്യമെന്ത്? വെല്ലുവിളിയെന്ത്? പുതിയ കാലഘട്ടത്തിലെ രക്ഷാകർത്തൃത്വം എപ്രകാരമാവണം? പരിശോധിക്കുകയാണ് ജീവനും വെളിച്ചവും ഈ ലക്കത്തിൽ.

- പത്രാധിപർ

# പ്രതികരണങ്ങൾ




## വേദസാക്ഷിയായ വി. ദേവസഹായം

സത്യവിശ്വാസം സംരക്ഷിക്കുന്നതിനായി ഭാരതത്തിൽ നിന്ന് ആദ്യമായി വേദസാക്ഷിയായ വി. ദേവസഹായത്തിന്റെ ജീവിത വഴികളെക്കുറിച്ച് അറിയുവാൻ കഴിഞ്ഞതിൽ വളരെ സന്തോഷം തോന്നുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ആഴം മനസിലാക്കുവാനും, ഏത് കഷ്ടതയെയും പ്രയാസങ്ങളെയും പ്രാർത്ഥനയാൽ ധൈര്യപൂർവ്വം സഹിക്കുവാൻ സാധിക്കും എന്ന് നമുക്ക് മനസിലാക്കി തന്ന ഉത്തമ ഉദാഹരണമാണ് വി. ദേവസഹായം. വിശുദ്ധന്റെ പുണ്യജീവിതത്തെ പറ്റിയുള്ള അറിവുകൾ പങ്കുവച്ച മെയ് മാസപ്പതിപ്പ് ഒരു ക്രൈസ്തവനെ സംബന്ധിച്ച് കയ്യിൽ സൂക്ഷിക്കാവുന്ന ഒരു ഉത്തമ മാസികയാണ്. തുടർന്നും വ്യത്യസ്തമായ ആശയങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

– ഫ്രാൻസിസ്ക

## വിശുദ്ധ ദേവസഹായം പതിപ്പ് ആകർഷകമായി

മെയ് ലക്കം ജീവനും വെളിച്ചവും മാസികയുടെ ഓരോ പേജുകളും വി.ദേവസഹായത്തെ കുറിച്ചുള്ള വിഭവങ്ങളാൽ സമൃദ്ധമായിരുന്നു. 18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വ്യക്തിയാണ് വി. ദേവസഹായം. മാർത്താണ്ഡവർമ്മ രാജാവിന്റെ കാര്യക്കാരൻ ആയിരുന്നു അദ്ദേഹം. ജീവിതത്തിൽ ക്രിസ്തുവിന്റെ സ്നേഹം മനസിലാക്കി ഹൈന്ദവ മതത്തിൽ നിന്ന് മാറി ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുവിനെ പ്രതി പീഡനം സഹിക്കാൻ തീരുമാനിച്ചു.

വി.ദേവസഹായത്തിന്റെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ പ്രസക്തിയും, അദേഹത്തിന്റെ ജീവിതവും അദ്ദേഹം അനുഭവിച്ച പീഡനങ്ങളും എല്ലാം ഈ പതിപ്പിൽ പ്രതിഫലിക്കുന്നുണ്ട്. അതുപോലെ അദ്ദേഹവുമായി ബന്ധപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരണങ്ങളും ചിത്രങ്ങളും വിശ്വാസികൾക്കും തീർത്ഥാടകർക്കും സഹായപ്രദമാണ്.

– ബ്രദർ സ്റ്റാലിൻ

## കവർ ചിത്രം മനോഹരം

മെയ് മാസ ജീവനും വെളിച്ചവും മാസികയിലെ ആത്മസംതൃപ്തിയും തീക്ഷ്ണതയും ജ്വലിപ്പിക്കുന്ന കവർ ചിത്രം വളരെ മനോഹരമായിരുന്നു. വിശുദ്ധ ദേവസഹായത്തിന്റെ ജീവൻ തുടിക്കുന്ന ചിത്രവും താളുകളിലെ ജീവചരിത്രവും വിശുദ്ധനുമായി ബന്ധപ്പെടുത്തിയ മറ്റ് ലേഖനങ്ങളും വായനക്കാർക്ക് വിശുദ്ധനെ കുറിച്ച് അറിയുവാനും പഠിക്കുവാനും സഹായകമാകുന്നവയാണ്. ഈ പുസ്തകം എക്കാലവും കയ്യിൽ സൂക്ഷിക്കാവുന്നതും മതപരമായ പഠന ക്ലാസുകളിലും (മതബോധന ക്ലാസ്) ബിസിസി തലങ്ങളിലും ഉപയോഗപ്രദമാണ്. ഭാവിയിൽ വിശുദ്ധന്റെ ജീവചരിത്രം മതപഠന ക്ലാസ്സുകളിലെ പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയാൽ നന്നായിരുന്നു.വിശുദ്ധ ദേവസഹായം മെഗാ ക്വിസിൽ പങ്കെടുക്കുന്നവർക്ക് വളരെ പ്രയോജനകരമായ വിധത്തിൽ ജീവനും വെളിച്ചവും മാറിയതിൽ വളരെ സന്തോഷം.

– സജു ബെഞ്ചമിൻ,
പുല്ലുവിള

## ദേവസഹായത്തിന്റെ പ്രസക്തി

മെയ് മാസത്തിലെ ജീവനും വെളിച്ചം വിശുദ്ധ ദൈവസഹായത്തെ കൂടുതൽ ആഴത്തിൽ മനസിലാക്കുന്നതിനു സഹായകമായ ഒരു സ്പെഷ്യൽ പതിപ്പാണ്. മാസികയിലെ ഓരോ താളുകളും വിശുദ്ധന്റെ ജീവിതത്തെപ്പറ്റി പറയുന്നുണ്ട്. വർത്തമാനകാല സമൂഹത്തിൽ നിന്നും അല്മായനായ ദൈവസഹായം രക്തസാക്ഷിയായി മാറുന്നതും അതിലൂടെ വിശുദ്ധപദവി കൈവരിക്കുന്നതിന്റെയും പ്രസക്തിയെക്കുറിച്ച് ഇഗ്നേഷ്യസ് തോമസിന്റെ ലേഖനത്തിൽ വിവരിച്ചിരിക്കുന്നു. ക്രിസ്തുവിനായി രക്തസാക്ഷിത്വം വഹിക്കുന്നതിൽ നിന്ന് അൽമായർ മാറി നിൽക്കേണ്ടതില്ല എന്ന് മനസ്സിലാക്കാം. പൗരോഹിത്യ ജീവിതത്തിലേക്ക് ചുവടുവച്ച് എത്തിയ ഒമ്പത് വൈദികർക്കും പ്രാർത്ഥനാശംസകൾ. ക്രിസ്തുവിനായി ഒത്തിരി ആത്മാക്കളെ നേടിയെടുക്കുവാനും ഓരോ വൈദികർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

മേരി മെർലിൻ

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

ജീവനും വെളിച്ചവും മാസികയുടെ വായനക്കാരിൽ ഇനിയും വരിസംഖ്യ അടച്ചിട്ടില്ലാത്തവർ എത്രയും വേഗം പണമടച്ച് ജീവനും വെളിച്ചവും മാസികയുടെ ലഭ്യത ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.അന്വേഷണങ്ങൾക്ക് 8129223330 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

– പത്രാധിപർ

# താളുകളിൽ


**ന്യൂജെൻ പേരന്റ്സ് അറിയാൻ** 6
മുരളീധരൻ മുല്ലമറ്റം

**കുടുംബം മനഃശാസ്ത്ര – ദൈവശാസ്ത്ര വീക്ഷണത്തിൽ** 10
ഫാ. ബേണി വർഗീസ്

**കോവിഡാനന്തര കുടുംബജീവിതം** 13
ഡോ. എ.ആർ.ജോൺ

**ആറുമക്കളും കോവിഡുകാല കുടുംബ ജീവിതവും** 16
ബ്രദ. സാലു സിൽവയ്യൻ

**ചരിത്രപഥം** 18
ഇഗ്നേഷ്യസ് തോമസ്

**കവിത: വടിയും കുറേ സ്വരവ്യഞ്ജനങ്ങളും** 21
ലോറൻസ് ഫെർണാണ്ടസ്

**വർത്തമാനം** 22
അഗസ്റ്റിൻ കണിപ്പിള്ളി

**വായന** 25
താര ഇഗ്നേഷ്യസ്

**വാർത്തകൾ** 26

**സിനിമ: വരയൻ** 32
ഫാ. ദീപക് ആന്റോ

**നീർച്ചാൽ** 34

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.











ലേഖനം

# ന്യൂജെൻ പേരന്റ്സ് അറിയാൻ

ഈ പ്രപഞ്ചത്തിലെ എല്ലാ വിഷയങ്ങളെക്കുറിച്ചും പഠിക്കാൻ അവസരമുണ്ട്. പുൽക്കൊടിമുതൽ ബഹിരാകാശത്തേക്കുള്ള പ്രതിഭാസങ്ങൾക്കുവരെ വിഷയങ്ങളും അവയ്ക്ക് യൂണിവേഴ്സിറ്റിതലം വരെ പഠനസൗകര്യങ്ങളും ഉണ്ട്. എന്നാൽ കുടുംബജീവിതത്തെക്കുറിച്ച് പഠിക്കാൻ സ്ഥാപനങ്ങളും സൗകര്യങ്ങളുമില്ല. വിശേഷിച്ചും കുടുംബജീവിതവുമായി ബന്ധപ്പെട്ട പേരെന്റിംഗിനെക്കുറിച്ച് അഥവാ മക്കളെ വളർത്തേണ്ടതെങ്ങനെയാണെന്ന് ഒരുസ്കൂളും ഒരു യൂണിവേഴ്സിറ്റിയും നമ്മെ പഠിപ്പിക്കുന്നില്ല. നിലവിൽ അതിനുള്ള സംവിധാനങ്ങളുമില്ല.

ഇതെല്ലാം പഠിച്ചിട്ടാണോ പണ്ടുള്ളവർ മക്കളെ വളർത്തിയിരുന്നത്, അവരുടെ മക്കൾ മിടുക്കരും നല്ല വ്യക്തിത്വമുള്ളവരും ആയിട്ടില്ലേ എന്നു പലരും ചോദിക്കാറുണ്ട്. പക്ഷേ, പണ്ടത്തെ കാലമല്ല ഇത്. പഴയ തലമുറകളുടെ കാലത്ത് കൂട്ടുകുടുംബ സമ്പ്രദായമായിരുന്നു, അന്ന് അത്തരം കുടുംബങ്ങളിൽ അറിവും പക്വതയും അനുഭവസമ്പത്തുമുള്ള വ്യക്തികളുണ്ടായിരുന്നു.അതായത് അവരുടെ നല്ല രീതികൾ കണ്ടുപഠിക്കാൻ ഒരുപാട് അവസരങ്ങളുണ്ടായിരുന്നു. അവരുടെ മക്കളുടെ തെറ്റുകൾ തിരുത്താനും നേർവഴി നടത്താനും പ്രാപ്തരായ വ്യക്തികൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കണ്ടുപഠിക്കാനോ തെറ്റുകൾ തിരുത്താനോ നേർവഴി കാണിച്ചുതരാനോ കഴിവുള്ള വ്യക്തികൾ ഇല്ല എന്നുതന്നെ പറയാം.

ഏതാണ്ടൊരു തരത്തിൽ മക്കളെയങ്ങു വളർത്തി വലുതാക്കുന്നുഎന്നേയു



**മുരളീധരൻ, മുല്ലമറ്റം**
എഴുത്തുകാരൻ

ള്ളൂ. തങ്ങൾ വളർന്ന രീതികളും തങ്ങൾക്കു കിട്ടിയതും കിട്ടാത്തതും എല്ലാം ചേർത്തുവച്ച് ഏതാണ്ടൊരു തരത്തിൽ മുന്നോട്ടുപോകുന്നവരാണേറെയും. തിരുത്തേണ്ടിടത്ത് തിരുത്തില്ല. വഴക്കു പറയേണ്ടിടത്ത് പറയില്ല. ശിക്ഷിക്കേണ്ട സന്ദർഭത്തിൽ ശിക്ഷിക്കില്ല. അതിനുപകരം വേണ്ടാത്ത സന്ദർഭങ്ങളിൽ തിരുത്താൻ ശ്രമിക്കും. ഉപദേശം വേണ്ടാത്തിടത്ത് ഉപദേശിക്കുകയും വഴക്കുപറയുകയും ചെയ്യും. ശിക്ഷ വേണ്ടാത്തിടത്ത് അടിയോടടിയായിരിക്കും. അതുപോലെ കാര്യങ്ങൾ അനുവദിച്ചുകൊടുക്കേണ്ട സമയത്ത് ചെയ്യാതെ അനുവദിക്കേണ്ടാത്തത് അനുവദിച്ചുകൊടുക്കും. ഉദാഹരണത്തിന് പ്രായപൂർത്തിയാകുംമുൻപ് വാഹനം വാങ്ങിച്ചുകൊടുക്കുകയും ചെറുപ്രായത്തിൽ പഠിക്കേണ്ട കാലത്ത് സ്മാർട്ട് ഫോണും നല്കും.

ഇതിന്റെയെല്ലാം പ്രതിഫലനങ്ങൾ ഇന്ന് കാണുന്നുമുണ്ട്. കുട്ടികൾ അനുസരണയില്ലാത്തവരും പിടിവാശിക്കാരും താന്തോന്നികളുമാകുന്നതു നാം കാണാറുണ്ട്. ചെറു പ്രായത്തിൽ മൊബൈൽ വാങ്ങിക്കൊടുത്ത് അവസാനംവരെ പിഴച്ച വഴികളിലൂടെ നടക്കാൻ പരോക്ഷമായി പ്രേരണ നൽകുന്ന മാതാപിതാക്കളുണ്ട്. അതുപോലെ വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും പേരുപറഞ്ഞ് ചെറുപ്രായത്തിൽ ബൈക്കുവാങ്ങിക്കൊടുത്ത് മറ്റുള്ളവർക്കും തങ്ങൾക്കുതന്നെയും അപകടങ്ങൾവരുത്തിവയ്ക്കുന്ന സംഭവങ്ങൾ നിത്യേനയുണ്ട്. മക്കളെ എങ്ങനെ സ്നേഹിക്കണം, എങ്ങനെ വളർത്തണം, എന്തു മാതൃക കാണിച്ചുകൊടുക്കണം എന്നതിനെക്കുറിച്ചൊന്നുമറിയാതെ, ശരിയായ പേരെന്റിംഗ് എന്തെന്നറിയാതെ എന്തൊക്കെയോ ചെയ്തുകൂട്ടുന്നതിന്റെ ഭവിഷ്യത്തുകൾ പലരും അറിയാതെ പോകുന്നതാണ് വലിയ ദുരന്തം. ന്യൂജനറേഷൻ പേരന്റ്സിനെ സംബന്ധിച്ച് വിശേഷിച്ചും.

ഏത് ജീവിയിലും പേരെന്റിംഗ് സ്കിൽ ഉണ്ട്. പ്രത്യേകിച്ചും ബുദ്ധിയിലും സിദ്ധിയിലും കഴിവിലും ഉന്നതിയിൽ നിൽക്കുന്ന മനുഷ്യരിൽ ഈ കഴിവ് വേണ്ടുവോളമുണ്ട്. എന്നാൽ പലരുമത് പ്രയോഗിക്കുന്നില്ല; കാര്യങ്ങൾ അറിയാൻ ശ്രമിക്കുന്നില്ല. ന്യൂജനറേഷൻ മാതാപിതാക്കളെ സംബന്ധിച്ച് അവനവനു തോന്നുന്ന രീതിയിലാണ് മക്കളെ വളർത്തുന്നത്.



## ചില പേരന്റിംഗ് ശൈലികൾ

- കുട്ടികളുടെ എല്ലാ കാര്യങ്ങളും എപ്പോഴും നിരീക്ഷിച്ച് അവർക്ക് വേണ്ടതെല്ലാം ചെയ്തുകൊടുത്ത് അവരെ നിഷ്ക്രിയരാക്കുന്നവർ.
- ഓരോ കാര്യവും എടുത്തുചാട്ടത്തോടെ ചെയ്യാൻ പുറപ്പെടുകയും പിന്നീടത് പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്യുന്നവർ.
- കുട്ടികളുടെ പ്രശ്നങ്ങൾ കാണാതെ പോകുന്നവർ. ഇവർ കുട്ടികളിൽ ചിട്ടകൾ രൂപപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു.
- ജീവിതയാഥാർത്ഥ്യങ്ങളെ കാണാൻ കഴിയാത്തവർ. ഇവർ കാര്യങ്ങളെ ലാഘവത്തോടെ കാണുന്നതുമൂലം മക്കളിൽ അഹങ്കാരവും അസഹിഷ്ണുതയും വളർത്തുന്നു.
- തങ്ങൾക്ക് പഠിക്കാൻ കഴിയാത്തതും നേടാൻ കഴിയാത്തതുമായ കാര്യങ്ങൾ (പഠനമുൾപ്പെടെ) മക്കളിലൂടെ സാധിച്ചെടുക്കാൻ ശ്രമിക്കുന്നവർ.
- നിയമങ്ങളും ചിട്ടകളും മക്കളിൽ അടിച്ചേൽപ്പിക്കുന്നവർ. മക്കളുടെ മനസ്സറിയാൻ കഴിയാത്ത ഇവർ കുട്ടിയുടെ വ്യക്തിത്വവികസനത്തെ തടസപ്പെടുത്തുന്നു.
- മക്കൾക്ക് സ്നേഹം മാത്രം നൽകി മക്കളെ വഷളാക്കുന്നവർ.
- യാതൊരു ഉത്തരവാദിത്വവുമില്ലാതെ മക്കളെ വളർത്തുന്നവർ.
- സ്നേഹിച്ചാൽ കുട്ടികൾ വഷളായിപ്പോകും എന്നു ഭയന്ന് കുട്ടികളെ പട്ടാളച്ചിട്ടയിൽ വളർത്തുന്നവർ.
- കലഹസ്വഭാവം കൈമുതലായുണ്ടാവുകയും പങ്കാളിയുമായി പരസ്പരം കലഹിച്ച് നാളുകൾ തള്ളിനീക്കുകയും ചെയ്യുന്നതിനിടയിൽ മക്കളുടെ കാര്യം മറന്നുപോകുന്നവർ.

**മക്കളെ എങ്ങനെ സ്നേഹിക്കണം, എങ്ങനെ വളർത്തണം, എന്തു മാതൃക കാണിച്ചുകൊടുക്കണം എന്നതിനെക്കുറിച്ചൊന്നുമറിയാതെ, ശരിയായ പേരന്റിംഗ് എന്തെന്നറിയാതെ എന്തൊക്കെയോ ചെയ്തുകൂട്ടുന്നതിന്റെ ഭവിഷ്യത്തുകൾ പലരും അറിയാതെ പോകുന്നതാണ് വലിയ ദുരന്തം.**

ന്യൂജെൻ പേരന്റ്സ് മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം, മക്കളെ നല്ലവരായി വളർത്താൻ തയ്യാറാക്കുക എന്നതാണ്. ഇതിന് ആദ്യമായി വേണ്ടത് മാനസികമായ തയ്യാറെടുപ്പാണ്. പേരന്റിംഗ് എന്നത് ജൈവശാസ്ത്രപരമായ ചോദനയാണ്, അതൊക്കെ തനിയെ കൈവന്നുകൊള്ളും എന്ന ധാരണ ശരിയല്ല. പേരന്റിംഗ് വൈഭവവുമായി ആരും ജനിക്കുന്നില്ല. അത് ആർജിച്ചെടുക്കേണ്ട കാര്യമാണ്. അതുകൊണ്ട് നല്ല മാതൃത്വം,നല്ല പിതൃത്വം എന്നീ കാര്യങ്ങളിൽ വേണ്ട ബോധ്യങ്ങൾ ഉണ്ടാകുകയും നല്ല രക്ഷകർത്താക്കളായിത്തീരാൻ തയ്യാറെടുക്കുകയും വേണം.

നല്ല രക്ഷകർത്താവാകാനുള്ള കഴിവ് എല്ലാവരിലുമുണ്ടെന്ന് തുടക്കത്തിൽ സൂചിപ്പിച്ചുവല്ലോ. ഈ കഴിവ് സ്വയം തിരിച്ചറിഞ്ഞ് ഒരു കുഞ്ഞിന്റെ മികവ് പുറത്തുകൊണ്ടുവരുന്നതിലാണ് നല്ലൊരു രക്ഷകർത്താവിന്റെ വിജയം. കുട്ടിയിലെ മികവ് അല്ലെങ്കിൽ കഴിവ് പുറത്തുകൊണ്ടുവരാൻ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

- **കുഞ്ഞിന് സ്വന്തം പേരന്റ്സിനോട് എന്തും തുറന്നു പറയാനുള്ള സാഹചര്യമുണ്ടായിരിക്കണം.**
- **എന്തുകാര്യത്തിനും മാതാവിനെയും പിതാവിനെയും സമീപിക്കാം എന്ന ആത്മവിശ്വാസമുണ്ടായിരിക്കണം.**
- **മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങൾ കിട്ടുന്നുണ്ടെന്ന പൂർണബോധ്യം കുഞ്ഞിനുണ്ടായിരിക്കണം.**
- **കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ നിരീക്ഷിച്ച് ആവശ്യമായ ഗൈഡൻസ് നൽകുന്നതിൽ സ്വന്തം പേരന്റ്സ് ശ്രദ്ധിക്കുന്നു എന്ന് കുട്ടിക്ക് ബോധ്യപ്പെടണം.**
- **തങ്ങൾക്കുവേണ്ടി കാര്യങ്ങൾ ചെയ്തുതരാനും തങ്ങൾക്കുവേണ്ടി സമയം ചെലവഴിക്കാനും മതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുന്നു എന്ന പൂർണ വിശ്വാസം കുട്ടികൾക്കുണ്ടാകണം.**

മേൽപ്പറഞ്ഞ കാര്യങ്ങളിൽ മാതാപിതാക്കൾ ജാഗ്രത പാലിക്കാൻ പ്രത്യേകിച്ചും വളർച്ചയുടെ ആദ്യവർഷങ്ങളിൽ (10–12 വയസ്സുവരെ) ശ്രദ്ധിക്കണം. അതിലേക്ക് താഴെ പറയുന്ന പത്തുപ്രമാണങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക.

1. **സ്നേഹപൂർവ്വം കുട്ടികളോടിടപെടുക. കുഞ്ഞിന് പറയാനുള്ളത് ശ്രദ്ധയോടും ക്ഷമയോടും കൂടെ കേൾക്കുക. നല്ല ആശയവിനിമയത്തിലൂടെ കാര്യങ്ങൾ ബോധ്യപ്പെടുത്തുക.**
2. **കുഞ്ഞിനെ അടുത്തുവിളിച്ചിരുത്തുക, സ്നേഹപൂർവ്വം ആശ്ലേഷിക്കുക, എല്ലാ തരത്തിലും അവർക്ക് വൈകാരിക സുരക്ഷിതത്വം നല്കുക.**
3. **കുട്ടികളുടെ കൂടെ സമയം ചെലവഴിക്കാൻപ്രത്യേകം ശ്രദ്ധിക്കുക. കുട്ടികളുമൊത്ത് തമാശ പറഞ്ഞ് രസിക്കുക; ചിരിക്കുക.**
4. **കുട്ടികളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അവരിൽ ഉത്തരവാദിത്തബോധം വളർത്തുക. അതിനുതകുംവിധം ചെറിയ ചെറിയ ജോലികൾ നൽകുക.**
5. **നല്ല ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കളികളിലും മറ്റു വ്യായാമങ്ങളിലും ഏർപ്പെടാൻ അവസരം നൽകുക.**
6. **കുട്ടിയുടെ ചിന്തകൾക്കും അഭിപ്രായങ്ങൾക്കും വേണ്ടത്ര വിലകൽപ്പിക്കുക.**
7. **വീട്ടിൽ കലഹം ഒഴിവാക്കുക. മോശപ്പെട്ട രീതിയിലുള്ള സംഭാഷണം കുടുംബത്തിൽ ഉണ്ടാകരുത്. അതുപോലെ കുട്ടിയോടും മോശം വാക്കുകൾ പ്രയോഗിക്കരുത്. കഠിനമായ ശിക്ഷാമുറകൾ ഒഴിവാക്കുന്നതും നന്ന്.**
8. **മാതാപിതാക്കൾക്ക് സ്വഭാവദൂഷ്യങ്ങൾ ഉണ്ടാകാൻ പാടില്ല. കുട്ടികളിൽ അത് കണ്ടാലുടനെ നിർത്തലാക്കുക.**
9. **മക്കളുടെ ശിക്ഷണത്തിൽ എടുത്തുചാട്ടം ഒരിക്കലും പാടില്ല. സാഹചര്യങ്ങളെ സൂക്ഷ്മവിശകലനം ചെയ്തശേഷം മാത്രം പെരുമാറുക, പ്രവർത്തിക്കുക.**
10. **നീ എന്റെ മോനാണ്/മോളാണ്... ഏത് സഹായത്തിനും ഞങ്ങൾ കൂടെയുണ്ട് എന്ന്ഇടയ്ക്കിടെ ഓർമിപ്പിക്കുക. അതനുസരിച്ച് പെരുമാറുകയും വേണം.**

മക്കളെ വളർത്തുന്നതിൽ കൂട്ടുത്തരവാദിത്വം ഉണ്ടാകണം എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എന്നാൽ ന്യൂജെൻ പേരന്റ്സിനെ സംബന്ധിച്ച് വ്യാപകമായി കാണുന്ന പ്രശ്നം അവരിലെ ഡബിൾ പേരന്റിംഗ് രീതിയാണ്. അതായത് അമ്മ സ്ട്രിക്റ്റ് ആണെങ്കിൽ അച്ഛൻ ലിബറലാണ്; എപ്പോഴും ശാസിക്കുന്നയാളാണ് പിതാവെങ്കിൽ മാതാവ് സ്നേഹസമ്പന്നയാണ്; എല്ലാം സാധിച്ചുകൊടുക്കുന്ന സോഫ്റ്റ്ആയി പെരുമാറുന്നയാളാണ് പിതാവെങ്കിൽ മാതാവ് പുറകെ നടന്ന് ശാസിക്കുകയും ഭീ



**ഏത് ജീവിയിലും പേരന്റിംഗ് സ്കിൽ ഉണ്ട്. പ്രത്യേകിച്ചും ബുദ്ധിയിലും സിദ്ധിയിലും കഴിവിലും ഉന്നതിയിൽ നിൽക്കുന്ന മനുഷ്യരിൽ ഈ കഴിവ് വേണ്ടുവോളമുണ്ട്. എന്നാൽ പലരുമത് പ്രയോഗിക്കുന്നില്ല; കാര്യങ്ങൾ അറിയാൻ ശ്രമിക്കുന്നില്ല. ന്യൂജനറേഷൻ മാതാപിതാക്കളെ സംബന്ധിച്ച് അവനവനു തോന്നുന്ന രീതിയിലാണ് മക്കളെ വളർത്തുന്നത്. ഇതിൽ തന്നെ പലതരക്കാരുണ്ട്.**

ഷണി മുഴക്കുകയും ചെയ്യും; മകന്റെ/ മകളുടെ കാര്യത്തിൽ ഡാഡി ഒന്നു പറഞ്ഞാൽ അതിന് നേരെ വിപരീത കാര്യം പറയുന്ന മമ്മിയാകും. ഉദാഹരണമായി കലാവാസനയുള്ള കുട്ടിയെ ആ മേഖലയിൽ വിട്ടുപഠിപ്പിക്കാൻ പിതാവ് താല്പര്യം കാണിക്കുമ്പോൾകുട്ടിയെ ഡോക്ടറോ എൻജിനീയറോ ആക്കാനാകും മാതാവ് ശഠിക്കുന്നത്. ഇത്തരത്തിൽ മക്കളെ മാതാവുംപിതാവും എതിർദിശയിലേക്ക് നയിക്കുമ്പോൾ തകരുന്നത് കുട്ടിയുടെ ഭാവിയാണ്, ജീവിതമാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി പെരുമാറാനുള്ള സാമാന്യബുദ്ധിയെങ്കിലും ഉണ്ടായാൽ നന്ന്. ഇവിടെയാണ് കൂട്ടുത്തരവാദിത്വത്തിന്റേയും കൂട്ടായ്മയുടേയും പ്രാധാന്യമിരിക്കുന്നത്.

കൂട്ടായ്മയിലും ഏകാഭിപ്രായത്തിലും വേണം മക്കളെ വളർത്താൻ. കുഞ്ഞിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഒരേ മനസ്സോടെ ശ്രദ്ധിച്ചു മുന്നേറണം. ചെറുപ്പം മുതലേ സ്നേഹത്തിലും ശാസനയിലും ശിക്ഷയിലും ശിക്ഷണത്തിലും മകനെ/മകളെ വളർത്തിക്കൊണ്ടുവരാൻ ന്യൂജെൻ മാതാവും പിതാവും കൈകോർക്കണം. ഒരിക്കലും മക്കളെ വളർത്തുന്നതിലും ശിക്ഷണത്തിലും മാതാപിതാക്കൾ തമ്മിൽ തർക്കങ്ങൾ ഉണ്ടാകാൻ പാടില്ല. അങ്ങനെ സംഭവിച്ചാൽ അത് മക്കളെ പെരുവഴിയിലാക്കുകയേ ഉള്ളൂ. മാതാപിതാക്കൾ തമ്മിൽ പരസ്പരമുള്ള കലഹങ്ങളും ഒഴിവാക്കണം. ഇത് കുട്ടികൾ മുതലെടുക്കുമെന്നറിയുക.

അവസാനമായി പറയാനുള്ളത് കുട്ടികളെ കാർന്നോന്മാരുടെ സാന്നിധ്യം അറിഞ്ഞു വളരാൻ അനുവദിക്കണമെന്നുള്ളതാണ്. നിങ്ങളുടെ മാതാപിതാക്കളായ (കുട്ടികളുടെ മുത്തച്ഛനും മുത്തശ്ശിയും) പഴയ തലമുറയെ അവഗണിച്ചും ഒഴിവാക്കിയും സ്വാർത്ഥതയുടെ പേരിൽ കുഞ്ഞുങ്ങളെ അവരെ കാണിക്കാതെ വളർത്തുന്നത് ആരോഗ്യകരമല്ല. മുത്തച്ഛനിൽ നിന്നും മുത്തശ്ശിയിൽ നിന്നും കുട്ടികൾക്ക് ഏറെ പഠിക്കാനുണ്ടാകും. ഒരുപാട് നല്ല കാര്യങ്ങൾ സൃഷ്ടിച്ചെടുക്കുക തന്നെ വേണം. ഇടയ്ക്കൊക്കെ അവരുടെ സാന്നിധ്യം ഉറപ്പുവരുത്താനും അവരുടെ സ്നേഹവാത്സല്യങ്ങളും നല്ല ഉപദേശങ്ങളും കുഞ്ഞുങ്ങൾ സ്വായത്തമാക്കാനുമുള്ള സാഹചര്യമൊരുക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. മക്കളിൽ നല്ല മൂല്യങ്ങൾ വളർത്തുന്നതിനും ആത്മീയ ബോധം വളർത്തുന്നതിനും ആദരവിന്റെയും ഔപചാരികതകളുടേതുമായ പാഠങ്ങൾ സ്വായത്തമാക്കുന്നതിനും മുതിർന്ന രക്ഷിതാക്കൾക്ക് (ഗ്രാന്റ് പാരന്റ്സ്) കഴിയും എന്നതിൽ സംശയമില്ല. ■

ലേഖനം



# കുടുംബം

## മനഃശാസ്ത്ര-ദൈവശാസ്ത്ര വീക്ഷണത്തിൽ



**ഫാ. ബേണി വർഗീസ്** ഒ.എഫ്.എം. കാപ്പ്
സൈക്കോളജിസ്റ്റ്

മാതാപിതാക്കളുടെ സ്നേഹം കണ്ടറിഞ്ഞ്, അനുഭവിച്ച്, ജീവിച്ചുവളരുന്ന മക്കളുടെ കൂട്ടായമയാണ് കുടുംബം. നാലുകാര്യങ്ങളാണ് ഇവിടെ പ്രസക്തമാകുന്നത്. സ്നേഹം മക്കൾ കണ്ടറിയണം, സ്നേഹം മക്കൾ അനുഭവിക്കണം, സ്നേഹത്തിൽ മക്കൾ ജീവിക്കണം, സ്നേഹത്തിൽ മക്കൾ വളരണം. ഇന്നത്തെ മക്കളോട് സത്യസന്ധമായി ചോദിച്ചാൽ അറിയാം ഇന്ന് കുടുംബത്തിൽ ഈ യാഥാർഥ്യം അനുഭവവേദ്യമാണോ എന്ന്.

ഇന്നത്തെ ലോകത്തിൽ കുടുംബജീവിതം ഒരു വലിയ വെല്ലുവിളിയാണ്. പരസ്പര ബന്ധത്തിലും തൊഴിൽ മേഖലകളിലും ശാരീരിക-മാനസിക-ആരോഗ്യ മേഖലയിലും സാമ്പത്തിക മേഖലയിലും മക്കളുടെ വിദ്യാഭ്യാസ മേഖലകളിലും കുടുംബജീവിതത്തിന്റെ പാവനത സൂക്ഷിക്കുന്നതിലും അതുലുപരിയായി ജീവിത വീക്ഷണത്തിലും മനോഭാവത്തിലും കാഴ്ചപ്പാടിലും പോലും ധാരാളം വെല്ലുവിളികൾ ആധുനിക ലോകത്തിൽ കു

ടുംബം നേരിടുകയാണ്.

മാതാപിതാക്കൾ ശത്രുക്കളല്ല മിത്രങ്ങളാണെന്ന ചിന്ത ഇന്ന് കുറഞ്ഞു വരികയാണ്. മക്കളുടെ മുന്നിലുള്ള പരസ്പര പഴിചാരലും കുറ്റംപറച്ചിലും ശാരീരിക പീഡനങ്ങളും അവിഹിത ബന്ധങ്ങളും മക്കൾക്ക് നൽകുന്നത് മാതാപിതാക്കൾ ശത്രുക്കളാണെന്ന ചിന്തയാണ്. മക്കളുടെ മുന്നിൽ മാതാപിതാക്കൾ ശത്രുക്കളായാൽ മിച്ചം വരുന്നത് കെട്ടുതാലിയും ശേഷക്രിയ ചെയ്യാൻ മക്കളും മാത്രമായിരിക്കും എന്ന് നാം ഓർക്കുക. ദൈവത്തിന്റെ ദാനമായ, ദൈവിക പദ്ധതിയായ ദൈവവിളിയായ വിവാഹജീവിതം ഉള്ളും ഉള്ളതും ഉടയവന് അർച്ചന ചെയ്യേണ്ട ഒരു പരിപൂർണ സമർപ്പണമായി ഇന്നത്തെ തലമുറ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉള്ളത് നൽകിയാൽ തന്റെ സമ്പത്തിന്റെ/സാലറിയുടെ ഭാഗം കുടുംബത്തിന് നൽകിയാൽ കടമ കഴിഞ്ഞുവെന്ന് വിശ്വസിക്കുന്ന പല ഭാര്യമാരും ഭർത്താക്കന്മാരും ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. ഉള്ള് നൽകുന്നതിലാണ് യഥാർത്ഥ കുടുംബം എന്ന് പലരുംതന്നെ മനസ്സിലാക്കുന്നില്ലെന്ന സത്യം ഇവിടെ ഓർമപ്പെടുത്തുന്നു.

നമ്മുടെ ഭവനങ്ങൾ ഒരു കോടതിമുറിയല്ല, മറിച്ചൊരു കുമ്പസാരക്കൂടായി കാണാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. കോടതിമുറയിൽ ആര് ശരി, ആര് തെറ്റ് എന്തൊക്കെ തെളിവുകൾ നൽകി എനിക്ക് കേസ് ജയിക്കാമെന്ന് നോക്കുമ്പോൾ സർവം പൊറുക്കുന്ന സർവം മറക്കുന്ന ആരാണ് ശരി, തെറ്റ് എന്ന് നോക്കാത്ത ദൈവത്തിന്റെ കരുണയുടെ കൂടാരമാകുന്ന കുമ്പസ്സാരക്കൂടായി നമ്മുടെ ഭവനം മാറിയാൽ മുമ്പോട്ടുള്ള ക്രൈസ്തവകുടുംബജീവിതയാത്രയിൽ നമ്മൾ അനുഗ്രഹിക്കപ്പെട്ട കുടുംബങ്ങളായി മാറും എന്ന് മനസ്സിലാക്കുക.

ഇന്ന് ഭാര്യാഭർത്താക്കന്മാർക്ക് പരസ്പരം എത്രത്തോളം അവരുടെ ശക്തിയും ബലഹീനതയും തിരിച്ചറിയാൻ സാധിക്കുന്നു എന്നത് ചിന്തയ്ക്ക് വിഷയമാകേണ്ട കാര്യമാണ്. കഴിഞ്ഞ 5 വർഷമായി എനിക്ക് ഇദ്ദേഹത്തിന്റെ പേര്,വീട്, മാതാപിതാക്കൾ ആരൊക്കെ എന്നല്ലാതെ മറ്റൊന്നും ഈ മനുഷ്യനെക്കുറിച്ച് അറിയില്ലെന്നു മൂന്ന് വയസ്സുള്ള ഒരു കുഞ്ഞിന്റെ അമ്മയും ഭാര്യയുമായി ഒരു സ്ത്രീ എന്നോട് പറഞ്ഞപ്പോൾ അത്ഭുതപ്പെട്ടു പോയി. വ്യവസ്ഥയില്ലാത്ത പരസ്പരം സ്നേഹിച്ച് തന്റെ ഭർത്താവിന്റെ അല്ലെങ്കിൽ ഭാര്യയുടെ കുറവുകൾ ശക്തിയുമറിഞ്ഞ് ജീവിക്കുമ്പോൾ ആ കുടുംബം വളരുകയാണ് ആറ്റുതീരത്തെ വൃക്ഷം പോൽ ഇലകൊഴിയാതെ എപ്പോഴും മുന്നേറുകയാണെന്ന് നാം മനസ്സിലാക്കുക.

ഇന്നത്തെ കുടുംബത്തളർച്ചയുടെ മറ്റൊരുകാരണം കുടുംബാംഗങ്ങളുടെ റോൾ ഓരോരുത്തരും ശരിയായി മനസ്സിലാക്കി ജീവിക്കുന്നില്ല എന്നതാണ്. ഇന്നത്തെ ജീവിത വഴിയിൽ കുടുംബബന്ധത്തിന്റെ ശക്തി അംഗങ്ങളുടെ റോൾ എന്താണ് എന്നറിയുക എന്നതിലും റോളുകൾ അറിഞ്ഞ് മനസ്സിലാക്കി ജീവിക്കുന്നതിലുമാണ്. മാതാപിതാക്കളും മക്കളും തമ്മിലുള്ള റോൾ ഒരു കുടുംബത്തിൽ ഓരോ വ്യക്തിക്കും എന്താണവരുടെ സ്ഥാനം അവരുടെ ജോലി ഇത് തിരിച്ചറിഞ്ഞാൽ ഇന്ന് പലബന്ധങ്ങളിലും വിള്ളലില്ലാതെ സംഘർഷമില്ലാതെ മുന്നോട്ടുപോകാൻ സാധിക്കും. റോൾ കൺഫ്യൂഷൻ ഇല്ലാതെ ജീവിച്ചാൽ ആരോഗ്യപരമായ സന്തോഷരകരമായ എന്നും നിലനിൽക്കുന്ന കുടുംബാന്തരീക്ഷം സൂക്ഷിക്കാനാവുമെന്ന് ആധുനിക പഠനങ്ങൾ നമ്മെ ഓർമ്മിപ്പി



**മാതാപിതാക്കൾ ശത്രുക്കളല്ല മിത്രങ്ങളാണെന്ന ചിന്ത ഇന്ന് കുറഞ്ഞുവരികയാണ്. മക്കളുടെ മുന്നിലുള്ള പരസ്പര പഴിചാരലും കുറ്റംപറച്ചിലും ശാരീരിക പീഡനങ്ങളും അവിഹിതബന്ധങ്ങളും മക്കൾക്ക് നൽകുന്നത് മാതാപിതാക്കൾ ശത്രുക്കളാണെന്ന ചിന്തയാണ്. മക്കളുടെ മുന്നിൽ മാതാപിതാക്കൾ ശത്രുക്കളായാൽ മിച്ചം വരുന്നത് കെട്ടുതാലിയും ശേഷക്രിയ ചെയ്യാൻ മക്കളും മാത്രമായിരിക്കും എന്ന് നാം ഓർക്കുക.**

ക്കുന്നു.

ചെറുകുടുംബവും അണുകുടുംബവും ആയ ഇന്നത്തെ സമൂഹത്തിൽ കുടുംബബന്ധങ്ങൾ പലപ്പോഴും ബന്ധനങ്ങളായിമാറുന്നതിന് നാം ഓരോ ദിവസവും സാക്ഷ്യം വഹിക്കുകയാണ്. ഒരു വീട്ടിൽ തന്നെ പല അടുക്കളകൾ സർവസാധാരണ സംഭവമായി മാറിയിരിക്കുന്നു. ഒരുമിച്ചിട്ടുള്ള ഭക്ഷണം ഒരുമിച്ചിട്ടുള്ള പ്രാർഥന ഒരുമിച്ചിട്ടുള്ള ഉല്ലാസം ഇവയൊക്കെ മൊബൈലും ടിവിയും കംപ്യൂട്ടറുമൊക്കെ കൈയടക്കിവച്ചിട്ടുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇന്ന് ഓരോരുത്തരും അവരുടേതായ കൊച്ചുലോകത്താണ് ജീവിക്കുന്നത്. ഞാൻ എന്ന ലോകത്തുനിന്ന് ഞങ്ങൾ എന്ന ലോകത്തേക്ക് കുടുംബാംഗങ്ങൾ മാറിയാലേ വരും തലമുറയ്ക്ക് കൂടുമ്പോൾ ഇമ്പമുള്ള കുടുംബമെന്ന വാക്കിന്റെ അർഥം മനസ്സിലാവൂ. ഏത് തിരക്കിനിടയിലും കുടുംബാംഗങ്ങൾ ഒരുമിച്ച് ദിവസവും അല്പനേരം പ്രാർഥിക്കാനും ഭക്ഷണം കഴിക്കാനും ഉല്ലസിക്കാനും സമയം കണ്ടെത്തണം. ആരോഗ്യപരമായ ആശയവിനിമയം നടത്താനും ഇതിലൂടെ അവർക്ക് സാധിക്കും എന്ന് നാം മനസ്സിലാക്കുക.

മക്കൾക്ക് അറിവും അനുഭവവും സന്തോഷവും പങ്കുവയ്ക്കാൻ സാധിക്കുന്ന ഇടമാകണം നമ്മുടെ ഭവനങ്ങൾ. കഴിഞ്ഞ കാലങ്ങളിൽ മുതിർന്ന മാതാപിതാക്കളുടെ സാന്നിധ്യത്തിൽ മക്കൾക്ക് അവരുടെ അനുഭവങ്ങൾ കഥകളിലൂടെയും ജീവിതാനുഭവത്തിലൂടെയും പങ്കുവയ്ക്കാൻ ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നു. മനുഷ്യത്വത്തിന്റെ മുഖങ്ങൾ ദൈവികമായിട്ടുള്ള കാഴ്ചപ്പാടുകൾ നന്മയുടെ വിജയകഥകൾ വിശുദ്ധിയുടെ പാഠങ്ങൾ ഇവയൊക്കെ പ്രായമായ മാതാപിതാക്കൾ മക്കൾക്ക് പകർന്നുതന്ന നിധികളാണെന്ന് നാം അറിയണം. ട്യൂഷൻ ക്ലാസിൽ നിന്ന് ലഭിക്കുന്നത് അറിവും മുതിർന്നവർ കാതിലോതി നൽകുന്നത് അനുഭവവും ആണെന്ന് ഓർക്കുക. ഇതുരണ്ടും ഇന്നത്തെ തലമുറയ്ക്ക് പകർന്നുനൽകിയാലേ കുടുംബ ജീവിതം യഥാർഥ ലക്ഷ്യത്തിൽ എത്തിച്ചേരുകയുള്ളൂ. ഒപ്പം സ്വന്തം ഭവനത്തിൽ മക്കൾക്ക് ഉള്ളുതുറന്ന് ചിരിക്കാൻ സാധിക്കുന്ന അവസരം കൊടുക്കണം. ഭവനത്തിൽ സന്തോഷം ലഭിക്കാത്തതിനാലാണ് ഇന്ന് പല യുവതീയുവാക്കളും സന്തോഷം ലഭിക്കാനായി മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ബൈക്കിലുള്ള കറക്കത്തിന്റെയും പ്രേമബന്ധത്തിന്റെയുമൊക്കെ പിന്നാലെ പോകുന്നത്. ജനിച്ചുവളർന്ന ഭവനത്തിൽ അവർക്ക് പ്രിയപ്പെട്ടവരുമൊത്ത് സന്തോഷത്തോടുകൂടി മനസ്സുതുറന്ന് ചിരിച്ച് ജീവിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണെന്നറിയുക. ഇത് ലഭിക്കാതെ വരുമ്പോഴാണ് സന്തോഷത്തിന്റെ ഭിക്ഷാപാത്രവുമെടുത്തുകൊണ്ട് മക്കൾ മറ്റുപലതിന്റേയും പിന്നാലെ പോകുന്നത്.

ആധുനിക ലോകത്തിൽ മാതാപിതാക്കൾ പ്രതീക്ഷിക്കാവുന്നതും അപ്രതീക്ഷിതവുമായിട്ടുള്ള ജീവിത സന്ദർഭങ്ങളെയും ആകുലതകളെയും അതിജീവിക്കുവാൻ മക്കളെ പ്രാപ്തരാക്കേണ്ടതാണ്. ആദ്യമായി ഇതിന് മാതാപിതാക്കൾ തന്നെ അവരുടെ ജീവിതത്തിലെ സമ്മർദ്ദങ്ങളെ ആരോഗ്യപരമായും ആനുപാതികമായും അഭിമുഖീകരിക്കുന്നതെങ്ങനെയെന്ന് ജീവിതത്തിലൂടെ കാണിച്ചുകൊടുക്കണം. ഇന്നത്തെ മക്കൾക്ക് ഇതിന്റെ അഭാവം കാരണം സമ്മർദ്ദങ്ങളുടെ മുമ്പിൽ പതറിപ്പോകുന്നുവെന്നത് നിത്യേന നാം കാണുകയാണ്, അറിയുകയാണ്.

പ്രായത്തിനാനുപാതികമായി മാതാപിതാക്കൾക്ക് മക്കൾക്ക് ധാർമിക-ലൈംഗിക വിദ്യാഭ്യാസവും നൽകുവാൻ കഴിയണം. നല്ല വിദ്യാഭ്യാസവും ആഹാരവും മക്കൾക്ക് നൽകുമ്പോഴും നമ്മുടെ നാട്ടിൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ കുറവ് ഇന്നത്തെ യുവജനങ്ങളുടെ പലപ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ടെന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നു. അമ്മ മകളേയും അപ്പൻ മകനേയും അവളുടെ/അവന്റെ വളർച്ചയിലുണ്ടാകുന്ന വൈകാരിക ശാരീരിക, മാനസിക, വികാര മാറ്റങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും ശരിയേത് തെറ്റേത് എന്ന് പഠിപ്പിക്കുകയും വേണം. ഇത് വളർച്ചയുടെ കാലഘട്ടത്തിൽ ശരിയായ തീരുമാനമെടുക്കാനും പക്വതയോടുകൂടെ ജനങ്ങളെ സമീപിക്കുവാനും വ്യക്തികളെ വ്യക്തികളായി കാണുവാനും പ്രാപ്തനാക്കുന്നു.

ഇന്നത്തെ തലമുറയ്ക്ക് ലക്ഷ്യബോധവും സ്വന്തം കാലിൽ നിൽക്കുവാനുള്ള ഇച്ഛാശക്തിയും സുരക്ഷിതത്വബോധവും കുറഞ്ഞുവരുന്നതായും മനശാസ്ത്രപഠനങ്ങൾ തെളിയിക്കുന്നു. ആകയാൽ ജീവിതലക്ഷ്യത്തെക്കുറിച്ചും ജീവിതവിജയത്തെക്കുറിച്ചും മനസ്സിലാക്കുകയും അവരെ സ്വയം പറക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യാൻ മതാപിതാക്കൾക്ക് കുടുംബത്തിൽ സാധിക്കണം. സ്വയം അംഗീകരിക്കുന്നവർക്ക് മറ്റുള്ളവരെ അംഗീകരിക്കാനും സമൂഹത്തിൽ ബഹുമാനത്തോടുകൂടി ജീവിക്കുവാനും സാധിക്കുമെന്ന് അറിയുക.

വെറുംകുടുംബത്തെ തിരുക്കുടുംബമാക്കുന്നത് ചിലരുടെ സാന്നിധ്യമാണ്. നസ്രത്തിലെ തിരുകുടുംബത്തെ തിരുക്കുടുംബമാക്കിയത് യേശുവിന്റെയും പരിശുദ്ധ മറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും സാന്നിധ്യമാണ്. അതുപോലെ നമ്മുടെ ഭവനങ്ങളിലും ഓരോ വ്യക്തികളും തിരുസാന്നിധ്യമായി മാറണം. മാതാപിതാക്കളുടെയും മക്കളുടെയും മറ്റുബന്ധുക്കളുടെയും സാന്നിധ്യം തിരുസാന്നിധ്യമായി മാറുകയാണെങ്കിൽ കുടുംബം അനുഗ്രഹമായി മാറും; സ്വർഗമായി മാറും. ഇതിനായി പ്രാർഥിക്കാം. ■



ലേഖനം

**കൊവിഡ് 19 കുടുംബ ബന്ധങ്ങളെ ആഴമായും അടിസ്ഥാനപരമായും സ്വാധീനിച്ചുവെന്ന് നാം കണ്ടു. കുടുംബ ജീവിതത്തിൽ കൊവിഡ് കാരണമുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഇനി കുടുംബജീവിതം കോവിഡിന് മുൻപും കോവിഡിന് ശേഷവും എന്ന് രണ്ടായി രേഖപ്പെടുത്തേണ്ടി വന്നിരിക്കുന്നു.**

# കോവിഡാനന്തര കുടുംബജീവിതം



ഫാ. ഡോ. എ.ആർ. ജോൺ

ഇന്ന്, മാറ്റങ്ങൾ അതിവേഗമാണ് സംഭവിക്കുന്നത്. അത് സ്വാഭാവികവും അനിവാര്യവുമാണ്. എന്നാൽ അവയെല്ലാം ചെന്ന് ഭവിക്കുന്നതാവട്ടെ കുടുംബങ്ങളിലാണ്. കൊവിഡ് 19 കുടുംബ ബന്ധങ്ങളെ ആഴമായും അടിസ്ഥാനപരമായും സ്വാധീനിച്ചുവെന്ന് നാം കണ്ടു. അത് കുടുംബങ്ങളിൽ സൃഷ്ടിച്ച മാറ്റങ്ങൾ അനവധിയാണ്. കുടുംബ ജീവിതത്തിൽ കൊവിഡ് കാരണമുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഇനി കുടുംബജീവിതം കോവിഡിന് മുൻപും കോവിഡിന് ശേഷവും എന്ന് രണ്ടായി രേഖപ്പെടുത്തേണ്ടി വന്നിരിക്കുന്നു.

മനഃശാസ്ത്രലോകം കാനഡയിൽ 3000 പേരിൽ ഒരു പഠനം നടത്തുകയുണ്ടായി. പഠനവിഷയം, കോവിഡ് മഹാമാരി കുടുംബങ്ങളിലും കുട്ടികളിലും ഉണ്ടാക്കിയ മാറ്റങ്ങളെപ്പറ്റിയായിരുന്നു. പഠനം തെളിയിക്കുന്നതാകട്ടെ, സാമൂഹിക അകലം പോലെ തന്നെ കുടുംബാംഗങ്ങളിലും വലിയ അകലം സൃഷ്ടിച്ചുവെന്നാണ്. ഗാർഹിക പീഡനം 18% വർധിച്ചു



**പഠനപ്രകാരം 44.3% കുട്ടികളിൽ പെരുമാറ്റ ദൂഷ്യങ്ങളും വൈകാരിക പ്രശ്നങ്ങളും കോവിഡ്കാലം സൃഷ്ടിച്ചു. അതുണ്ടാക്കാൻ പോകുന്ന ദൂരവ്യാപക ഭവിഷ്യത്തുകൾ നാം കാണാൻ പോകുന്നതേയുള്ളൂ.**

എന്ന് കണ്ടെത്തി. ജോലിനഷ്ടവും കൂലിനഷ്ടവും കുടുംബങ്ങളിലെ സാമ്പത്തികഭദ്രതയെ തകിടം മറിച്ചുവെന്ന് മാത്രമല്ല, അത് അവരെ കടക്കെണിയിലേക്കും മാനസിക സമ്മർദ്ദത്തിലേക്കും നയിച്ചു. ഒറ്റപ്പെടലിന്റെ, നഷ്ടത്തിന്റെ തകർച്ചയുടെ സംഭവവികാസങ്ങൾ പലരേയും രോഗികളാക്കിമാറ്റി. ശാരീരിക രോഗങ്ങൾകൊണ്ടും കോവിഡിന്റെ അനന്തര ഫലംകൊണ്ടും അല്ലാതെയും വന്ന് ഭവിച്ച ആരോഗ്യപ്രശ്നങ്ങൾ പലരെയും ഇന്നും മാറാരോഗികളാക്കി മാറ്റി. പലരും സ്വഭാവദൂഷ്യത്തിന്റെയും ലഹരിയുടെയും അടിമകളായി മാറി. കോവിഡിന് ശേഷം ലഹരി ഉപയോഗത്തിലും മദ്യപാനത്തിലും 27% ത്തിന്റെ ഉപയോഗവർധനവാണ് ഉണ്ടായത്. ഒരുവശത്ത് ജോലി ഇല്ലായ്മയും മറുവശത്ത് ലഹരിയുടെ അമിത ഉപയോഗം മൂലം ഉണ്ടാകുന്ന ഭവിഷ്യത്തുക്കളും കുടുംബബന്ധങ്ങളിൽ സൃഷ്ടിക്കുന്ന ആഘാതം വളരെ വലുതാണ്.

കോവിഡ് വളരെ ഏറെ ബാധിച്ച മറ്റൊരു ഭാഗം കുട്ടികളാണ്. കോവിഡ് അടിച്ചേല്പിച്ച ഏകാന്തതയും ഒറ്റപ്പെടലും നിഷ്ക്രിയത്വവും അടച്ചിരിക്കലും ഓൺലൈൻ ലോകവും കുട്ടികളുടെ പെരുമാറ്റത്തിലും ചിന്തയിലും വൈകാരികതലങ്ങളിലും മായ്ക്കാൻ കഴിയാത്തവിധമുള്ള മാനസിക മുറിവുകൾ സൃഷ്ടിച്ചു. പഠനപ്രകാരം 44.3% കുട്ടികളിൽ പെരുമാറ്റ ദൂഷ്യങ്ങളും വൈകാരിക പ്രശ്നങ്ങളും കോവിഡ്കാലം സൃഷ്ടിച്ചു. അതുണ്ടാക്കാൻ പോകുന്ന ദൂരവ്യാപക ഭവിഷ്യത്തുകൾ നാം കാണാൻ പോകുന്നതേയുള്ളൂ.

കോവിഡ്, കുടുംബാംഗങ്ങളിൽ സൃഷ്ടിച്ച മാനസിക പ്രശ്നങ്ങൾ നിരവധിയാണ്. സംശയരോഗം കൂടി, വിശ്വസ്തതയ്ക്ക് മാറ്റങ്ങൾ വന്നു, വിഷാദം, ഉത്കണ്ഠ, മാനസിക സമ്മർദ്ദം എന്നിവ കൂടി. ആത്മഹത്യാചിന്തകൾ വർധിച്ചു. കുടുംബാംഗങ്ങൾ പരസ്പരം അകലാനും ആക്രമിക്കാനും തുടങ്ങി. ഭയം, ദേഷ്യം താരതമ്യപ്പെടുത്തൽ, സ്നേഹക്കുറവ്, നിസ്സഹായത, അശുഭചിന്തകൾ, പ്രത്യാശയില്ലായ്മ എന്നിവ വർധിച്ചു. ഇതെല്ലാം കുടുംബത്തെ രോഗാവസ്ഥയിലാക്കി എന്നതാണ് സത്യം. കുടുംബജീവിതത്തിൽ ഒരാൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ ആ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും പ്രശ്നമായി മാറും. അതൊരു മനഃശാസ്ത്ര സത്യമാണ്.

കോവിഡാനന്തര കുടുംബജീവിതത്തെ മാറ്റിമറിച്ച മറ്റൊരു വില്ലൻ ആധുനിക സാമൂഹിക മാധ്യമങ്ങളാണ്. മാതാപിതാക്കളും മക്കളും അവരുടെ ആവശ്യങ്ങൾക്കും വിനോദത്തിനുമായി ഉപയോഗിച്ച് തുടങ്ങിയ നവമാധ്യമങ്ങൾ അവയുടെ അമിത ഉപയോഗം വഴി അവരെ തന്നെ നിയന്ത്രിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. നാം അവയെ നിയന്ത്രിക്കുന്നതിന് പകരം അവ നമ്മെ നിയന്ത്രിക്കുന്ന ദുരവസ്ഥയിൽ കുടുംബാംഗങ്ങൾ എത്തിയിരിക്കുകയാണ്.

ശരിയാണ്, സാമൂഹിക മാധ്യമങ്ങൾ നമ്മുടെ വേഗതകൂട്ടി, കാര്യങ്ങൾ എളുപ്പമാക്കി, നവമായ വിനോദങ്ങൾ സമ്മാനിച്ചു. എല്ലാം വിരൽത്തുമ്പിലെത്തിച്ചു. എന്നാൽ നാം ഓർക്കണം, അവ നമ്മെ അലസരാക്കി, ഒറ്റപ്പെടുത്തി, ഉറക്കംകെടുത്തി, കുറ്റബോധത്തിന് വിധേയരാക്കി, നല്ല സൗഹൃദങ്ങൾ ഇല്ലാതാക്കി, നിരാശയും പിരിമുറുക്കവും അസഹിഷ്ണുതയും സമ്മാനിച്ചു. ഒരുപിടി ശാരീരിക-മാനസിക ആത്മീയ പ്രശ്നങ്ങൾ ഒപ്പം നൽകി.

നമുക്കൊരു തെറ്റിദ്ധാരണയുണ്ട്, സാമൂഹികമാധ്യമങ്ങൾ നമ്മുടെ നിയന്ത്രണത്തിലാണെന്ന്. അല്ല, അവ നമ്മെ നാമാഗ്രഹിക്കാത്ത ഇടങ്ങളിലും പ്രവണതകളിലും പ്രലോഭനങ്ങളിലും പ്രശ്നങ്ങളിലും എത്തിക്കും എന്നതാണ് സത്യം. നമ്മിലൊരു കൃത്രിമലോകം സൃഷ്ടിക്കും.

ഇതിനെല്ലാം ഒരു പശ്ചാത്തലവും സമയവും സൗകര്യവും സാഹചര്യവും സൃഷ്ടിച്ചുനൽകി എന്നതാണ് കോവിഡ്-19 കാലഘട്ടം കുടംബങ്ങൾക്ക് നൽകിയ സംഭാവന.

ഇവയിൽ നിന്നെല്ലാം ഒരു മോചനം അനിവാര്യമാണ്. കുടുംബങ്ങളിലെ ഊഷ്മളതയും കെട്ടുറപ്പും ഭദ്രതയും തിരിച്ചെടുക്കേണ്ടിയിരിക്കുന്നു. കുടുംബങ്ങൾ വ്യക്തിത്വത്തിന്റെ മാഹാത്മ്യം വീണ്ടെടുക്കണം, പരസ്പരം വില കല്പിക്കണം സൗഹൃദത്തിന്റെയും ബന്ധങ്ങളുടെയും വില മനസ്സിലാക്കണം. സ്ക്രീൻ ടൈമിൽ നിന്നും റിയൽ ടൈമിലേക്ക് തിരിച്ചുവരണം. സാമൂഹിക മാധ്യമങ്ങൾ തീർത്ത കൃത്രിമ ലോകവലയത്തിൽ നിന്നും യഥാർത്ഥ സ്നേഹബന്ധങ്ങളിലേക്ക് മടങ്ങിവരണം. വ്യക്തികളെ കാണണം, സ്നേഹം പ്രകടിപ്പിക്കണം, ഒന്നിച്ചിരിക്കണം, ആശയങ്ങൾ പങ്കുവയ്ക്കണം, ചിരിക്കണം, നടക്കണം. സെൽഫികൾ എടുത്ത് സ്വന്തം ചിത്രം സ്വന്തമായിരുന്നാസ്വദിക്കുന്ന മാനസിക അവസ്ഥയിൽ നിന്നും മാറി മറക്കാനാവാത്ത കുടുംബങ്ങളുടെ മധുരോർമ്മകളെ താലോലിച്ച് കൂട്ടായ്മയിലും കൂട്ടായ പ്രവർത്തനങ്ങളിലേക്കും മടങ്ങിവരണം.

കോവിഡാനന്തര കുടുംബജീവിതം പഴയതുപോലെ ആകില്ല തന്നെ. എങ്കിലും നന്മകൾ കൈമോശം വന്നുകൂടാ; കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും അതിനുള്ള ഏറ്റവും നല്ല മാർഗവും, മറുമരുന്നും കുടുംബങ്ങളിൽ ഡിജിറ്റൽ ഫ്രീ ഫാമിലി ഔവർ പാലിക്കുക എന്നതാണ്. കുറച്ചു നാളുകളായി ഈ ചിന്തയും ആശയവും എന്റെ മനസ്സിൽ കയറിയിട്ട്. നാളുകൾ കഴിയുംതോറും പഠനവും വിചിന്തനവും കൂടുതലാകുംതോറും ഈ ആശയത്തിന്റെ പ്രസക്തി വർധിച്ചുവരുന്നതേയുള്ളൂ.

എന്താണ് കോവിഡാനന്തര കുടുംബജീവിതം പാലിക്കേണ്ട മാധ്യമമുക്ത കുടുംബമണിക്കൂർ? ഓരോ ദിനവും കുടുംബാംഗങ്ങൾ മുഴുവൻ ഒന്നിച്ചിരുന്ന് ചെയ്യേണ്ട മൂന്ന് കാര്യങ്ങളാണ് ഇതിൽ ഉള്ളത്; ദിവസവും കുടുംബാംഗങ്ങൾ ഒന്നിച്ച് ഒരു മണിക്കൂർ പ്രാർഥിക്കണം. പ്രാർഥന ഇല്ലാത്ത കുടുംബങ്ങളും പ്രാർഥന പാതിവഴിയിൽ കൈമോശം വന്നവരും മടങ്ങിവരണം കുടുംബങ്ങളുടെ ആത്മീയ ശക്തിയാണ് ഒന്നിച്ചിരുന്നുള്ള പ്രാർഥന.

രണ്ടാമതായി ഒന്നിച്ചിരുന്ന് ആഹാരം കഴിക്കണം. ആഹാരം ഒന്നിച്ചിരുന്ന് കഴിക്കുന്നതും പങ്കുവയ്ക്കുന്നതും ബന്ധം ദൃഢപ്പെടുത്തുകയും മനസ്സിനെ സ്വസ്ഥമാക്കുകയും ഏകാന്തതയിൽ നിന്നും നമ്മെ കരകയറ്റുകയും ചെയ്യും. ആഹാരം പങ്കുവയ്ക്കുന്നതും കൂട്ടായ്മയിൽ ഭക്ഷിക്കുന്നതും ഒരാത്മീയ അനുഭവമാണ്, ഒരു സൗഖ്യദായക പ്രവൃത്തിയാണ്.

മൂന്നാമതായി ഒന്നിച്ചിരുന്ന് സ്നേഹ സംഭാഷണം നടത്തണം. വേർപിരിഞ്ഞ അകൽച്ച വന്ന കുടുംബങ്ങളിൽ ഒരുകാര്യം പ്രകടമായി കാണാൻ കഴിയും; അതവരുടെ ആശയസമ്പർക്കത്തിന്റെ കുറവോ അഭാവമോ ആയിരിക്കും. ഓരോ ദിനത്തെയും ദൃഢമാക്കുന്നതും വ്യക്തിബന്ധങ്ങളെ ആഴപ്പെടുത്തുന്നതും മനസ്സിന്റെ ഭാരങ്ങൾ കുറച്ച് കുടുംബബന്ധങ്ങൾ ഊഷ്മളമാക്കുന്നതും പരസ്പരം സ്നേഹസംഭാഷണം നടത്തുക വഴിയാണ്.

അങ്ങനെ കോവിഡാനന്തര കുടുംബജീവിതവും വ്യക്തിബന്ധങ്ങളും ആഴമാക്കാൻ ഒരു ദിവസം ഒരു മണിക്കൂർ എല്ലാ മാധ്യമങ്ങളും മാറ്റിവച്ച് കുടുംബത്തിന്റെ സൗന്ദര്യം നമുക്ക് അനുഭവിക്കാം; ഒന്നിച്ച് പ്രാർത്ഥിക്കുകവഴി, ഒന്നിച്ചിരുന്ന് ഭക്ഷിക്കുകവഴി, ഒന്നിച്ചിരുന്ന് സ്നേഹസംഭാഷണങ്ങൾ നടത്തുക വഴി കോവിഡാനന്തര കുടുംബജീവിതം കുടുംബങ്ങളുടെ വസന്തകാലം മടക്കിക്കൊണ്ടുവരാനുള്ള കാലമാകട്ടെ. ■



## അനുഭവം



*ബിനോജും ഭാര്യ ബൃന്ദയും മക്കളായ അൽഫോൺസാ മരിയ, മറിയം തെരേസ, മേരി മഗ്ദലേന, ഫ്രാൻസിസ് ജോസഫ്, ബനഡിക്ട് ജോസഫ്, റോസ് മരിയ എന്നിവരോടൊപ്പം*

**കോവിഡ് ശേഷിപ്പുകൾ വല്ലാത്തൊരു അരക്ഷിതാവസ്ഥയാണ് ഇന്ന് ലോകത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ശാരീരികവും മാനസീകവും ആത്മീയവുമായ ഇടങ്ങളിലെല്ലാം ഇത് ദൃശ്യമാണ്. ചിലരെങ്കിലും ഇത്തരമൊരു പ്രതിസന്ധിഘട്ടത്തെ അതിജീവിച്ചിട്ടുമുണ്ട്. അതിനവരെ പ്രാപ്തരാക്കിയത് മക്കളും, മക്കളോടുള്ള കരുതലുമാണ്. അത്തരം ഒരു കുടുംബത്തിന്റെ കഥപറയുകയാണ് ജീവനും വെളിച്ചത്തിനും വേണ്ടി ബ്ര. സാലു സിൽവയ്യൻ**

# ആറുമക്കളും കോവിഡുകാല കുടുംബ ജീവിതവും



**ബ്ര. സാലു സിൽവയ്യൻ**

കോവിഡ്-കോവിഡാനന്തര കാലഘട്ടത്തിന്റെ വല്ലായ്മകളെയും ഇല്ലായ്മകളെയും സംതൃപ്തിയോടെയും അതിലേറെ ഉത്കണ്ഠയോടെയും നോക്കിക്കാണുകയാണ് ബിനോജും ഭാര്യ ബൃന്ദയും. കോവിഡ് കാലഘട്ടത്തിന്റെ വല്ലായ്മയ്ക്ക് നടുവിലും സന്തോഷകരമായ ഒരു കുടുംബജീവിതം നയിക്കാൻ തങ്ങളെ പ്രാപ്തരാക്കിയത് ദൈവാനുഗ്രഹവും മക്കളുടെ സഹകരണവുമാണെന്ന് അവർ സ

ന്തോഷത്തോടെ സമർത്ഥിക്കുന്നു.

കോവിഡ് കാലഘട്ടത്തിൽ സംഭവിച്ചുപോയ വിശ്വാസശോഷണത്തെ എങ്ങനെ തരണം ചെയ്യാൻ കഴിഞ്ഞുവെന്നതാണ് ആറുമക്കളുടെ പിതാവായ ബിനോജിനോടും ഭാര്യ ബൃന്ദയോടും ചോദിച്ച പ്രധാന കാര്യം. കോവിഡ്കാല കുടുംബ ജീവിതത്തെക്കുറിച്ച് ഈ സന്തുഷ്ടകുടുംബം ഇങ്ങനെ പ്രതികരിക്കുന്നു:

മനുഷ്യനേത്രത്തിന് ദൃശ്യമാകാത്ത ഒരു കുഞ്ഞൻ വൈറസ് ലോകത്തെ ഭരിക്കാൻ തുടങ്ങി ദിനങ്ങളും നാളുകളും വർഷങ്ങളും കഴിഞ്ഞു, കോവിഡൊക്കെ കുറഞ്ഞ് അല്പമൊന്നു ശ്വാസം വിടാൻ തുടങ്ങിയിട്ടേയുള്ളൂ. കോവിഡിന്റെ ചൂടൊക്കെ കുറഞ്ഞ് നിയന്ത്രണങ്ങളൊക്കെ മാറിവരുന്ന ഈ കാലഘട്ടം വലിയൊരു സ്വാതന്ത്ര്യം ലഭിച്ചതുപോലെയാണ് അനുഭവപ്പെടുന്നത്. അടഞ്ഞുകിടന്ന ദൈവാലയങ്ങൾ തുറന്നതും കുടുംബം ഒന്നിച്ച് ദൈവലയത്തിൽ പോകാനും, പുറത്തിറങ്ങാനുമൊക്കെ വലിയൊരു സ്വാതന്ത്ര്യം കിട്ടിയതുപോലെ തോന്നുന്നു.

വിശ്വാസ ജീവിതത്തിൽ കോവിഡ് വരുത്തിയ ആശങ്കകളും ആകുലതകളുമാണ് ഞങ്ങളെ വല്ലാതെ ഭയപ്പെടുത്തിയത്. ഒരുമിച്ച് ദൈവാലയത്തിൽ ദിവ്യബലിക്ക് പങ്കെടുത്തിരുന്ന ഞങ്ങളെ സംബന്ധിച്ചിടത്തോളം ദൈവാലയവാതിലുകൾ അടച്ചത് ഉൾക്കൊള്ളാൻ വലിയ പ്രയാസമായിരുന്നു. മക്കളുടെ വിദ്യാഭ്യാസത്തേക്കാളും ഞങ്ങളെ ആശങ്കയിലേക്ക് നയിച്ചത് അവരുടെ വിശ്വാസജീവിതമായിരുന്നു. നമ്മുടെ അതിരൂപതാ അജപാലന ശുശ്രൂഷയും, ഇടവകയും മതബോധന ക്ലാസുകളൊക്കെ വേണ്ട രീതിയിൽ ക്രമീകരിച്ചു. ഒന്നിച്ചിരുന്ന് കുടുംബ പ്രാർത്ഥനയിൽ പങ്കുചേരുന്നതിലൂടെയും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലൂടെയും വിശ്വാസത്തിൽ ആഴപ്പെടാൻ മഹാമാരിക്കാലത്ത് സാധിച്ചു.

മഹാമാരിക്കാലത്തെ മക്കളുടെ ഓൺലൈൻ പഠനത്തിന് ചില പോരായ്മകളുണ്ട്. പലപ്പോഴും ക്ലാസുകൾക്ക് തുടർച്ച കിട്ടാറില്ല. ഇന്റർനെറ്റിന്റെ പ്രശ്നം മൂലം ചില ക്ലാസുകളൊക്കെ നഷ്ടമായി. ക്ലാസ്നോട്ട് എഴുതുന്നതിന്റെ ബുദ്ധിമുട്ടുകൾ, കൂട്ടുകാരുമായി അടുത്തിരുന്ന് ഇടപഴകി സംസാരിക്കാൻ കഴിയാത്തതിനാൽ കുട്ടികൾക്ക് അതിയായ വിഷമമുണ്ടായിരുന്നു. എങ്ങനെയെങ്കിലും സ്കൂളിൽ പോകണമെന്നതായിരുന്നു അവരുടെ ചിന്ത. അത്തരം രീതിയിൽ നോക്കികാണുമ്പോൾ കോവിഡ്കാലത്തെ ഓൺലൈൻ വിദ്യാഭ്യാസം വലിയ തോതിൽ ഫലപ്രദമായിരുന്നില്ല. ഇന്റർനെറ്റ് സംവിധാനങ്ങൾ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടിവരുന്ന സമയങ്ങളിൽ ഞങ്ങൾ അതീവ ജാഗ്രത പുലർത്തിയിരുന്നു. ഒരിക്കലും അടച്ചിട്ട മുറിയിലിരുന്ന് കുട്ടികളെ കംപ്യൂട്ടർ ഉപയോഗിക്കാൻ അനുവദിച്ചിരുന്നില്ല. എല്ലാവരും കാണത്തക്കരീതിയിലാണ് വീട്ടിൽ കംപ്യൂട്ടർ ക്രമീകരിച്ചിരുന്നത്. ക്ലാസിന്റെ ദൈർഘ്യം അറിയാവുന്നതുകൊണ്ട് ഇടയ്ക്കുപോയി നോക്കാനും ശ്രദ്ധചെലുത്താനുമൊക്കെ കഴിഞ്ഞിട്ടുണ്ട്.

വീട്ടിൽ ആറ് കുട്ടികൾ ഉള്ളതുകൊണ്ടുതന്നെ കോവിഡിന്റെ സമയത്ത് അവർക്ക് വലിയ വിരസത അനുഭവപ്പെട്ടതായി ഓർമയില്ല. ടി.വിയുടെ അഭാവത്തിൽപ്പോലും പരസ്പരം ഒന്നിച്ച് വിനോദത്തിലേർപ്പെടാനും സംസാരിക്കാനും അവരുടെ കലാപരമായ കഴിവുകളൊക്കെ വളർത്താൻ സാധിച്ചു. പാട്ടുകളും ചെറിയ സ്കിറ്റുകളുമൊക്കെ അവർ സ്വന്തമായി ചെയ്യുമായിരുന്നു. വീട്ടിലെ ചെടികളെ പരിപാലിക്കുന്നതിലും പരസ്പരം സൗഹൃദം പങ്കിടുന്നതിലും അവർ ആനന്ദം കണ്ടെത്തുമായിരുന്നു.

കോവിഡൊക്കെ മാറി പ്രത്യാശയുടെ നല്ല നാളുകൾ തെളിഞ്ഞുവരുന്നു. നിയന്ത്രണങ്ങൾ എടുത്തുമാറ്റിയിട്ടുപോലും ഇന്നും നമ്മുടെ പല ദൈവാലയങ്ങളിലും ആളുകളുടെ എണ്ണം കുറവാണ് എന്നുള്ള വസ്തുത യാഥാർത്ഥ്യമാണ്. കോവിഡ് വരുത്തിയ ശാരീരികവും, മാനസികവും സാമ്പത്തികവുമായ പ്രതിസന്ധികളൊക്കെ നമുക്ക് അതിജീവിക്കാം. എന്നാൽ വിശ്വാസത്തിന്റെ മേഖലയിലെ പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യുമെന്നുള്ള വലിയ ചോദ്യം നമ്മെ നോക്കി കണ്ണുരുട്ടുന്ന കാലഘട്ടത്തിലാണ് നാം. മങ്ങിപ്പോയ നമ്മുടെ ആത്മീയതയുടെ തിരിയിൽ പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും എണ്ണ പകരാം... കോവിഡ് 19 ന്റെ വ്യാപനം ഏറെക്കുറെ കുറഞ്ഞിട്ടുണ്ടെങ്കിലും വേണ്ടത്ര ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതുണ്ട്. കോവിഡാനന്തര കാലഘട്ടത്തിൽ ശ്രദ്ധയോടും കരുതലോടും നമുക്ക് ജീവിക്കാം. ■



# ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



## ജൂൺ 6 ആനി മസ്ക്രീൻ ജന്മദിനം

# തിരുവിതാംകൂർ സമരചരിത്രത്തിലെ വീരനായിക

തിരുവിതാംകൂർ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിപോരാളിയും കറകളഞ്ഞദേശ സ്നേഹിയും ആദർശനിഷ്ഠയുടെ ആൾരൂപവുമായിരുന്നു കേരളത്തിന്റെ ഝാൻസിറാണി എന്നറിയപ്പെടുന്ന കുമാരി ആനിമസ്ക്രീൻ. അധികാര രാഷ്ട്രീയത്തിന്റെ അകത്തളത്തിൽ നിലകൊണ്ടപ്പോഴും അഴിമതിയുടെ കറപുരളാത്ത ആദരണീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അവർ. തിരുവിതാംകൂറിന്റെ രാഷ്ട്രീയ നഭസ്സിൽ തിളങ്ങി നിന്ന ആനിമകസ്ക്രീന് ഝാൻസി റാണി എന്ന വിശേഷണം ചാർത്തിക്കൊടുത്തത് പ്രമുഖ അഭിഭാഷകനായിരുന്ന മള്ളൂർ ഗോവിന്ദപ്പിള്ളയാണ്. ഈ ഉജ്ജ്വല നക്ഷത്രത്തെപ്പറ്റി ആധുനികതലമുറക്ക് വേണ്ടത്ര അറിവുണ്ടാകുമെന്ന് തോന്നുന്നില്ല.

തിരുവനന്തപുരം വഴുതക്കാട് ഗവൺമെന്റ് വിമൻസ് കോളേജിനടുത്ത് 1902 ജൂൺ 6-ാം തീയതിയാണ് ജനിച്ചത്. ഗബ്രിയേലും മറിയവുമായിരുന്നു മാതാപിതാക്കൾ. ഹോളി എയ്ഞ്ചൽസ് ഹൈസ്കൂളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ഗവൺമെന്റ് വിമൻസ് കോളേജ്, മഹാരാജാസ് കോളേജ് (യൂണിവേഴ്സിറ്റി കോളേജ്) ഗവൺമെന്റ് ആർട്സ് കോളേജ് എന്നീ കലാലയങ്ങളിൽ പഠിച്ച് എം.എ ഡിഗ്രി നേടി. തുടർന്ന് ശ്രീലങ്കയിലെ കൊളംബോ സംഘമിത്ര കോളേജിൽ അദ്ധ്യാപികയായി സേവനം ചെയ്തു. തിരികെ നാട്ടിൽ മടങ്ങിയെത്തി, ഗവൺമെന്റ് ലോകോളേജിൽ നിയമപഠനം നടത്തി. ബി.എൽ.ബിരുദം കരസ്ഥമാക്കി. തിരുവനന്തപുരത്ത് വഞ്ചിയൂർ കോടതിയിൽ സ്വതന്ത്രയായി പ്രാക്ടീസ് തുടങ്ങി; കുറച്ചു നാളുകൾ കൊണ്ടു പ്രഗത്ഭ അഭിഭാഷകയെന്ന് പേരെടുത്തു. ഒപ്പം പൊതു പ്രവർത്തന രംഗ

ത്ത് സജീവമാവുകയും ജനശ്രദ്ധനേടിയെടുക്കുകയും ചെയ്തു. അഖില തിരുവിതാംകൂർ ലത്തീൻ ക്രിസ്ത്യൻ മഹാജനസഭ എന്ന സമുദായ സംഘടനയിൽ സജീവ പ്രവർത്തകയായി. ഹബീബുള്ള ദിവാൻ തിരുവിതാംകൂറിലെ ലത്തീൻ കത്തോലിക്കരെയും മുസ്ലീങ്ങളെയും അധഃകൃതവർഗ്ഗമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിൽ പ്രതിഷേധിച്ച് സംഘടിപ്പിക്കപ്പെട്ട പ്രക്ഷോഭത്തിന്റെ മുൻനിരയിൽ ആനിമസ്ക്രീനും ഉണ്ടായിരുന്നു. ശക്തമായ പ്രക്ഷോഭം ഉയർന്നതോടെ ഈ ഉത്തരവ് ദിവാന് പിൻവലിക്കേണ്ടിവന്നു. 1936 ൽ അഖില തിരുവിതാംകൂർ ലത്തീൻ ക്രിസ്റ്റ്യൻ മഹാജന സഭയുടെ സെക്രട്ടറിയായും ആനി പ്രവർത്തിച്ചു.

1938 ഫെബ്രുവരി 23 ന് തിരുവനന്തപുരത്ത് പുളിമൂട്ടിലുള്ള രാഷ്ട്രീയ ഹോട്ടലിൽ സി.വി.കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിക്ക് രൂപം നല്കി. പട്ടം താണുപിള്ള പ്രസിഡന്റും കെ.റ്റി.തോമസ്, പി.എസ്.നടരാജ പിള്ള എന്നിവർ സെക്രട്ടറിമാരായും ആനി മസ്ക്രീൻ ഏക വനിതാ മെമ്പറുമായ ഒരു സമിതി നിലവിൽ വന്നു. മഹാരാജാവിന്റെ അധികാരത്തിൻ കീഴിൽ ഉത്തരവാദ ഭരണം നേടിയെടുക്കുന്നതിനുവേണ്ടി പ്രക്ഷോഭം നടത്തുകയാണ് സംഘടനയുടെ ലക്ഷ്യമെന്ന് പട്ടംതാണുപിള്ള യോഗത്തിൽ വ്യക്തമാക്കി. തുടർന്നങ്ങോട്ടുള്ള സ്റ്റേറ്റ് കോൺഗ്രസ്സിന്റെ എല്ലാ യോഗങ്ങളിലും ആനിമസ്ക്രീൻ സജീവ പങ്കാളിത്തം വഹിക്കുകയും തിരുവനന്തപുരത്തും ചുറ്റുപാടുകളിലും സംഘടിപ്പിക്കപ്പെട്ട യോഗങ്ങളിൽ തീപാറുന്ന പ്രസംഗങ്ങൾ നടത്തി ജനശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തു.

സി.നാരായണപിള്ളയുടെ 'തിരുവിതാംകൂർ സ്വാതന്ത്ര്യ സമരചരിത്രം,' എന്ന ഗ്രന്ഥത്തിൽ ആനി മസ്ക്രീന്റെ മഹിത ജീവിതത്തെ അനുസ്മരിക്കുന്നുണ്ട്. "സ്റ്റേറ്റ് കോൺഗ്രസിന്റെ ആരംഭകാലം മുതൽ അതിനോട് ബന്ധപ്പെട്ട് അവസാനംവരെ ഉറച്ചുനിന്ന് പ്രവർത്തിച്ച തിരുവിതാംകൂറിലെ ഏക വനിത ആനിമസ്ക്രീനായിരുന്നു. തിരുവിതാംകൂറിലെ അഭ്യസ്തവിദ്യരായ സ്ത്രീകൾ രാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിക്കുന്നത് കുലീനതക്കും മാന്യതയ്ക്കും ഹാനികരമാണെന്ന് വിശ്വസിക്കുകയും എല്ലാ രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽ നിന്നും അകന്ന് നിൽക്കുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ നിർഭയം മുന്നോട്ട് വന്ന് ഭാവിയെയോ ഭവിഷ്യത്തുകളെയോ പറ്റി, യാതൊരു പരിഗണനകളും കൂടാതെ ഗവൺമെന്റിനെ എതിർക്കുന്ന ഒരു സംഘടനയിൽ അംഗമായി ചേരുകയും ജയിൽവാസം വരിയ്ക്കുകയും ചെയ്തതിനുള്ള പ്രശസ്തി അവർക്ക് മാത്രമുള്ളതാണ്." ഉത്തരവാദിത്വഭരണത്തിനുവേണ്ടിയുള്ള പ്രക്ഷോഭം തിരുവിതാംകൂറിൽ കൊടുമ്പിരികൊണ്ടിരുന്ന സമയത്ത് വനിതാ നേതാവായിരുന്ന ആനി മസ്ക്രീന് നേരെ സി.പി.യുടെ കടന്നാക്രമണമുണ്ടായി. നടുറോഡിൽ വച്ച് ആനിസ്ക്രീന്റെ ഉടതുണി ഉരിഞ്ഞ് മാറ്റാൻ സി.പി.യുടെ ഗുണ്ടകൾ ധൈര്യം കാട്ടി.



**ജീവിത ക്ലേശങ്ങളാലും രോഗങ്ങളാലും അവശയായി 1963 ജൂലൈ 19 ന് 61-ാം വയസ്സിൽ തിരുവനന്തപുരം ജനറലാശുപത്രിയിൽ വച്ച് ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപമായ ആനിമസ്ക്രീൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.**

സർക്കാർ ജീവനക്കാരായ സഹോദരനെയും സഹോദരിയെയും ആനിമസ്ക്രീനോടുള്ള പക തീർക്കാനെന്നോണം ദൂരെ നാടുകളിലേക്ക് സ്ഥലം മാറ്റി. 1938 ഏപ്രിൽ 29 ന് രാത്രി വൃദ്ധയായ അമ്മയും ആനി മസ്ക്രീനും മാത്രം ഭവനത്തിലുണ്ടായിന്നപ്പോൾ വീട്ടുസാധനങ്ങളും വസ്ത്രങ്ങളും ബിരുദസർട്ടിഫിക്കറ്റുൾപ്പെടെ കവർച്ചക്കാർ കൊണ്ടുപോയി. ആനിമസ്ക്രീൻ രാത്രി തന്നെ പാളയം പോലീസ് സ്റ്റേഷനിലെത്തി. പരാതി രേഖാമൂലം നല്കാനാവശ്യപ്പെട്ട് അവരെ മടക്കി അയച്ചു. പരാതി രേഖാമൂലം നല്കിയിട്ടും യാതൊരു ഫലവും കണ്ടില്ല. ആനിമസ്ക്രീനെതിരെ നടന്ന ക്രൂരമായ ആക്രമണത്തെ അപലപിച്ച് ഗാന്ധിജി 1939 ഫെബ്രുവരി 18 ലെ 'ഹരിജനിൽ' എഴുതുകയുണ്ടായി.

സി.പി.യുടെ മർദ്ദക ഭരണത്തിനെതിരെ ചിറയിൻകീഴിലും കാട്ടാക്കടയിലും നടത്തിയ പ്രസംഗത്തിന്റെ പേരിൽ 1938 നവംബർ 13-ാം തീയതി രാജ്യദ്രോഹക്കുറ്റം ചുമത്തി ആനിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. 18 മാസത്തെ ജയിൽവാസവും ആയിരം രൂപ പിഴയും ചുമത്തി. ജയിൽ മോചിതയായ ആനി വാർദ്ധയിലെത്തി 7 മാസം അവിടെ താമസിച്ചു. ദേശീയ നേതാക്കളുമായി അടുത്ത് പരിചയപ്പെടാൻ ഇക്കാലയളവിൽ കഴിഞ്ഞു. തിരികെ തിരുവിതാംകൂറിലെത്തി ദുർഭരണത്തിനെതിരെ ആവേശത്തോടെ പ്രവർത്തിച്ചു. 1942 ആഗസ്റ്റ് മാസം 30-ാം തീയതി വീണ്ടും അവർ ജയിലഴിക്കുള്ളിലായി. രണ്ടുകൊല്ലത്തെ കഠിന തടവനുഭവിച്ച് പുറത്തിറങ്ങിയ ആനിയെ 1944 സെപ്റ്റംബർ 9-ാം തീയതി സ്റ്റേറ്റ്

കോൺഗ്രസ് സെക്രട്ടറിയായി തെരഞ്ഞെടുത്തു. കുട്ടനാട് നടന്ന സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ വീണ്ടും അവരെ അറസ്റ്റ് ചെയ്തു. മൂന്ന് മാസത്തെ ജയിൽ വാസത്തിനുശേഷം മോചിതയായി.

1946 ഒക്ടോബറിൽ പുന്നപ്ര വയലാറിൽ സി.പി.യുടെ പട്ടാളം നടത്തിയ നരനായാട്ടിനെയും കൂട്ടക്കൊലപാതകത്തെയും അപലപിക്കാൻ മുന്നോട്ടുവന്ന ചുരുക്കം ചില കോൺഗ്രസ് നേതാക്കളിൽ ഒരാളായിരുന്നു ആനി മസ്ക്രീൻ.

1948 ൽ സ്റ്റേറ്റ് ലജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ആനിമസ്ക്രീൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. തൊട്ടടുത്ത വർഷം സ്റ്റേറ്റ് ലജിസ്ലേറ്റീവ് അസംബ്ലിയിൽ നിന്ന് കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടനയുടെ കരട് രേഖയിൽ ഒപ്പ് വച്ച ഏക തെക്കേന്ത്യൻ വനിതകൂടിയായിരുന്നു ആനിമസ്ക്രീൻ. പറവൂർ റ്റി.കെ.നാരായണപിള്ള മന്ത്രിസഭയിൽ ആരോഗ്യ ഊർജ്ജ വകുപ്പുകളുടെ ചുമതലയേറ്റ ആനി അങ്ങനെ തിരുവിതാംകൂറിലെ ആദ്യവനിതാ മന്ത്രിയുമായി. ആറുമാസക്കാലം മാത്രം ദീർഘിച്ച മന്ത്രിപദം മുഖ്യമന്ത്രിയുമായും പാർട്ടിയുമായുമുണ്ടായ അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് 1950 ജനുവരി 3-ാം തീയതി രാജിവച്ചു. അഴിമതിക്കും അനീതിക്കും സ്വജനപക്ഷപാതത്തിനുമെതിരായി അവർ സ്വീകരിച്ച വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ ധാരാളം ശത്രുക്കളെ സമ്പാദിച്ചുകൊടുത്തു. 1952 ൽ തിരുവനന്തപുരം പാർലമെന്റ് സീറ്റിൽ സ്വതന്ത്രയായി മത്സരിച്ചപ്പോൾ വൻഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. 1957 വരെ ലോകസഭാംഗമായി പ്രവർത്തിച്ചു. തുടർന്ന് നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരരംഗത്ത് ഉണ്ടായിരുന്നുവെങ്കിലും പരാജയപ്പെട്ടതിനെ തുടർന്ന് സജീവ രാഷ്ട്രീയം ഉപേക്ഷിച്ച് വിശ്രമ ജീവിതം നയിച്ചു.

അവസാന നാളുകളിൽ താൻ സ്നേഹിച്ച പ്രസ്ഥാനമോ, ആരാധകരോ, അനുയായികളോ ആരും ആനിയെ ത്തേടിയെത്തിയില്ല. ജീവിത ക്ലേശങ്ങളാലും രോഗങ്ങളാലും അവശയായി 1963 ജൂലൈ 19 ന് 61-ാം വയസ്സിൽ തിരുവനന്തപുരം ജനറലാശുപത്രിയിൽ വച്ച് ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപമായ ആനിമസ്ക്രീൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

തിരുവനന്തപുരം ലത്തീൻ അതിരൂപത മുൻകൈയെടുത്ത് രൂപീകരിച്ച സമിതിയുടെ നേതൃത്വത്തിൽ ആനിമസ്ക്രീന്റെ പൂർണ്ണകായ പ്രതിമ വഴുതക്കാട് കുടുംബവീട്ടിന് അടുത്ത് ഗവൺമെന്റ് വിമൻസ് കോളേജിന് മുൻവശത്ത് മുൻ ഉപരാഷ്ട്രപതി ഡോ.മുഹമ്മദ് ഹമീദ് അൻസാരി 2014 സെപ്റ്റംബർ 11 ന് അനാഛാദനം ചെയ്തു. ■



*പള്ളിത്തുറ ഇടവക നിർമിച്ചുനൽകിയ മരിയൻ ഭവനത്തിന്റെ താക്കോൽദാനം ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ നിർവഹിക്കുന്നു*

# പള്ളിത്തുറ മരിയൻഭവന്റെ താക്കോൽദാനം നടത്തി

കഴക്കൂട്ടം: പള്ളിത്തുറ ഇടവക നിർമിച്ചുനൽകുന്ന മരിയൻ ഭവനത്തിന്റെ താക്കോൽദാനവും പള്ളിത്തുറ എച്ച്എസ്എസ് പുറത്തിറക്കുന്ന 'ചിമിഴ്' മാഗസിന്റെ പ്രകാശനവും തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ നിർവഹിച്ചു. ഇടവക വികാരി ഫാ. ലെനിൻ ഫെർണാണ്ടസ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. പള്ളിത്തുറ എച്ച് എസ് എസ് പ്രിൻസിപ്പൽ പി.എസ്. ഫ്രാൻസിസ്, എം.എം. മെറീന റോബി, പിടിഎ. പ്രസിഡന്റ് ബോണിഫെസ് ഫെർണാണ്ടസ്, സ്റ്റാഫ് സെക്രട്ടറി ബാബു ലൂയിസ് , പാരിഷ് കൗൺസിൽ പ്രതിനിധി ജെറി പെരേര, രാജു മായാദാസൻ, ഉദയകുമാർ തുടങ്ങിയവർ പങ്കെടുത്തു. പള്ളിത്തുറ മേരി മഗ്ദലന ദേവാലയത്തിലെ തിരുനാളിന്റെ ഭാഗമായി എല്ലാവർഷവും ഇടവക നിർമിച്ചുനിൽക്കുന്ന വീട് ഇത്തവണ ലഭിച്ചത് ഡാറസ് ഡോൺബോസ്കോ ദമ്പതികൾക്കാണ്.

കവിത



# വടിയും കുറേ സ്വരവ്യഞ്ജനങ്ങളും



വടി
പഠിച്ചുപഠിച്ചു പഠിപ്പിക്കാൻപഠിച്ച്
പഠിക്കാൻ മറന്ന ജീവിതപരസ്യം
വ്യവസ്ഥകളുടെ ട്രയാംഗിൾ വരച്ച്
കുടിയിരുത്തീ അക്ഷരങ്ങളെ
സ്വരാക്ഷരങ്ങൾ
ആശംസ കേൾക്കുന്നവർ
ദേവകിന്നരഗന്ധർവ ഗീതികൾ
പ്രണവമന്ത്രാക്ഷര രാഗവീചികൾ.
വ്യഞ്ജനാക്ഷരങ്ങൾ
തലയെണ്ണലിന്റെ വിളിപ്പേരുകൾ
താങ്ങില്ലാത്ത കനൽരൂപികൾ
എണ്ണത്തിൽ കൗരവർ
ക്ലാസിലെ പിന്നാമ്പുറത്തെ
വക്കൊടിഞ്ഞ ബഞ്ചിൽ ഒതുങ്ങിക്കൂടിയവർ
കഞ്ഞിപ്പുരയിലെ ഭീമന്മാർ
വഴിയിൽ കിളികളോട് കിന്നരിച്ചവർ
ഓണത്തുമ്പിയെ കൈകൊട്ടിവിളിച്ചവർ
പുഴകളെ കടലിനെ
കരൾകൊണ്ട് സ്നേഹിച്ചവർ
വടി
എസ്എംഎസ് പരതുമ്പോൾ
ചർച്ചയ്ക്ക് കലഹിക്കുന്നു വാക്കുകൾ
അസൈൻമെന്റ്, ഡിബേറ്റ്,
സ്വരാക്ഷരങ്ങളുടെ ചുമട്ടുശീലങ്ങൾ
കംപ്യൂട്ടറിന്റെ ഹൃദയംതൊട്ടുവാങ്ങിയ
തുടർമൂല്യനിർണയരേഖകൾ
വടിവുള്ള അച്ചടിമഷി
വിലകൂടിയ കടലാസ്
ഇരുപതിനിരുപത്
പിന്നിലൊന്നുമറിയാതെ വ്യഞ്ജനങ്ങൾ
പാവം പുഴുക്കുഞ്ഞുകൾ
വടിയിൽനിന്നും അഗ്നേയാസ്ത്രങ്ങൾ
കർണ്ണപുടം തുളയ്ക്കുമ്പോൾ
വാവിട്ടുകരയുന്നവർ
വടി കൂർക്കംവലിക്കുമ്പോൾ
ജനലിലൂടെ തടിതപ്പുന്ന സ്വരങ്ങൾ
പക്ഷേ,
മനംകണ്ട മാവുകൾ, നോവറിഞ്ഞ തുമ്പകൾ
തേൻകിനിഞ്ഞ പൂവുകൾ
ഋതുരാഗപ്പക്ഷികൾ
മന്ദാരംതളിരിട്ട മേടുകൾ
ഒക്കെയും വിളിച്ചോതി:
പറഞ്ഞയയ്ക്കൂ വ്യജ്ഞനങ്ങളെ
കൊഴിയാത്ത മാമ്പഴക്കാലങ്ങളെ!!!





ലോറൻസ് ഫെർണാണ്ടസ്










# സേവനപാതയിൽ നിന്നുള്ള കെഎസ്ആർടിസിയുടെ പരിണാമം



അഗസ്റ്റിൻ കണിപ്പിള്ളി

വികസനം ഒരു പ്രതിഭാസം തന്നെയാണു കേട്ടോ? എന്തുകൊണ്ടെന്നാൽ അതിന് അനുകൂലികളും പ്രതികൂലികളുമുണ്ട്. വികസനം എന്ത്? എങ്ങനെ? എപ്പോൾ? എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വ്യക്തമായ ഒരു കാഴ്ചപ്പാടില്ലാതെ പോകുന്നതുകൊണ്ടാണ് അനുകൂല പ്രതികൂല ഘടകങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ഒരു നാണയത്തിന് രണ്ടുവശങ്ങളുള്ളതുപോലെ വികസന വിഷയത്തിലും രണ്ട് അഭിപ്രായങ്ങൾ ഉണ്ടാകാം. അത്തരം അഭിപ്രായങ്ങളെ ആശയവിനിമയത്തിലൂടെ സ്ഫുടം ചെയ്തെടുത്ത് നടപ്പാക്കാൻ കഴിയുമ്പോഴാണ് നാട് വികസിതമാകുന്നത്. മറിച്ച്, അഭിപ്രായ രൂപീകരണത്തിന് അവസരം നൽകാതെ അനുകൂലികളോ പ്രതികൂലികളോ നിലപാടെടുത്താൽ അത്

നാടിനും നാട്ടാർക്കും ദോഷമേ ചെയ്യൂ. ഇപ്പറഞ്ഞുവന്നത് സിൽവർലൈനി നെക്കുറിച്ച് മാത്രമല്ല, സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഏപ്രിൽ ഒന്നുമുതൽ നട പ്പിലാക്കിത്തുടങ്ങിയ പുതിയ മദ്യന യം, കെഎസ്ആർടിസി പ്രതിസന്ധി, നിത്യോപയോഗ സാധനങ്ങളുടെ വില വർധനവ്, തൊഴിലില്ലായ്മ തുടങ്ങി എല്ലാ വിഷയങ്ങൾക്കും ഇത് ബാധ കമാണ്.

എന്തിനെയും വികസന കാഴ്ച പ്പാടോടെ കാണണം. അതാണ് നമ്മുടെ തീവ്രനിലപാട്. അതുകൊ ണ്ടുതന്നെ ആനവണ്ടികളിൽ അതാ യത്, കെഎസ്ആർടിസി ലോ ഫ്ളോർ ബസുകളിൽ ക്ലാസുകൾ തുടങ്ങാമെന്ന ആശയത്തെ വികസന കാഴ്ചപ്പാടോടെ വേണം കാണാൻ. അതിന് ഉപോൽബലകമായ കാരണ ങ്ങളുണ്ട്. സഞ്ചരിക്കുന്ന കോടതികൾ തുടങ്ങി മാവേലിസ്റ്റോറുകൾ, ലബോ റട്ടറികൾ, ആശുപത്രികൾ, ബാങ്കു കൾ, പുസ്തക ശാലകൾ, വർക്ക്ഷോ പ്പുകൾ എന്നിവയും സഞ്ചരിക്കുന്നവ യുടെ കൂട്ടത്തിലുണ്ടല്ലോ? പിന്നെ ആനവണ്ടികളിൽ മിൽമാ ബൂത്തും, തട്ടുകടകളും തുടങ്ങി കഴിവ് തെളി യിക്കുകയും ചെയ്തിട്ടുണ്ട്. അതു കൊണ്ട് കെട്ടിടം പണിയാൻ കാശി ല്ലാത്തതുകൊണ്ടോ പണിതിട്ടും പണി തിട്ടും പൂർത്തിയാകാത്തതു കൊണ്ടോ വിഷമിക്കുന്ന സ്കൂളുക ൾക്ക് ഈരണ്ട് ലോഫ്ളോർ ബസു കൾ നൽകുന്നതിൽ വികസന വിരോധികൾ അരമുറുക്കേണ്ടതില്ലെ ന്നാണ് മിതവാദികളുടെ അഭിപ്രാ യം. ശമ്പളത്തിന് പോലും വകയി ല്ലാതെ ഏതാണ്ട് മുക്കാൽ ലക്ഷ ത്തോളം ജീവനക്കാർ വെറുതെയി രുന്ന് കഷ്ടപ്പെടുന്നതിലുള്ള വിഷമം കൊണ്ടാണ് മൊബൈൽ ക്ലാസിനെ അനുകൂലിക്കുന്നത്. മാത്രവുമല്ല, 2015 ൽ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഭാഗമായി കേന്ദ്ര സർക്കാ രിൽ നിന്ന് കേരളത്തിന് സൗജന്യ മായി ലഭിച്ച 500 ലോ ഫ്ളോർ ബസുകൾ കട്ടപ്പുറത്ത് കയറി തുരു മ്പെടുത്ത് നശിക്കുകയാണല്ലോ എന്നതും തുരുമ്പെടുത്തുപോയി എന്ന പേരുദോഷമെങ്കിലും ഇതുവഴി ഒഴിവാക്കാമല്ലോ എന്നതും മേൽപ്പ റഞ്ഞ വാദഗതിക്ക് കരുത്താണ്.

**84 വർഷം മുൻപ് 1938 ൽ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് തുടങ്ങിവച്ച റോഡ് ട്രാൻസ്പോർട്ട് സർവീസ് ഇന്ന് 6241 ബസുകളുമായി വികസനക്കിതപ്പിലാണ്. ജീവനക്കാരുടെ ആത്മാർത്ഥതകൊണ്ട് ഇക്കഴിഞ്ഞ ഏപ്രിൽ 11 ന് തുടങ്ങിയ സ്വിഫ്റ്റ് സർവീസും വികസന കാര്യത്തിൽ ഇപ്പോൾ കിതപ്പിലാണ്. നിത്യനിദാന ചെലവുകൾക്കും ശമ്പളത്തിനും പാങ്ങില്ലാതെ ഊർദ്ധശ്വാസം വലിക്കുന്ന കെഎസ്ആർടിസിയെ വെന്റിലേറ്ററിൽ നിന്നെങ്കിലും മാറ്റണമെന്ന ഉദ്ദേശ്യത്തോടെ ബന്ധപ്പെട്ടവർ പരിശ്രമിക്കുമ്പോഴാണ് സർക്കാരും മന്ത്രിയുമല്ല തങ്ങളാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്ന ഹുങ്കിൽ ജീവനക്കാർ കഴിഞ്ഞദിവസം സമരത്തിനിറങ്ങിയത്.**






84 വർഷം മുൻപ് 1938 ൽ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് തുട ങ്ങിവച്ച റോഡ് ട്രാൻസ്പോർട്ട് സർവീസ് ഇന്ന് 6241 ബസുകളുമായി വികസനക്കിതപ്പിലാണ്. ജീവനക്കാ രുടെ ആത്മാർത്ഥതകൊണ്ട് ഇക്ക ഴിഞ്ഞ ഏപ്രിൽ 11 ന് തുടങ്ങിയ സ്വിഫ്റ്റ് സർവീസും വികസന കാര്യ ത്തിൽ ഇപ്പോൾ കിതപ്പിലാണ്. നിത്യ നിദാന ചെലവുകൾക്കും ശമ്പള ത്തിനും പാങ്ങില്ലാതെ ഊർദ്ധശ്വാസം വലിക്കുന്ന കെഎസ്ആർടിസിയെ വെന്റിലേറ്ററിൽ നിന്നെങ്കിലും മാറ്റണ മെന്ന ഉദ്ദേശ്യത്തോടെ ബന്ധപ്പെട്ടവർ പരിശ്രമിക്കുമ്പോഴാണ് സർക്കാരും മന്ത്രിയുമല്ല തങ്ങളാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്ന ഹുങ്കിൽ ജീവ നക്കാർ കഴിഞ്ഞദിവസം സമരത്തിനി റങ്ങിയത്. നാട്ടുഭാഷയിൽ പറഞ്ഞാൽ പുകഞ്ഞുകൊണ്ടിരുന്ന അടുപ്പിൽ വെള്ളം കോരി ഒഴിച്ചതുപോലെയായി ആ സമരം. അതുകൊണ്ട് എല്ലാക്കാ ലത്തും ശമ്പളത്തിനായി സർക്കാർ ഖജനാവിൽ നിന്ന് പണം കിട്ടില്ലെന്ന കാര്യത്തിൽ തീരുമാനവുമായി. ഇത്തരം ഒരു പരിതസ്ഥിതിയിൽ കെഎസ്ആർടിസി ബസുകൾ ക്ലാസ് റൂമുകളോ, കോഴിപ്പുരയോ, പച്ചക്കറി കടകളോ, കൂൾ ബാറുകളോ എന്തെ ങ്കിലുമൊക്കെയാക്കി പരിവർത്തനം ചെയ്യുന്നതിൽ നികുതിദായകരായ സാധാരണ ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വിരോധമുണ്ടാകാൻ ഇടയില്ല. വിത്തെടുത്ത് കുത്തിയാലും കഞ്ഞികിട്ടണമെന്നേ കെഎസ് ആർടിസി ജീവനക്കാർക്കുള്ളൂ.

ഇതുപറഞ്ഞുവന്നപ്പോഴാണ് കഴിഞ്ഞദിവസം ഒരു വിരുതൻ വാട്സ് ആപ്പിൽ ഇട്ട ഒരു മെസേജ് ഓർമ്മവ ന്നത് ലോ-ഫ്ളോർ എ.സി. ബസുകൾ ബാറുകളാക്കിമാറ്റി ടൂറിസം രംഗത്ത് ഒരു വികസന കുതിപ്പുണ്ടാക്കിക്കൂടേ എന്നായിരുന്നു ആ സന്ദേശത്തിന്റെ ഉള്ളടക്കം. അതുശരിയാണെന്ന് ഈയുള്ളവനും തോന്നി. വിലകു റഞ്ഞ മദ്യവും മദ്യവർജ്ജനവും



**മഴയത്തും വെയിലത്തും ക്യൂനിന്ന് കഷ്ടപ്പെട്ട് തീവില നൽകി മദ്യം വാങ്ങി കേരളത്തിന്റെ സാമ്പത്തിക നില പിടിച്ചുനിർത്താൻ സഹായിക്കുന്ന മദ്യപന്മാരെ ബഹുമാനിച്ചില്ലെങ്കിൽ പിന്നെ എന്തുവികസനമാണ് കേരളത്തിലുണ്ടാകുക**

പ്രഖ്യാപിച്ചാണ് പിണറായി വിജയൻ സർക്കാർ ആദ്യം അധികാരത്തിൽ വന്നത്. അതേ സർക്കാരിന് തുടർ ഭരണം കിട്ടിയപ്പോൾ വർധിതതോതിൽ മദ്യലഭ്യത ഉറപ്പുവരുത്തുന്നതിന് പണ്ട് പൂട്ടിപ്പോയ മദ്യക്കടകൾ ഉൾപ്പെടെ കൂടുതൽ മദ്യവിപണന ഔട്ട്ലറ്റുകൾ തുടങ്ങാനാണ് തീരുമാനിച്ചത്. മാത്രവുമല്ല, മദ്യം വാങ്ങാൻ വരുന്നവരെ ബുദ്ധിമുട്ടിക്കാതെ ക്യൂ നിൽക്കാൻ ഇടവരുത്താതെ (ഇതിന് കോടതിയുടെ പിൻബലവുമുണ്ട്) ആധുനിക സൗകര്യങ്ങളോടെയുള്ള മദ്യവിൽപ്പനശാലകൾ തുടങ്ങുക എന്നതുമാണ് പ്രഖ്യാപിത നയം. അതുകൊണ്ടാണ് ഐടി പാർക്കുകളിൽ ബാറുകളും മറ്റിടങ്ങളിൽ ബ്രൂവറികളും എന്ന വികസന കാഴ്ചപ്പാട് രൂപംകൊണ്ടത്. സ്പെയിനിൽ 25 ലക്ഷം മദ്യശാലകൾ ഉള്ളതിനാലാണ് അവിടെ ക്യൂവും തിരക്കുമില്ലാത്തതെന്ന് നമ്മുടെ സംസ്ഥാന സാംസ്കാരികവകുപ്പുമന്ത്രിയാണ് പറഞ്ഞത്. ഇത് വെറുതെ അങ്ങ് തള്ളിക്കളയാനാകില്ല. അത് നമ്മൾ കാണണം. മഴയത്തും വെയിലത്തും ക്യൂനിന്ന് കഷ്ടപ്പെട്ട് തീവില നൽകി മദ്യം വാങ്ങി കേരളത്തിന്റെ സാമ്പത്തിക നില പിടിച്ചുനിർത്താൻ സഹായിക്കുന്ന മദ്യപന്മാരെ ബഹുമാനിച്ചില്ലെങ്കിൽ പിന്നെ എന്തുവികസനമാണ് കേരളത്തിലുണ്ടാകുക. രണ്ടാം പിണറായി സർക്കാരിന്റെ രണ്ടാം പിറന്നാളാഘോഷ വേളയിൽ മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം അധികമാരും ശ്രദ്ധിച്ചതായി കണ്ടില്ല. കേരളത്തിൽ 64006 അതിതീവ്ര ദരിദ്രകുടുംബങ്ങളുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കേരളത്തിൽ വിശപ്പടക്കാൻ മണ്ണുവാരിത്തിന്ന കുടുംബങ്ങളുണ്ടെന്ന് നാം കണ്ടതാണ്. മുഖ്യമന്ത്രിപറഞ്ഞ 64006 കുടുംബങ്ങളുടെ ദാരിദ്ര്യമകറ്റാൻ അവർക്ക് ഒരുനേരത്തെ ആഹാരം ഉറപ്പുവരുത്താൻ കഴിയാതെ മദ്യലഭ്യത സാർവത്രികമാക്കാൻ ഇറങ്ങിപ്പുറപ്പെടുന്നവരുടെ വികസന കാഴ്ചപ്പാടിനെയാണ് സാധാരണക്കാർ പുച്ഛിക്കുന്നത്.

കാർഷികമേഖലയെ സഹായിക്കാൻ കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം, ജാതിത്തൊണ്ട്, ചക്ക എന്നിവയിൽ നിന്ന് വീര്യംകുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകുന്നതാണ് മറ്റൊരു വിപ്ലവകരമായ തീരുമാനം. ഇത്തരം മദ്യ ഉൽപ്പാദനത്തിന് നാട്ടിൽ പറയുന്ന പേരാണ് വാറ്റ് അഥവാ കള്ളവാറ്റ്. ഇത് ഇനി സാർവത്രികവും നിയമപരവും ആകുന്നുവെന്നുമാത്രം. വേണമെങ്കിൽ ഇവിടെയും ഒരു വികസന കാഴ്ചപ്പാടിന് അവസരമുണ്ട്. ടൂറിസം മേഖലയിൽ സഞ്ചരിക്കുന്ന വാറ്റ് ശാലകൾ തുടങ്ങാം. കെഎസ്ആർടിസിയുടെ ലോഫ്ളോർ ബസുകൾ ഇവിടെയും പ്രയോജനപ്പെടുത്താവുന്നതാണ്. ആവശ്യക്കാരുടെ താല്പര്യമനുസരിച്ച് ഏതുതരം കാർഷികോല്പന്നങ്ങളിൽ നിന്നും വിവിധതരം രുചിയും മണവുമുള്ള മദ്യമുണ്ടാക്കി ടൂറിസ്റ്റുകൾക്ക് നൽകാൻ കഴിയും. ഇങ്ങനെ മദ്യവും വാറ്റും സാർവത്രികമാകുന്ന ഒരു വികസന കുതിപ്പിന് കേരളത്തിന് എന്തുകൊണ്ട് തയ്യാറെടുത്തുകൂടാ? ലോട്ടറിയും ഇന്ധന ടാക്സും കഴിഞ്ഞാൽ സർക്കാരിന്റെ ഖജനാവ് നിറയ്ക്കുന്ന പ്രധാനപ്പെട്ടൊരു വരുമാന മാർഗമാണ് മദ്യം എന്നത് വിസ്മരിക്കരുത്.

അടുത്തകാലം വരെ കേരളത്തിൽ മദ്യവർജന-മദ്യനിരോധന സമിതികൾ പ്രവർത്തിച്ചിരുന്നതായിട്ടാണ് വാർത്തകളിൽ കാണുന്നത്. എന്നാൽ അക്കൂട്ടരെ ഇപ്പോൾ കാണാനില്ല. പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടാണോ അതോ സർക്കാരിനെ ഭയന്നിട്ടാണോ അതുമല്ലെങ്കിൽ പ്രതികരിച്ചതുകൊണ്ട് ഫലമില്ലെന്ന് തോന്നിയിട്ടാണോ എന്താണെന്നറിയില്ല. അക്കൂട്ടരിപ്പോൾ മൗനത്തിലാണ്. അതല്ലെങ്കിൽ അവർ പുതിയ മദ്യനയ അനുകൂലികളായി മാറിയോ? ലക്ഷക്കണക്കിന് കുടുംബങ്ങളെ കാർന്നുതിന്നുന്ന, നശിപ്പിക്കുന്ന മദ്യമെന്ന സാർവത്രിക തിന്മയ്ക്കെതിരെ പൊരുതാൻ മനുഷ്യസ്നേഹികളില്ലാതായോ എന്നൊരു തോന്നൽ. ഇത്തരുണത്തിൽ മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തുന്നുണ്ട്. ■

# പെൺപിറ

'എഴുത്തു നോവിൽ മാത്രമല്ല, പെൺ കുരിശിൽ എന്നും തലയിട്ടടിച്ചു കരയുന്ന ഒരുവനായിരുന്നു ഞാൻ. മനിതൻ' (പേജ് 83: പെൺപിറ)

എഴുത്തുകാരന്റെ മനസിലെ 'പെൺ' വിഹ്വലതകൾ ഒരു നോവായി... ഒരു നോവലായി 'പിറ'ക്കുകയാണ് 'പെൺപിറ'യിൽ. അവളെ തന്റെ മകളായി ജനിപ്പിച്ച് അന്വേഷിച്ചലയുകയാണയാൾ.

"ഇരയിമ്മൻതുറ'യിൽ ജനിച്ച് അവിടെ മകൾക്കൊപ്പം ജീവിച്ച് അവളെ കാണാതാകുന്നതോടെ മനം മരിച്ചില്ലാതാവുകയാണ് 'മനിതൻ'. തന്റെ എഴുത്തുപുരയുടെ അകത്തിൽ നിന്ന് അയാൾ ഒരു അന്വേഷിയായി പുറത്തെത്തുന്നു. ഒരു ദുഃഖവെള്ളിയാഴ്ചയിൽ തുടങ്ങി എട്ടുനാളത്തെ അന്വേഷണത്തിനൊടുവിൽ അടുത്ത വെള്ളിയാഴ്ചയിൽ വർക്കല പാപനാശത്ത് അയാൾ ഉയിർത്തെഴുന്നേൽക്കുന്നു.

ഈ എട്ടുനാളുകൾ കാലിക പ്രസക്തങ്ങളായ പെൺമരണങ്ങളിൽ അയാൾ വേദനിക്കുന്നുണ്ട്; ആശങ്കപ്പെടുന്നുണ്ട്; സ്വന്തമെന്നോണം വേവുകയും നോവുകയും ചെയ്യുന്നുണ്ട്. ഇനിയുമുണ്ടാകാൻ സാധ്യതയില്ലാത്ത സന്തോഷങ്ങളിലേക്കും നന്മയിലേക്കും പ്രത്യാശവയ്ക്കുകയും ചെയ്യുന്നുണ്ട്.






തന്റെ മകളെക്കുറിച്ചുള്ള നോവുകളും വേവുകളും മാത്രമല്ല ഇതെന്നും എല്ലാ പെൺപിറവികളെകുറിച്ചുമുള്ളതാണിതെന്നും എഴുത്തുകാരൻ പറഞ്ഞുവയ്ക്കുന്നു. ഇതിനുമൊക്കെയപ്പുറം സർവ ജീവജാലങ്ങളുടെയും അവകാശ ഭൂമികയെ അയാൾ അടയാളപ്പെടുത്തുകയും ചെയ്യുന്നുണ്ട് 'പെൺപിറ'യിൽ. മനുഷ്യനുമാത്രം സ്വായത്തമായ സ്വാർത്ഥതയുടെ അകം തുറന്നുകാണിക്കാനും അദ്ദേഹത്തിന് ഈ നോവലിൽ കഴിയുന്നു.

ഇരയിമ്മൻതുറ, പരുത്തിയൂർ, പൂവാർ തുടങ്ങി... വർക്കല പാപനാശം വരെ നീളുന്ന തീരദേശ പ്രദേശത്തിന്റെ സംസ്കാരവും ആകുലതയും തന്റെ വാക്കുകളിൽ ഒളിപ്പിച്ചുവയ്ക്കുന്നു 'ബർഗ്മാൻ തോമസ്'.

മകളെ കണ്ടെത്താനുള്ള യാത്രയിൽ കൂട്ടായി ധാരാളം നോവലിസ്റ്റുകളെയും അവരുടെ വാചകങ്ങളെയും എഴുത്തുകാരൻ മൈൽകുറ്റികളാക്കുന്നു. പക്ഷിയും പരൽമീനുകളും തോണിക്കാരനുമെന്നു വേണ്ട ശ്മശാനത്തറയിലെ ആത്മാക്കാൾവരെ അയാളുടെ അന്വേഷണയാത്രയിൽ കൂട്ടുകാരായെത്തുന്നു.

പുരാണങ്ങളും, ബൈബിളും ആയിരത്തൊന്നു രാവുകളുമൊക്കെ അയാളുടെ ആകുലതകൾക്ക് ആക്കം കൂട്ടുന്നു. തന്റെ അന്വേഷണ വഴിയിൽ മോസ്കും പള്ളിയും അമ്പലവുമൊക്കെ ആശ്വാസമായും വേവലാതിയായും കടന്നുപോയി.

ഒടുവിൽ തന്റെ 'അഴകി' യുടെ കവിത ഒരു ആത്മ നിർവൃതിപോലെ കഥാകാരൻ തന്നെ എഴുതിവയ്ക്കുന്നു. വായിച്ചുതീരാത്ത വികാരങ്ങളിലൂടെ... വായിച്ചാലും തോരാത്ത ചിന്തകളിലൂടെ എഴുത്തുകാരൻ വായനക്കാരന്റെ മനസ്സിൽ ജൈത്രയാത്ര നടത്തുന്നു.

ഓരോ പെൺമാനസവും കഥയോടുകഥയായി നോവോടും നോവലായി മാറുന്നു. പുതിയ സംസ്കാരത്തിന്റെ സമൂഹ മാധ്യമ വേട്ടാളന്മാരെ നമുക്കിതിൽ കാണാം. 'അയത്തുകളും' 'മന്ത്രങ്ങളും' 'വചനങ്ങളും' നിഷ്പ്രഭമാകുന്ന നേരത്ത് തന്റെ മനസ്സിനെ മാത്രം ആശ്രയിച്ചു നീങ്ങുന്ന; തന്റെ അന്വേഷണത്തിൽ കാലുറപ്പിച്ചുനിൽക്കുന്ന ഒരപ്പൻ മാത്രമാകുന്നു ഇതിലെ മനിതൻ.

ഒരിക്കൽ പെയ്തിറങ്ങുന്ന 'രാത്രിമഴ' യോടുചേർന്ന് ഓരോ വായനക്കാരനും ഒടുവിൽ പറഞ്ഞുപോകും...

'ഞാനുമിതുപോലെ... രാത്രിമഴ പോലെ...'



താര ഇഗ്നേഷ്യസ്







*അതിരൂപതാ സിനഡ് അംഗങ്ങൾ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ, സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ എന്നിവരോടൊപ്പം*

# അതിരൂപതാതല സിനഡ് സമാപിച്ചു

തിരുവനന്തപുരം: ഫ്രാൻസിസ് പാപ്പയുടെ ആഹ്വാന പ്രകാരം ആഗോള കത്തോലിക്കാസഭയിൽ നടന്നുവരുന്ന മെത്രാന്മാരുടെ 16-ാമത് സിനഡിന്റെ ഭാഗമായി തിരുവനന്തപുരം അതിരൂപതയിൽ നടന്നുവന്ന രൂപതാതല സിനഡ് സമാപിച്ചു. കഴിഞ്ഞ ഒരുവർഷമായി ബിസിസി യുവജന-സന്യസ്ത-വൈദിക, ഇടവക, ഫെറോന, രൂപതാതലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പങ്കുവയ്ക്കൽ എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായി നടന്നുവന്ന ചർച്ചകൾക്കും പഠനങ്ങൾക്കും സമാപനം കുറിച്ചുകൊണ്ടാണ് രൂപതാതല സിനഡ് സമാപിച്ചത്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങൾ വീണ്ടും സ്വാംശീകരിക്കുന്നതിനുള്ള പദ്ധതിയാണ് ഈ സിനഡ് പ്രക്രിയ. സമാപന ചടങ്ങിൽ അതിരൂപത അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ.നെറ്റോ അധ്യക്ഷനായിരുന്നു. സഹായമെത്രാൻ ഡോ.ക്രിസ്തുദാസ് ആർ, ചാൻസിലർ, വിവിധ ശുശ്രൂഷാ ഡയറക്ടർമാർ, അതിരൂപതയിലെ വൈദിക, സന്യസ്ത, അല്മായ പ്രതിനിധികൾ എന്നിവർ സിനഡ് സമാപന ചടങ്ങിൽ പങ്കെടുത്തു.

# മത്സ്യത്തൊഴിലാളികൾ തുറമുടക്കി പ്രതിഷേധിച്ചു

തിരുവനന്തപുരം: ഇന്ധനവില വർധനമൂലം പ്രതിസന്ധിയിലായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 25 രൂപ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കണമെന്നും തീരശോഷണം നേരിട്ടുകൊണ്ടിരിക്കുന്ന പൊഴിയൂർ കൊച്ചുതോപ്പു മുതൽ വേളുവരെയുള്ള പ്രദേശവും അഞ്ചുതെങ്ങ് മേഖലയും സംരക്ഷിക്കാനാവശ്യമായ പദ്ധതികൾക്ക് അടിയന്തിരമായി രൂപം നൽകണമെന്നും നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും മത്സ്യലഭ്യതയിലെ കുറവും കണക്കിലെടുത്ത് തീരദേശ ജനതയ്ക്ക് സഹായം എത്തിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള മത്സ്യമേഖല സംരക്ഷണ സമിതി നടത്തിയ തുറമുടക്ക് സമരം വൻവിജയമായി. മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിവിധ മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളുടെ സഹകരണത്തോടെയാണ് തുറമുടക്കിയുള്ള മത്സ്യത്തൊഴിലാളി പ്രതിഷേധം നടന്നത്.

മത്സ്യത്തൊഴിലാളികളുടെ വിവിധങ്ങളായ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഒട്ടേറെ നിവേദനങ്ങൾ അധികാരികളുടെ മുന്നിലെത്തിച്ചിട്ടും അക്കാര്യത്തിൽ യാതൊരുവിധ പരിഗണനയും സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകാത്ത സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികൾ തുറമുടക്കി സമരത്തിന് തയ്യാറായത്. മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ അടിയന്തിരമായി പരിഹരിച്ചില്ലെങ്കിൽ പ്രത്യക്ഷ സമരപരിപാടികൾക്ക് രൂപം നൽകുമെന്ന് അതിരൂപതാ മത്സ്യത്തൊഴിലാളി ശുശ്രൂഷാ സമിതി ഡയറക്ടർ ഫാ. ഷാജിൻ ജോസ് പറഞ്ഞു.

# കുടുംബവർഷാചരണവും കാരുണ്യ പ്രവർത്തികളുടെ ഉദ്ഘാടനവും

തിരുവനന്തപുരം: കത്തോലിക്കാസഭ ആഗോള തലത്തിൽ നടത്തുന്ന കുടുംബ വർഷചാരണത്തിന്റെ തിരുവനന്തപുരം അതിരൂപതാതല ഉദ്ഘാടനം സംസ്ഥാന ഗതാഗതവകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജു നിർവഹിച്ചു. തിരുവനന്തപുരം അതിരൂപത കുടുംബ പ്രേഷിത ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷനായിരുന്നു. കുടുംബ പ്രേഷിത ശുശ്രൂഷാ സമിതി നടത്തുന്ന കാരുണ്യ പ്രവർത്തികളുടെ ഉദ്ഘാടനവും കുടുംബ ശുശ്രൂഷാ നേതൃത്വ സംഗമവും സഹായവിതരണവും ചടങ്ങിൽവച്ച് നടന്നു.

സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 100 കുട്ടികൾക്കായി 10,000 രൂപ വീതം ബാങ്കിൽ നിക്ഷേപിച്ചുകൊണ്ടുള്ള ജീവൻ സമൃദ്ധി സമ്പാദ്യപദ്ധതിയും സാന്ത്വനം മംഗല്യം പദ്ധതിയുടെ ഭാഗമായുള്ള വിവാഹ ധനസഹായവും കരുണാമയൻ പദ്ധതിയുടെ ഭാഗമായ പെൻഷൻ വിതരണവും കാഴ്ച പരിമിതർക്കുള്ള ആഡിയോ ബൈബിൾ വിതരണവും ഇതോടനുബന്ധിച്ച് നടന്നു.

'മന്ന പദ്ധതി' നടപ്പിലാക്കി വിശപ്പുരഹിത ഇടവകകളായി പ്രഖ്യാപിച്ച ഇടവകകളെയും പ്രോലൈഫ് കുടുംബങ്ങളെയും ചടങ്ങിൽ വച്ച് ആദരിച്ചു. സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് വെള്ളയമ്പലം വി. കൊച്ചുത്രേസ്യാ ദേവാലയത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക് ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ. മുഖ്യാകാർമികത്വം വഹിച്ചു.



*കുടുംബശുശ്രൂഷാ വർഷാചരണത്തിന്റെയും കാരുണ്യ പ്രവൃത്തികളുടെയും ഉദ്ഘാടന ചടങ്ങിൽ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ കേക്ക് മുറിക്കുന്നു*

# വിശുദ്ധപദവി പ്രഖ്യാപനം: അതിരൂപത കൃതജ്ഞതാ ബലി അർപ്പിച്ചു

തിരുവനന്തപുരം: വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ വിശുദ്ധപദവി പ്രഖ്യാപനത്തിൽ ആഗോള കത്തോലിക്കാ സഭയുടെ ആഹ്ലാദത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയും പങ്കുചേർന്നു. തിരുവനന്തപുരം പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയത്തിൽ ദൈവത്തിന് കൃതജ്ഞതാബലി അർപ്പിച്ചു കൊണ്ടാണ് അതിരൂപത ആഗോള കത്തോലിക്കാ സഭയുടെ ആഹ്ലാദത്തിൽ പങ്കുചേർന്നത്. ആർച്ച്ബിഷപ്പ് ഡോ.തോമസ് ജെ.നേറ്റോയുടെ മുഖ്യകാർമികത്വത്തിൽ നടന്ന കൃതജ്ഞത ബലിയർപ്പണത്തിൽ അതിരൂപതാ വൈദികരും സന്യാസ സന്യാസിനി സഭാംഗങ്ങളും അല്മായ പ്രതിനിധികളും പങ്കുചേർന്നു. 15ന് വൈകുന്നേരം നടന്ന കൃതജ്ഞതാബലി മധ്യേ വിശുദ്ധ ദേവസഹായത്തിന്റെ ഛായാചിത്രം കത്തീഡ്രൽ ദൈവാലയത്തിൽ അനാഛാദനം ചെയ്തു.

വിശുദ്ധ ദേവസഹായം പ്രലോഭനങ്ങൾക്ക് വഴങ്ങാത്ത വിശ്വാസിയെന്ന് അതിരൂപത സഹായ മെത്രാൻ ഡോ.ആർ.ക്രിസ്തുദാസ് ആമുഖ പ്രഭാഷണത്തിൽ വിശേഷിപ്പിച്ചു. വിശ്വാസം ഉപേക്ഷിക്കുന്നതിനായി അന്നത്തെ അധികാരികൾ മുന്നോട്ടുവച്ച പ്രലോഭനങ്ങൾക്കൊന്നും അദ്ദേഹം വഴങ്ങിയില്ല. ഒരു സ്ഥാനമാനങ്ങളും അദ്ദേഹത്തിന് വേണ്ടായിരുന്നു. മറ്റെന്തിനെക്കാളും വലുത് തനിക്ക് ക്രിസ്തുവിശ്വാസം ആണെന്ന തീരുമാനത്തിൽ അദ്ദേഹം നിലകൊണ്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർവ്വതും പരിത്യജിച്ച് തന്റെ ജീവൻതന്നെ ദൈവത്തിനായി സമർപ്പിച്ച വ്യക്തിയാണ് വിശുദ്ധ ദേവസഹായം എന്ന് കൃതജ്ഞത ദിവ്യബലി മധ്യേ നൽകിയ സന്ദേശത്തിൽ അതിരൂപത ചാൻസലർ മോൺ.ഡോ. സി.ജോസഫ് പറഞ്ഞു.

## മഴക്കെടുതിയിൽ തകർന്ന ഭവനം പുനരുദ്ധരിച്ച് ആഴാകുളം ഇടവക

ആഴാകുളം: അശരണരായ ഇടവകാംഗങ്ങൾക്ക് സഹായഹസ്തവുമായി ആഴാകുളം ക്രിസ്തുരാജ ഇടവക. 2021 ഒക്ടോബറിൽ കനത്ത മഴയേയും കാറ്റിനേയും തുടർന്ന് തകർന്ന വയോധികയും ഏകയുമായ സുശീലയുടെ ഭവനം പുനർനിർമിച്ച് നൽകിക്കൊണ്ടാണ് ആഴാകുളം ഇടവക അശരണരുടെ ദുരിതത്തിൽ പങ്കാളികളായത്. പുതിയ ഭവനത്തിന്റെ ആശീർവാദം തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ നിർവ്വഹിച്ചു. ഇടവക വികാരി ഫാ. ജോണി പുത്തൻവീട്ടിൽ, ഇടവക കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. 5.5 ലക്ഷം രൂപ ചെലവഴിച്ചാണ് ഭവനത്തിന്റെ പണി പൂർത്തിയാക്കിയത്. ഇടവകയുടെ ആഭിമുഖ്യത്തിൽ കരുണാമയൻ പദ്ധതിയിൽപ്പെടുത്തി അശരണർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

## സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

തിരുവനന്തപുരം: അതിരൂപത അജപാലന ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സമ്മാനങ്ങൾ 2020-2022 സദ്ബോധന ദിവ്യബോധന കോഴ്സുകൾ പൂർത്തിയാക്കിയവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ വിതരണം ചെയ്തു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന ചടങ്ങ് അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു.

ദൈവവചനത്തിന്റെ അടിസ്ഥാനത്തിലും വിശ്വാസത്തിന്റെ പിൻബലത്തിലുമാവണം വിജയങ്ങൾ കൈവരിക്കേണ്ടത് എന്ന് അദ്ദേഹം പറഞ്ഞു. അജപാലന ശുശ്രൂഷ സമിതി ഡയറക്ടർ ഫാ.ഡാർവിൻ പീറ്റർ, മതബോധന കമ്മീഷൻ സെക്രട്ടറി ഇഗ്നേഷ്യസ് ലയോള, തിയോളജിക്കൽ കോഴ്സ് ബാച്ചിനെ പ്രതിനിധീകരിച്ച് റൂബന്റ്, ബൈബിൾ കോഴ്സ് ബാച്ചിനെ പ്രതിനിധീകരിച്ച് ഷിനു കിംഗ്സൺ എന്നിവർ പ്രസംഗിച്ചു.



*ആഴാകുളം: ഇടവക സുശീലയ്ക്ക് പുനർനിർമ്മിച്ചുനൽകിയ വീടിന്റെ ഉദ്ഘാടനം ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ നിർവഹിക്കുന്നു*

## സ്വർഗീയം: കരോൾ ഗാന മത്സര സമ്മാനങ്ങൾ നൽകി

തിരുവനന്തപുരം: മീഡിയ കമ്മീഷനും അജപാലന ശുശ്രൂഷ സമിതിയും ചേർന്ന് 2021 ൽ സംഘടിപ്പിച്ച ക്രിസ്മസ് കരോൾഗാന മത്സരം 'സ്വർഗീയം-2021' വിജയികൾക്കുള്ള സമ്മാനങ്ങൾ തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. വിതരണം ചെയ്തു. വിവിധ ഫെറോനകളിലെ പതിമൂന്നു ഇടവകകളിൽ നിന്നുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. തിരുവനന്തപുരം കലാഗ്രാമം ഡയറക്റ്റർ ഫാ. മാത്യൂസ് M.C.B.S., താമരശ്ശേരി രൂപതാംഗം ഫാ. പ്രീയേഷ് തേവടി തുടങ്ങിയവരാണ് ഗാനങ്ങൾ വിലയിരുത്തി ഫലം പ്രഖ്യാപിച്ചത്. കോവിഡ് കാലത്ത്, ക്രിസ്തുമസ് സന്ദേശം കൂട്ടായ്മാഅനുഭവത്തിലൂടെ ഇടവകകളിലെത്തുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു കരോൾ ഗാന മത്സരം സംഘടിപ്പിച്ചത്. ഒന്നാം സ്ഥാനം വലിയവേളി സെന്റ് തോമസ് ഇടവകയും രണ്ടാം സ്ഥാനം നീരോടി സെന്റ് നിക്കോളാസ് ഇടവകയും മൂന്നാം സ്ഥാനം തൃക്കണ്ണാപുരം ഗുഡ് ഷെപ്പേർഡ് ഇടവകയും കരസ്ഥമാക്കി.



*അതിരൂപതാ അജപാലന ശുശ്രൂഷാ സമിതി നടത്തിയ ലോഗോസ് ക്വിസ് മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. വിതരണം ചെയ്യുന്നു*

## ദേവസഹായംപിള്ളയുടെ വിശുദ്ധപദവി പ്രഖ്യാപനം ഇടവകകളിൽ വിപുലമായ ആഘോഷം

തിരവനന്തപുരം: വത്തിക്കാനിൽ ദേവസഹായത്തിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തോടുള്ള ആദരസൂചക മായി പാളയം സെന്റ് ജോസഫ് ക ത്തീഡ്രലിൽ നിന്നും കമുകിൻകോട് വിശുദ്ധ അന്തോണീസ് തീർത്ഥാടന കേന്ദ്രത്തിലേക്ക് ദേവസഹായത്തിന്റെ തിരുശേഷിപ്പും തിരുസ്വരൂപവും വഹി ച്ചുകൊണ്ടുള്ള വാഹന പ്രദക്ഷിണം നടന്നു. വിവിധ ദേവാലയങ്ങളിൽ നി ന്നുള്ള പ്രാർത്ഥനാദരവുകൾ ഏറ്റുവാ ങ്ങി കൊണ്ടാണ് തിരുസ്വരൂപ പ്രദക്ഷി ണം കമുകിൻകോട് ദേവാലയത്തിൽ പര്യവസാനിച്ചത്.

വിശുദ്ധപദവി പ്രഖ്യാപനത്തോ ടനുബന്ധിച്ച് അതിരൂപതയിലെ എ ല്ലാ ദേവാലയങ്ങളിലും ഞായറാഴ്ച രാവിലെ ദിവ്യബലിയിൽ ദിവ്യ ഭോ ജന പ്രാർഥനയ്ക്കുശേഷം നന്ദിസൂ ചകമായി സ്തോത്രഗീതം ആലപി ച്ചു. ഉച്ചകഴിഞ്ഞ് 2:30ന് ആനന്ദത്തി ന്റെയും കൃതജ്ഞതയുടെയും അട യാളമായി കേരള ലത്തീൻ സഭയി ലെ എല്ലാ ദേവാലയങ്ങളിലും സ്ഥാ പനങ്ങളിലും ഒരു മിനിറ്റ് പള്ളിമണി കൾ മുഴക്കി രാജ്യത്തിന് ഒരു പുതി യ വിശുദ്ധനെ ലഭിച്ച സന്തോഷ ത്തിൽ സഭാവിശ്വാസികൾ പങ്കുചേർ ന്നു.




*കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പാളയം ഫെറോനയിൽ നടന്ന തൊഴിലാളിദിനാചരണച്ചടങ്ങിൽ പങ്കെടുത്തവർ*

## കെഎൽഎം വാർഷികാഘോഷം പുല്ലുവിള, പാളയം ഫെറോനകളിൽ

തിരുവനന്തപുരം: മെയ് 1 തൊഴിലാളിദിനത്തോടനുബന്ധിച്ച് കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പുല്ലുവിള ഫെറോന പരുത്തിയൂർ ഇടവകയിൽ വച്ചും പാളയം ഫെറോന വെള്ളമ്പലം സെന്റ് ആന്റണീസ് ഹാളിൽ വച്ചും തൊഴിലാളി ദിനം ആചരിച്ചു. കെഎൽഎം അതിരൂപതാ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺ ഡാൾ ദിനാചരണങ്ങൾ ഉദ്ഘാടനം ചെയ്തു. പരുത്തിയൂരിൽ ഇടവക സഹവികാരി ഫാ. ഡേവിഡ്സണും വെള്ളയമ്പലത്ത് കെഎൽഎം പ്രസിഡന്റും സമ്മേളനങ്ങളിൽ അധ്യക്ഷത വഹിച്ചു. രൂപതാ കോർഡിനേറ്റർ അന്നാ റീത്ത, റീജിയണൽ സെക്രട്ടറി തങ്കജ്യോതി, റീജണൽ ആനിമേറ്റർമാരായ റീനാ ആന്റണി, രാജമണി രാജു, കെഎൽഎം ആനിമേറ്റർ വളർമതി റോബർട്ട്, റ്റിഎസ്എസ് എസ് സെക്രട്ടറി ഫ്രെഡി തുടങ്ങിയവർ സമ്മേളനങ്ങളിൽ സംസാരിച്ചു.

## ചമ്പാവ്, കുന്നുംപുറം പുതിയ ഇടവകകൾ

തിരുവനന്തപുരം: അതിരൂപതയ്ക്ക് രണ്ട് പുതിയ ഇടവകകൾ കൂടി. ചമ്പാവ്, കുന്നുംപുറം എന്നീ സബ്സ്റ്റേഷനുകളെ തിരുവനന്തപുരം അതിരൂപത അ ധ്യക്ഷൻ ഡോ. തോമസ് ജെ.നെറ്റോ മെയ് ഒന്നിന് ഇടവകകളായി ഉയർത്തി. അഞ്ചുതെങ്ങ് ഇടവകയുടെ സബ്സ്റ്റേഷൻ ആയിരുന്ന ചമ്പാവും മുട്ടട ഇട വകയുടെ സബ്സ്റ്റേഷൻ ആയിരുന്ന കുന്നുംപുറവുമാണ് പുതിയ ഇടവക കൾ. നിലവിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് 92 ഇടവകകളും 25 സബ്സ്റ്റേഷനുകളുമാണ് ഉള്ളത്.




*സ്വയംതൊഴിൽ സംരംഭത്തിന്റെ ഭാഗമായി പരുത്തിയൂർ ഇടവകയിലെ മോട്ടോർ വാഹന തൊഴിലാളികൾ വാങ്ങിയ ആംബുലൻസിന്റെ ഉദ്ഘാടനം റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. സബാസ് ഇഗ്നേഷ്യസ് നിർവഹിക്കുന്നു. ഇടവക വികാരി ഫാ. ജേക്കബ് സ്റ്റെല്ലസ് സമീപം*

## ഡോ. ചാൾസ് ലിയോൺ സിസിബിഐ ദൈവവിളി കമ്മീഷൻ സെക്രട്ടറി



തിരുവനന്തപുരം: സിസിബിഐ കമ്മിഷൻ ഫോർ വൊക്കേഷൻസ് എക്സിക്യൂട്ടീവ് സെക്രട്ടറിയായി ഡോ. ചാൾസ് ലിയോൺ നിയമിതനായി. കെആർഎൽസിബിസി ദൈവവിളി കമ്മീഷൻ, കെസിബിസി വിദ്യാഭ്യാസ കമ്മിഷൻ, മേജർ സെമിനാരിറെക്ടേഴ്സ് അസോസിയേഷൻ, ഇന്ത്യൻ രൂപതാ വൈദിക കോൺഫറൻസ് എന്നിവയുടെ സെക്രട്ടറികൂടിയാണ് തിരുവനന്തപുരം അതിരൂപതാംഗമായ ഡോ. ചാൾസ് ലിയോൺ.

## മാധ്യമ ശില്പശാല സംഘടിപ്പിച്ചു

തിരുവനന്തപുരം: മാധ്യമ വിദ്യാർത്ഥികൾക്കും മാധ്യമ പ്രവർത്തനത്തിൽ താല്പര്യമുള്ള യുവാക്കൾക്കുമായി കോസ്റ്റൽ സ്റ്റുഡൻറ്സ് കൾച്ചറൽ ഫോറവും തിരുവനന്തപുരം ലത്തീൻ അതിരൂപതാ മീഡിയ കമ്മീഷനും ചേർന്ന് മാധ്യമ പഠന ശില്പശാല സംഘടിപ്പിച്ചു. 'മ' എന്ന് പേര് നൽകി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന ക്യാംപിൽ പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളിൽ മാധ്യമ സാക്ഷരത വളർത്തുക, പ്രിന്റ്, ടെലിവിഷൻ, ന്യൂമീഡിയ സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പൊതുജനങ്ങളുമായി സംവദിക്കാനുള്ള പരിശീലനം, ഫെയ്സ്ബുക്ക്, ടിറ്റർ പോലുള്ള ആധുനിക സമൂഹമാധ്യമങ്ങളുടെ ഉപയോഗം, മികച്ച മാധ്യമ സംസ്കാരം വളർത്തൽ തുടങ്ങിയവയിൽ ക്ലാസുകളും പരിശീലനവും നൽകി.



*ശ്രീകാര്യം വികാസ് നഗറിൽ പുതുതായി പണി കഴിപ്പിച്ച സെന്റ് ജോസഫ്സ് ഇടവക ദേവാലയത്തിന്റെ ആശീർവാദവും ഉദ്ഘാടനവും തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ.തോമസ് ജെ നെറ്റോ നിർവ്വഹിക്കുന്നു. ഇടവക വികാരി ഫാ.റോബിൻസൺ, അതിരൂപത പ്രൊക്കുറേറ്റർ ഫാ. പയസ് എന്നിവർ സമീപം*



*അതിരൂപതാ മാധ്യമകമ്മീഷനും കോസ്റ്റൽ സ്റ്റുഡന്റ്സ് കൾച്ചറൽ ഫോറവും സംയുക്തമായി സംഘടിപ്പിച്ച മാധ്യമ ശില്പശാലയിൽ പങ്കെടുത്തവർ മീഡിയ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ദീപക് ആന്റോ, ഡോ. ഐറിസ് എന്നിവരോടൊപ്പം*

# പൂവാർ എസ്.ബി.എഫ്.എയ്ക്ക് റാവിസ് കപ്പ്

പൂവാർ: പൂവാർ എസ്.ബി.എഫ്.എ. ഒന്നിനെതിരെ 2 ഗോളുകൾക്ക് സെന്റ് തോമസ് വലിയവേളിയെ പരാജയപ്പെടുത്തിക്കൊണ്ടാണ് സെവൻസ് ടൂർണമെന്റിൽ സെന്റ്. ബേർത്തലോമിയോ ഫുട്ബോൾ അസോസിയേഷൻ, പൂവാർ കപ്പ് സ്വന്തമാക്കിയത്. സബ് കളക്ടർ അനു എസ്. നായർ, നടൻ ബാബു ആന്റണി, ജോബി ജോസഫ്, അനിൽ ജോർജ് എന്നിവർ ചേർന്ന് ഒരു ലക്ഷം രൂപ ക്യാഷ് അവാർഡും കപ്പും വിജയികൾക്ക് സമ്മാനിച്ചു.

ജൂനിയർ വിഭാഗത്തിൽ കോവളം എഫ്.സി താരങ്ങൾ വിജയം സ്വന്തമാക്കി. സെന്റ് അലോഷ്യസ് പള്ളത്തെ ഒന്നിനെതിരെ പൂജ്യത്തിന് പരാജയപ്പെടുത്തി. കോവളം എഫ്.സി. മലപ്പുറത്തെയും സെന്റ് അലോഷ്യസ് പള്ളം, നേതാജി തൂത്തൂരിനെയും പരാജയപ്പെടുത്തിയാണ് ഫൈനലിൽ എത്തിയത്.

പൂവാർ എസ്.ബി.എഫ്.എ. ടീമംഗം സച്ചിൻ മികച്ച കളിക്കാരനായി തിരഞ്ഞെടുക്കപ്പെട്ടു. സെന്റ് തോമസ് വലിയവേളിയിലെ എൽക്റ്റൻ മികച്ച ഗോൾകീപ്പറായും, കോവളം എഫ്സിയുടെ ജിത്തുവിനെ ഭാവിയുടെ താരമായും തിരഞ്ഞെടുത്തു.

കടലോരം സൊസൈറ്റി ഫോർ എംപവറിംഗ് യൂത്തിന്റെ നേതൃത്വത്തിലാണ് ടൂർണമെന്റ് നടന്നത്.പ്രസിഡന്റ് ടി. ജെ. മാത്യു, റാവിസ് ഗ്രൂപ്പ് ജനറൽ മാനേജർ അനിൽ ജോർജ്, ഹെഡ് കോച്ച് എബിൻ റോസ് തുടങ്ങിയവർ നേതൃത്വം നൽകി.

## അഞ്ചുതെങ്ങിൽ വിശുദ്ധ ദേവസഹായത്തിന്റെ തിരുനാൾ

ഭാരതത്തിലെ ആദ്യ അൽമായ വിശുദ്ധനായ ദേവസഹായത്തിന്റെ തിരുനാൾ അഞ്ചുതെങ്ങു ഇടവകയിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോയുടെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയോടെയാണ് തിരുനാൾ സമാപിച്ചത്.

അഞ്ചുതെങ്ങുഗ്രാമത്തിനും സെന്റ് പീറ്റേഴ്സ് ദേവാലയത്തിനും വിശുദ്ധ ദൈവസഹായവുമായി അഭേദ്യമായ ബന്ധമാണുള്ളത്. 1750 ജൂലൈ 30 മുതൽ ഓഗസ്റ്റ് 31 വരെ അഞ്ചുതെങ്ങ് കോട്ടയുടെ അരികിൽ കെട്ടിയിട്ടാണ് വിശുദ്ധ ദേവസഹായത്തെ പീഡിപ്പിച്ചത്. തുടർച്ചയായ പീഡനങ്ങൾ ഏറ്റുവാങ്ങി 1752 ജനുവരി 14 ന് കാറ്റാടിമലയിൽ വച്ച് വെടിയേറ്റ് രക്തസാക്ഷിയായിത്തീർന്നു.

തിരുനാളിന്റെ ഭാഗമായി അഞ്ചുതെങ്ങ് കോട്ടയിൽ നിന്നും വിശുദ്ധ ദേവസഹായത്തിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ചപ്രപ്രദക്ഷിണവും തുടർന്ന് സമൂഹ ദിവ്യബലിയും നടന്നു.



*അഞ്ചുതെങ്ങ് സെന്റ് പീറ്റേഴ്സ് ഇടവക തിരുനാളിനോടനുബന്ധിച്ച് അഞ്ചുതെങ്ങ് കോട്ടയിൽ നിന്നും വിശുദ്ധ ദൈവസഹായത്തിന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം.*




# വരയൻ

## വർത്തമാനകാലത്തോട് സംവദിക്കുമ്പോൾ

**വിപണിക്കായിത്തന്നെ സൃഷ്ടിക്കപ്പെട്ട 'വരയൻ' എന്ന സിനിമ എന്തുകൊണ്ട് ജീവനും വെളിച്ചവും മാസികയ്ക്ക് പ്രസക്തമാകുന്നു.**



ഫാ. ദീപക് ആന്റോ

മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ഭാഗമായി തീയ്ക്കു ചുറ്റുമിരുന്നു കഥപറയുന്നവനായിരുന്നു ആദ്യകാല ഇൻഫ്ളുവെൻസർ അഥവാ ലീഡർ. അയാൾ പൊതുവായ ജന-അഭിപ്രായം രൂപീകരിക്കുന്നതിൽ വലിയ പങ്കുവച്ചു. വൈകുന്നേരങ്ങളിലെ ജനങ്ങളുടെ സമയവും ശ്രദ്ധയും മനസ്സും ഈ ആദ്യകാല 'ഇൻഫ്ളുവെൻസറിന്' സ്വന്തമായിരുന്നു. ജനങ്ങളുടെ ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ ഇതുപോലെ ലളിതമായി നല്ല കഥകൾ ആസ്വാദ്യമായി പറഞ്ഞു കടന്നുപോയവനായിരുന്നു നമ്മുടെ ഗുരുവും നാഥനുമായ ക്രിസ്തു. ആശയ സംവദേനത്തിന് തന്റെ ഭാഷയും ഭാഷാസങ്കേതങ്ങളും കഥക

ളുപയോഗിച്ച ഗുരുവിന്റെ വഴിയേ നടക്കുകയാണ് ഫാ. ഡാനി കപ്പൂച്ചിനെന്ന് വരയൻ സിനിമ കണ്ടുകഴിയുമ്പോൾ പറയാൻ തോന്നുന്നു.

ഗുരുവിനെ വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് പലപ്പോഴും മനസ്സിലാക്കാൻ പോലും പറ്റാത്തതരത്തിൽ സംസ്കാരിക്കുന്നവർക്കിടയിലേക്കാണ് പൂർണമായും കോമേഴ്സ്യലായ ഒരു സിനിമയുമായി ഒരച്ചൻ എത്തുന്നത്. സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിൽ കഥ പറയുക എന്നതാണ് അടിസ്ഥാനപരമായി സിനിമയെ വിജയിപ്പിക്കുന്ന ഘടകമെന്നത് ഒരിക്കൽക്കൂടി ഓർമിപ്പിച്ചു 'വരയൻ'. വിപണി മുന്നോട്ട് വയ്ക്കുന്ന വ്യാകരണമനുസരിച്ച് പറഞ്ഞൊരു കഥയെന്നതു മാത്രമല്ല ഒരു ഫ്രാൻസിസ്കൻ വൈദികൻ രൂപപ്പെടുത്തിയ പള്ളിയും പാട്ടക്കാരനും, സഭയും, രൂപതയുമൊക്കെ പ്രമേയമാകുന്നൊരു കഥ കോമേഴ്സ്യലായി ലാഭമുണ്ടാക്കുന്ന തരത്തിൽ പറയാനും വിജയിപ്പിക്കാനും സാധിച്ചു എന്നത് ഏറെ സന്തോഷം നൽകുന്നുണ്ട്.

ഇതിനുമുൻപും വൈദികർ മുഖ്യകഥാപാത്രമായും സഹകഥാപാത്രമായും എത്തുന്ന നിരവധി സിനിമകളുണ്ടായിട്ടുണ്ടെങ്കിലും വൈദികൻ എഴുതി വൈദികൻ മുഖ്യകഥാപാത്രമായ മുഴുനീള എന്റർടൈൻമെന്റുമായി എത്തുന്ന ആദ്യ സിനിമയാകും വരയൻ. ഈ സിനിമ ഒരു കലാസൃഷ്ടി എന്ന നിലയിൽ വിലയിരുത്തപ്പെടുന്നതിനൊപ്പം തന്നെ ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയുടെ നന്മകളിലേക്ക് കൂടി വെളിച്ചം വീഴ്ത്തുന്നുണ്ട്.

നായകനായ കപ്പൂച്ചിൻ വൈദികനിൽ കേരളം കണ്ടനുഭവിക്കുന്ന നിരവധി കപ്പൂച്ചിൻസമർപ്പിതരുടെ അടരുകളുണ്ട് എന്നതിൽ സംശയമില്ല. കുടുംബബന്ധങ്ങളെക്കുറിച്ച് തമാശ പറഞ്ഞും പൊട്ടിച്ചിരിച്ചും സംസാരിക്കുന്ന ജോസഫ് പുത്തൻപുരക്കലച്ചനും, സന്യാസത്തിന്റെ അർത്ഥമെന്തെന്ന് നാനാജാതിമതസ്ഥരായ മനുഷ്യരെ നിരന്തരം വാക്കുകളിലൂടെയും ജീവിതത്തിലൂടെയും ഓർമിപ്പിക്കുന്ന ബേബി ജോസച്ചനും, നന്മകൾ ചെയ്തുകടന്നുപോയ തിയോഫിനച്ചനും, ചിത്രകാരനായ ജോയ്സനച്ചനുമൊക്കെ നായകനെ ബിഗ് സ്ക്രീനിൽ കാണുമ്പോൾ നമ്മുടെ മനസ്സിലെത്തുന്നു.

കഥ നടക്കുന്ന നാട്ടിലെ കുട്ടികൾ വരച്ച കുറേ വർണാഭമായ ചിത്രങ്ങൾ അതിപാവനമായ ദൈവാലയത്തിനുള്ളിൽ പ്രതിഷ്ഠിക്കുമ്പോഴും ടൈഗർ എന്ന നായയെ മെരുക്കിയെടുക്കുമ്പോഴും കുഞ്ഞുങ്ങളെ കൂടെ കൂട്ടുമ്പോഴും ക്ഷമയെക്കുറിച്ച് പ്രസംഗിക്കുമ്പോഴുമെല്ലാം നായകനിലൂടെ ഡാനിയലച്ചൻ സൂക്ഷിച്ച് കടത്തുന്നത് ഫ്രാൻസിസിന്റെ ആദ്ധ്യാത്മികതയുടെ ഭാവങ്ങൾ തന്നെയാണ്.

രൂപതാ വൈദികർ പഠിച്ച പണി പതിനെട്ടും പയറ്റി പ്രസംഗിച്ചിട്ടും ഉപദേശിച്ചിട്ടും തല്ലിയിട്ടുമൊന്നും നന്നാകാൻ തയ്യാറാകാത്ത 'കലിപ്പക്കര'യെന്ന കൊച്ചിടവകയിലേക്ക് ഫ്രാൻസിസ്കൻ നന്മകളുമായി വന്നു കയറുന്ന പുതിയ ഇടവക വികാരിയും, വികാരിയെ ഓടിക്കാൻ ശ്രമിക്കുന്നവരും തമ്മിലുള്ള സംഘർഷമാണ് മുഖ്യപ്രമേയമെങ്കിലും, സൗഹൃദവും, കുട്ടികളും, കുടുംബങ്ങളും, പ്രണയവുമൊക്കെ കഥക്ക് ചേരുമ്പടി മാർക്കറ്റിനിണങ്ങിയ രീതിയിൽ ചേർത്ത് മൊത്തത്തിൽ ഒരു വിഭവമാക്കി മാറ്റിയിട്ടുണ്ട് ഡാനിയച്ചൻ.

നായകനായ എബിയച്ചൻ മാത്രമല്ല, മനസ്സും ഹൃദയവും നിറക്കുന്ന ഒരുപാട് ഓർമ്മകൾ സിനിമ കണ്ടിറങ്ങുമ്പോൾ ബാക്കിയാവുന്നുണ്ട്. കലിപ്പക്കര എന്ന ഗ്രാമത്തിന്റെയും കായൽ പരമ്പിന്റെയും, ദൃശ്യഭംഗം ഒട്ടും നഷ്ടപ്പെടാതെ ഛായാഗ്രഹണം നിർവഹിച്ച രജീഷ് രാമനും, അതിഭാവുകത്വം കലരാതെ എബിയച്ചനെ വല്ലാത്തൊരു ലാളിത്യത്തോടെ അവതരിപ്പിച്ച സിജു വിൽസൺ എന്ന നടനും, ഇത്തരമൊരു കഥ യാഥാർത്ഥ്യബോധത്തോടെ വിപണിമൂല്യങ്ങളെ മനസ്സിലാക്കി കരുതലോടെ കൈകാര്യം ചെയ്ത സംവിധായകനായ ജിജോ ജോസഫും മനോഹരമായ പാട്ടുകളെഴുതിയ ഹരിനാരായണനും സംഗീതം നൽകിയ പ്രകാശ് അലക്സുമെല്ലാം പ്രത്യേകം പരാമർശിക്കപ്പെടേണ്ടവർ തന്നെയാണ്. അത്ഭുതപ്പെടുത്തിക്കളയുന്ന പ്രകടനം കാഴ്ചവച്ച ബാലതാരങ്ങളുടെ ഒരുനിരതന്നെയുണ്ട്.

നായകനെ മഹത്വവൽക്കരിക്കാനും വില്ലനെ താഴ്ത്തിക്കെട്ടാനും കഥയിൽ ചേർത്തിട്ടുള്ള ചേരുവകൾ കൈവിട്ടുപോയില്ല എന്നതാണ് കഥാകൃത്തിനെ അഭിനന്ദിക്കാൻ എടുത്തുപറയേണ്ടകാര്യം. കഥ പറയുക, എന്നതുമാത്രമല്ല, പ്രേക്ഷകനെ മടുപ്പിക്കാതെ ആകർഷകമായി പറയുക എന്നതും പ്രാധാന്യമുള്ളതാണെങ്കിൽ ഡാനിയലച്ചൻ കഥ പറയുകമാത്രമല്ല, അത് രസകരമായി മടുപ്പിക്കാതെ പറയുന്നതിൽ വിജയിച്ചിരിക്കുന്നു. ■



**ജിജോ ജോസഫ്**
സംവിധായകൻ



**ഫാ. ഡാനി കപ്പൂച്ചിൻ**
തിരക്കഥാകൃത്ത്



**സിജു വിൽസൻ**
നായകൻ



**ജൂഡ് ആന്റണി ജോസഫ്**
നടൻ

നീർച്ചാൽ

# ഒറ്റയ്ക്കാക്കാത്ത ക്രിസ്തുവും കൂടെ നിൽക്കുന്ന പരിശുദ്ധാത്മാവും

**പെന്തക്കുസ്താ ഞായർ (ജൂൺ 5)**

അപ്പ. 2:1-11. റോമ. 8: 8-17. യോഹ. 14: 15-16, 23-26

**ഫാ. വർഗീസ് ജോസഫ്**

എല്ലാം നഷ്ടപ്പെട്ടു എന്നുകരുതി ഒരുമിച്ചു കൂടിയവർക്ക് എല്ലാം ഒന്നുകൂടി തുടങ്ങാൻ ചരിത്രം വഴിവച്ച ദിവസമാണ് പെന്തക്കുസ്താ തിരുനാൾ. പെസഹാ തിരുനാളിന് ശേഷം അൻപത് ദിവസം കഴിഞ്ഞാണ് യഹൂദർ പെന്തക്കുസ്താ തിരുനാൾ ആഘോഷിച്ചിരുന്നത്. എല്ലാ യഹൂദ പുരുഷന്മാരും നിർബന്ധമായും ആഘോഷിക്കുന്ന മൂന്നു പ്രധാന തിരുനാളുകളിൽ ഒന്നാണ് പെന്തക്കുസ്താ തിരുനാൾ. ആ ദിവസം വയലിലെ ആദ്യഫലങ്ങൾ കർത്താവിന് സമർപ്പിക്കാൻ ജറുസലേമിൽ വരണം. അതാണ് നിയമം (പുറ. 23:16; ലേവ്യ. 23:15; സംഖ്യ 3:26)

ഒന്നാം വായനയിൽ ഭയന്ന് ഒരുമിച്ച് കൂടിയിരുന്ന അപ്പസ്തോലന്മാരുടെ ഇടയിൽ കൊടുങ്കാറ്റടിക്കുന്നപോലെ വലിയ ശബ്ദം ഉണ്ടാകുന്നു. ആത്മാവിന്റെ ആഗമനം അങ്ങനെ ആയിരിക്കുമെന്ന് യോഹ. 3:8 ൽ യേശുനാഥൻ അവർക്ക് പറഞ്ഞു കൊടുത്തിട്ടുണ്ട്. പഴയ നിയമത്തിൽ കാറ്റ് കർത്താവിന്റെ സാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത് (2 സാമു 5:24; 1 രാജ 19:11). പരിശുദ്ധാത്മാവ് നിറഞ്ഞവർ വിവിധ ഭാഷകളിൽ സംസാരിച്ചുതുടങ്ങി. ലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കുന്നതിന്റെ (മാർ. 16:17) ആരംഭത്തെ സൂചിപ്പിക്കുന്നതാണ് വിവിധ ഭാഷകളിലെ സംസാരം. പരിശുദ്ധാത്മാവിന്റെ ആഗമനം സുവിശേഷം പ്രസംഗിക്കുക എന്ന പരമ പ്രധാനമായ ദൗത്യത്തിലേക്കാണ് നയിക്കുന്നത്. അപ്പസ്തോലന്മാർ പിന്നീട് സുവിശേഷത്തിനു വേണ്ടിയാണ് ജീവിച്ചതും മരിച്ചതും. പരിശുദ്ധാത്മാവിനെ സ്വീകരിച്ച നമ്മൾ സുവിശേഷം വിവിധ ഭാഷകളിലൂടെ സംസാരിക്കാൻ മറന്നുപോകരുത്. ഹൈന്ദവ വിശ്വാസം തലമുറയായി കാത്തുപാലിച്ചിരുന്ന വി. ദേവസഹായം ജ്ഞാനസ്നാനത്തിനുശേഷം വെറും ഏഴ് വർഷമാണ് ഭൂമിയിൽ ജീവിച്ചത്. ഈ ഏഴുവർഷവും സുവിശേഷത്തിന് വേണ്ടിയാണ് ജീവിച്ചതും മരിച്ചതും സുവിശേഷകനാവുകയെന്നതാണ് നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി.

> ഹൈന്ദവ വിശ്വാസം തലമുറയായി കാത്തുപാലിച്ചിരുന്ന വി. ദേവസഹായം ജ്ഞാനസ്നാനത്തിനുശേഷം വെറും ഏഴ് വർഷമാണ് ഭൂമിയിൽ ജീവിച്ചത്. ഈ ഏഴുവർഷവും സുവിശേഷത്തിന് വേണ്ടിയാണ് ജീവിച്ചതും മരിച്ചതും

രണ്ടാം വായനയിൽ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ പരിശുദ്ധാത്മാവിന്റെ ദാനത്തെയും ഫലത്തേയും സൂചിപ്പിക്കുന്നതാണ്. ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ (1 കോറി 12:45). ഓരോരുത്തരുടെയും ജീവിതം വ്യത്യസ്തമാണ്. ജീവിത സാഹചര്യങ്ങളും വ്യത്യസ്തമാണ്. ജീവിത അനുഭവങ്ങൾ വ്യത്യസ്തമാണ്. വ്യത്യസ്തത നിറഞ്ഞ ജീവിതത്തിനിടയിൽ ലക്ഷ്യം ക്രിസ്തുവാണ്. മാർഗം ക്രിസ്തു വചനങ്ങളാണ്. അതിന് പ്രചോദനമാകുന്നത് ആത്മാവിന്റെ പ്രവർത്തനമാണ്. ക്രിസ്തുവിന്റെ ശിഷ്യനാവുമെങ്കിൽ അതിന് ഒരു സഹായകനെ നൽകും എന്ന് ഉറപ്പ് നൽകുന്നതും ക്രിസ്തുതന്നെ

യാണ്. എന്നേക്കും നിങ്ങളോടുകൂടിയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരുകയും ചെയ്യും (യോഹ: 14:10).

മൂന്നാം വായനയിൽ ശിഷ്യന്മാർ പേടിച്ച് കതകടച്ച് ഇരിക്കുകയാണ് (യോഹ. 20:19). അവരുടെ മദ്ധ്യേ വന്നു യേശു പറഞ്ഞു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ (യോഹ. 20:2122). ഇതാണ് ബലം. അവസാന ശ്വാസം വരെ നിലയ്ക്കാത്ത ഈ യാത്രയയിൽ പതറാതെ നിൽക്കാൻ സുവിശേഷം വഴിവിളക്കാകണം. ലക്ഷ്യം ക്രിസ്തുവാണെങ്കിൽ പ്രഘോഷണം ക്രിസ്തു വചനമായിരിക്കണം. എന്തുപറയണമെന്നോ എങ്ങനെ പറയണമെന്നോ ഓർത്ത് സങ്കടപ്പെടരുത്. പരിശുദ്ധാത്മാവ് സഹായകനാകും. തീർച്ച!

# പരിശുദ്ധ ത്രിത്വം

**പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ (ജൂൺ 12)**

സുഭാ. 8:22-31, റോമ. 5:1-5, യോഹ. 16: 12-15

**ഫാ. ഡൈസൻ**

ഒന്നും ഒന്നും രണ്ടല്ല. വലിയ ഒന്നാണെന്നാണ് ദമ്പതികളെ കുറിച്ച് പറയുന്നത്. ത്രിത്വത്തെ കുറിച്ചും ഇങ്ങനെ പറയാം: ഒന്നും, ഒന്നും, ഒന്നും മൂന്നല്ല ഒന്നാണ്. ത്രിത്വം മൂന്നു വ്യത്യസ്ത ദൈവങ്ങളിലുള്ള വിശ്വാസമല്ല. ഏക ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധത്മാവ് എന്ന മൂന്നു വ്യക്തികളിലുള്ള വിശ്വാസമാണ്. വ്യക്തിത്വത്തിൽ വ്യത്യസ്തരെങ്കിലും അവരുടെ ദൈവത്വം ഏകമാണ്. അതുകൊണ്ട് ത്രിത്വം മനുഷ്യന് വലിയ രഹസ്യമാണ്. സ്നേഹ സമൂഹമായി ജീവിക്കുന്ന ത്രിത്വം എല്ലാ കുടുംബങ്ങൾക്ക് മാതൃകയാണ്.

> പഴയനിയമം പിതാവിനെക്കുറിച്ചു വ്യക്തമായി പ്രഘോഷിച്ചു. എന്നാൽ പുത്രനെക്കുറിച്ചു വളരെ അവ്യക്തമായിട്ടാണു സംസാരിച്ചിട്ടുള്ളത്. പുതിയനിയമം പുത്രനെ വെളിപ്പെടുത്തി. ആത്മാവിന്റെ ദൈവികതയെക്കുറിച്ച് അൽപമാത്രം അറിവു നല്കുകയും ചെയ്തു. ഇപ്പോൾ ആത്മാവു നമ്മുടെയിടയിൽ വസിക്കുകയും തന്നെക്കുറിച്ചു തന്നെ കൂടുതൽ വ്യക്തമായ അറിവു തരുകയും ചെയ്യുന്നു

## 1. ത്രിത്വം- വലിയൊരു ദൈവീക രഹസ്യം

ആഴമുള്ള കടലിനെ ഒരു ചെറു കക്കത്തോട് കൊണ്ട് വറ്റിക്കാനാവുമോ? സർവ്വസംഹാരിയായ കൊടുംകാറ്റിനെ മനുഷ്യകരങ്ങൾകൊണ്ട് തടയാനാവുമോ? മലവെള്ളപാച്ചലിന് ഒരു മനുഷ്യന്റെ മുതുക് തടയായി തീരുമോ? അഥവാ അങ്ങനെ സംഭവിച്ചാൽ പോലും ഈ ലോകത്തിലെ ഏറ്റവും വലിയ ബുദ്ധിമാനായ മനുഷ്യനു പോലും ത്രിത്വത്തിന്റെ രഹസ്യം അനാവരണം ചെയ്യുവാൻ സാധിക്കുകയില്ല. കാരണം ത്രിത്വം ഒരു വിശ്വാസ രഹസ്യമാണ്. ഏക ദൈവത്തിൽ മൂന്നാളുകളുണ്ടെന്ന യാഥാർത്ഥ്യത്തെ സ്വന്തം യുക്തിയും ശക്തിയും കൊണ്ട് അറിയുവാൻ സാധിക്കുകയില്ല. ത്രിത്വത്തിന്റെ രഹസ്യം ചുരുളഴിക്കാൻ ശ്രമിച്ച ആദിമ ക്രൈസ്തവ യുഗത്തിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ വി. അഗസ്തീനോസ് മാലാഖയുടെ ഇടപെടൽ കാരണം പിൻമാറി. മധ്യകാലയുഗത്തിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ തോമസ് അക്വീനാസ് പരിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയപ്പോൾ യേശു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അഭിനന്ദിച്ചു. എന്നാൽ പരിശുദ്ധ ത്രിത്വത്തെസംബന്ധിച്ച രഹസ്യം അനാവരണം ചെയ്യാൻ ശ്രമിച്ചപ്പോൾ യേശു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പിൻതിരിപ്പിച്ചുവെന്നു പറയപ്പെടുന്നു. എന്നാൽ ത്രിത്വം മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണെങ്കിലും മനസ്സുകൊണ്ട്, ഹൃദയംകൊണ്ട്, ആത്മാവ് കൊണ്ട് അനുഭവവേദ്യമാകുന്ന യാഥാർത്ഥ്യമാണ്. പരിശുദ്ധ ത്രിത്വം ഒരു പ്രശ്നം എന്ന നിലയിൽ മറ്റു ശാസ്ത്ര വിഷയങ്ങളെപോലെ പഠിക്കുവാൻ ശ്രമിക്കുമ്പോൾ അബദ്ധ സിദ്ധാന്തങ്ങളിൽ നാം പതിക്കും. ദൈവം വെളിപ്പെടുത്തുന്നില്ലെങ്കിൽ മനുഷ്യർക്ക് അറിയാൻ കഴിയാത്ത രഹസ്യമാണ് ത്രിത്വം.

ത്രിയേകദൈവ രഹസ്യത്തെ ദൈവം പടിപടിയായിട്ടാണ് വെളിപ്പെടുത്തിയത്. അതുകൊണ്ട് ദൈവശാസ്ത്രജ്ഞനായ വിശുദ്ധ ഗ്രിഗറി നസിയാൻസ് ഇങ്ങനെ പറയുന്നു: “പഴയനിയമം പിതാവിനെക്കുറിച്ചു വ്യക്തമായി പ്രഘോഷിച്ചു. എന്നാൽ പുത്രനെക്കുറിച്ചു വളരെ അവ്യക്തമായിട്ടാണു സംസാരിച്ചിട്ടുള്ളത്. പുതിയനിയമം പുത്രനെ വെളിപ്പെടുത്തി. ആത്മാവിന്റെ ദൈവികതയെക്കുറിച്ച് അൽപമാത്രം അറിവു നല്കുകയും ചെയ്തു. ഇപ്പോൾ ആത്മാവു നമ്മുടെയിടയിൽ വസിക്കുകയും തന്നെക്കുറിച്ചു തന്നെ കൂടുതൽ വ്യക്തമായ അറിവു തരുകയും ചെയ്യുന്നു”. ബുദ്ധികൊണ്ട് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ നാം ചെന്നത്തുന്നത് വലിയ അബദ്ധങ്ങളിലും തെറ്റുകളിലുമാണ്. ഇങ്ങനെയുള്ള ഒരു പ്രധാന

പാഷണ്ഡതയാണ്: അരിയനിസം! നാലാം നൂറ്റാണ്ടിൽ ജീവിച്ച ക്രൈസ്തവ പുരോഹിതനായ ആരിയൂസ് പറയുന്നു: "ദൈവം ഏകനാണ്. അത് പിതാവായ ദൈവമാണ്. പുത്രൻ അവിടത്തെ സൃഷ്ടിമാത്രമാണ്. കാരണം പുത്രന് ഒരു ആരംഭമുണ്ട്. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന കേവലം ഒരു ചൈതന്യം മാത്രമാണ്. ഇത് തെറ്റായ പഠനമാണ്. കാരണം ആരിയൂസ് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവികത്വം നിഷേധിക്കുന്നു.

## 2. ത്രിത്വം-സ്നേഹസമൂഹം

ത്രിത്വത്തെക്കുറിച്ച് വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ വി. അഗസ്റ്റിൻ സ്നേഹത്തിന്റെ ഒരു ഉദാഹരണം നല്കുന്നുണ്ട്. സ്നേഹത്തിൽ സ്നേഹിക്കുന്നവനുണ്ട്, സ്നേഹിക്കപ്പെടുന്നവനുണ്ട്, അവർ തമ്മിലുള്ള സ്നേഹമുണ്ട്. സ്നേഹിക്കുന്നവൻ പിതാവായ ദൈവവും സ്നേഹിക്കപ്പെടുന്നവൻ പുത്രനായ ദൈവം. പിതാവും പുത്രനും തമ്മിലുള്ള സ്നേഹം പരിശുദ്ധാത്മാവായ ദൈവുമാണ്. ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനെ ശ്രവിക്കുവിൻ എന്നു പറഞ്ഞ്കൊണ്ട് പിതാവായ ദൈവം പുത്രനെ മഹത്വപ്പെടുന്നു. പുത്രനാകട്ടെ പിതാവിനെ മഹത്വപ്പെടുത്തുന്നത് തന്റെ പ്രവർത്തനങ്ങളിലൂടെയാണ് (യോഹ 11: 41-43). മാത്രമല്ല പിതാവും പുത്രനും പരിശുദ്ധാത്മാവിനെ മഹത്വപ്പെടുത്തുന്നു (യോഹ 15:26, യോഹ 14:16). പിതാവും പുത്രനും പരിശുദ്ധാത്മാവും ഐക്യത്തിൽ, സ്നേഹത്തിൽ ഒരു സമൂഹമായി ജീവിക്കുന്നു. ത്രിത്വത്തിൽ അന്യൻ എന്ന ചിന്തയില്ല. ദൈവം ഒരു സ്നേഹസമൂഹമായി ജീവിക്കുന്നതുപോലെ മനുഷ്യരായ നമ്മളും ഒരു സ്നേഹസമൂഹമായി ജീവിക്കണം. തീവ്ര വ്യക്തി വാദത്തിന്റെ പേരിൽ ഒറ്റപ്പെട്ട ദ്വീപുകളായി ജീവിക്കേണ്ടവരല്ല നമ്മൾ. ഒരു സ്നേഹസമൂഹമായി ജീവിക്കേണ്ടവരാണ്. സഭാപ്രസംഗകൻ പറയുന്നു, രണ്ടുപേർ ഒരാളെക്കാളും മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായ രീതിയിൽ അദ്ധ്വാനിക്കുവാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കും. രണ്ടുപേരാണെങ്കിൽ ചെറുക്കാൻ കഴിയും. മുപ്പിരിച്ചരട് വേഗം പൊട്ടുകയില്ല (സഭ 4:9-12). സുഭാഷിതങ്ങളിൽ പറയുന്നു. ആപത്തിൽ പങ്കുചേരുവാൻ ജനിച്ചവനാണ് സഹോദരൻ (സുഭാ 17:17). സഹോദര സഹായമുള്ളവൻ ഉറപ്പുള്ള പട്ടണം പോലെ സുരക്ഷിതനാണ് (18:19). അതെ, ഓരോ മനുഷ്യനും തന്റെ സഹോദരന്റെ കാവല്ക്കാരനാണ്. എന്നാൽ ഇന്ന് മനുഷ്യൻ മനുഷ്യന് അന്യനായി ജീവിക്കുന്നു. അവൻ തുടരെത്തുടരെ ആദിയിൽ കായേൻ മുഴക്കിയ ചോദ്യം ചോദിക്കുന്നു: ഞാൻ എന്റെ സഹോദരന്റെ കാവല്ക്കാരനാണോ? (ഉല്പ 4:9). ത്രിത്വം നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ ഇടയിൽ അന്ന്യനെന്ന ചിന്ത പാടില്ലെന്നാണ്. ഒരാളുടെ സന്തോഷം എല്ലാവരുടെയും സന്തോഷമാണ് ഒരാളുടെ വിജയം എല്ലാവരുടെയും വിജയമാണ് സഹോദര്യത്തിൽ മനസ്സുകളുടെയും, ഹൃദയങ്ങളുടെ യോജിപ്പുണ്ടാകണം.

## 3. ത്രിത്വം-ഒരു മാതൃക കുടുംബം

ഒരു കുടുംബം എങ്ങനെ മാതൃകാകുടുംബമായി ജീവിക്കണമെന്ന് ത്രിത്വം നമ്മെ പഠിപ്പിക്കുന്നു. ആദ്യമായി കപടതയുടെ മൂടുപടമില്ലാതെ കുടുംബാംഗങ്ങൾ സത്യസന്ധതയിൽ ജീവിക്കണം. ദൈവീക മുഖമുള്ള മനുഷ്യരാകേണ്ട കുടുബാംഗങ്ങൾ പൊയ്മുഖങ്ങൾ അണിയുന്നതിലൂടെ കുടുംബത്തെ ഏറ്റവും വലിയ അഭിനയക്കളരിയായി മാറ്റുന്നു. അങ്ങനെ കുടുംബത്തിന്റെ ആത്മാവിന് മുറിവേല്ക്കുകയും കുടുംബത്തിന്റെ പരിശുദ്ധിക്ക് കളങ്കമേല്ക്കുകയും ചെയ്യുന്നു.

രണ്ടാമതായി, കുടുംബത്തിൽ കണ്ടെത്തേണ്ട ആനന്ദവും സുഖവും പുറമേ കണ്ടെത്തുവാൻ ശ്രമിക്കുമ്പോൾ കുടുംബം ഭാരമായി മാറുന്നു. കുടുംബത്തിലൊരാൾ എന്റെ സുഖത്തിന്, സന്തോഷത്തിന് തടസമാകുമെന്ന് തോന്നുമ്പോൾ അയാളെ വകവരുത്താൻ ഞാൻ തയ്യാറാവും. അങ്ങനെ സഹോദരന്റെ കാവലാകേണ്ടയാൾ കൊലയാളിയായി മാറുന്നു. ജീവിത പങ്കാളിയെ ഹൃദയത്തോടു ചേർത്തു പിടിക്കേണ്ടവൻ അവളുടെ ജീവൻ വിഷപാമ്പുകളെ കൊണ്ട് അപഹരിക്കുന്നവനായി മാറുന്നു. രണ്ടു സഹോദരർ തമ്മിൽ പിണങ്ങി. ഒരു പാമ്പാട്ടി ഈ വിവരമറിഞ്ഞു. കൂട നിറയെ വിഷപ്പാമ്പുകളെയും കൊണ്ട് മൂത്ത സഹോദരന്റെ വീട്ടിലെത്തി. അയാൾ അവരോടു പറഞ്ഞു. ഇളയ സഹോദരൻ നിങ്ങളെ തോല്പിക്കാൻ ഭയങ്കര വിഷപ്പാമ്പുകളെ എന്നോട് വാങ്ങിയിരിക്കുകയാണ്. നിങ്ങൾക്കു വേണമെങ്കിൽ അത്തരം പാമ്പുകളെ ത്തരാം. ഇളയ സഹോദരന്റെ മുമ്പിൽ മുട്ടുകുത്താൻ തയ്യാറല്ലാത്ത മൂത്ത സഹോദരൻ പാമ്പാട്ടിയോട് വിഷപ്പാമ്പുകളെ വാങ്ങി സൂക്ഷിച്ചു. മൂത്ത സഹോദരനോടു പറഞ്ഞ ഇതേ കാര്യം ഇളയ സഹോദരനോടും പറഞ്ഞു. പാമ്പാട്ടി പാമ്പുകളെ വിറ്റു. രണ്ടു സഹോദരന്മാരും തമ്മിൽ കടുത്ത മത്സരത്തിലും ഭീതിയിലും കഴിഞ്ഞുകൂടി. ഇന്ന് ലോകം ഇതുപോലെ നശീകരണസാമഗ്രികൾ കുമ്പാരം കൂട്ടിക്കൊണ്ട് പരസ്പരം ഭയന്നും മത്സരിച്ചും കഴിഞ്ഞുകൂടുന്നു. സ്വർത്ഥതയ്ക്ക് ഞാൻ അടിമപ്പെടുമ്പോൾ കുടുംബത്തിലെ വ്യക്തികളെ പോലും വസ്തുക്കളായി കാണുന്ന തരത്തിലേക്ക് ഞാൻ അധപതിക്കും!

മൂന്നാമതായി കുടുംബാംഗങ്ങളെ പരസ്പരം ആദരിക്കാനും അംഗീകരിക്കാനും പഠിക്കണം. തെറ്റുകളും കുറ്റങ്ങളും പെരുപ്പിച്ച് കാണിക്കാതെ നന്മയെ പരിപോഷിപ്പിക്കുമ്പോൾ കുടുംബങ്ങളിൽ ആനന്ദമുണ്ടാകുന്നു. അർഹതയുള്ള ആദരവും അംഗീകാരവും തിരസ്കരിക്കപ്പെടുമ്പോൾ കുടുംബങ്ങൾ ഉൾപോരിന്റെ, അന്തഃചിദ്രത്തിന്റെ ഇടമായി മാറുന്നു. ത്രിത്വത്തിൽ ഒരാൾ മറ്റൊർക്കുവേണ്ടി ജീവിക്കുന്നു; പരസ്പരം ബഹുമാനിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സ്വർത്ഥതയില്ലാതെ സമർപ്പണത്തിന്റെ അരൂപിയിലാണ് ത്രിത്വം ജീവിക്കുന്നത്.

ത്രിത്വം ഒരു ദൈവീക രഹസ്യമായതുകൊണ്ട്, ദൈവീക വെളിപ്പെടുത്തലിനു ഹൃദയം തുറന്നു കൊടുമ്പോൾ ത്രിയേക ദൈവത്തെ അനുഭവിക്കാൻ സാധിക്കും. വ്യത്യസ്തകൾ ഉണ്ടെങ്കിലും ഒരു സ്നേഹസമൂഹമായി ജീവിക്കുന്ന ത്രിത്വം മനുഷ്യരായ നമ്മെ സ്നേഹസമൂഹമായി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു. ത്രിത്വമെന്ന ദൈവീക കുടുംബം ഈ ലോകത്തിലെ എല്ലാ കുടുംബങ്ങൾക്കും മാതൃകയാണ്. ഈ മാതൃക സ്വീകരിച്ചാൽ നമ്മുടെ കുടുംബം സ്വർഗ്ഗമാകും. ■

# കോർപ്പുസ് ക്രിസ്തി

**ദിവ്യകാരുണ്യ തിരുനാൾ (ജൂൺ 19)** ഉല്പ. 14: 18-20, 1 കോറി. 11: 23-26, ലൂക്ക. 9: 11-17

**ഫാ. പ്രബൽ**

അപ്പം മുറിച്ചുനൽകിയവൻ സ്വയം അപ്പമായി മാറിയതിന്റെ ഓർമ്മപ്പെടുത്തലാണ് യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാൾ ലത്തീൻ ഭാഷയിൽ കോർപ്പുസ് ക്രിസ്തി (corpus christi). ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ ദിവ്യബലിയെക്കുറിച്ച് പറയുക, ദിവ്യബലി ഒരു നാടകമാണ്. ദുരന്തനാടകമല്ല; ആനന്ദപര്യവസായിയായ നാടകം. ഉത്ഥാനമാണ് അതിന്റെ ക്ലൈമാക്സ്. മൂന്നുവർഷമായിരുന്നു റിഹേഴ്സലുകൾ നടന്നത്. അരങ്ങേറ്റം അത്താഴവിരുന്നിന്റെ അവസരത്തിലും. ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന ഡയറക്ടറും നായകനുമായവന്റെ കല്പനയോടെ പല സ്റ്റേജുകളിലും അവതരണം നടന്നുകൊണ്ടിരിക്കുന്നു.

> **കർത്താവായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ തിരുനാൾ ആഘോഷിക്കുമ്പോൾ ശരീരരക്തങ്ങൾ സ്വീകരിച്ചുകൊണ്ട് അവിടുത്തെ പീഡാനുഭവത്തിലും മരണത്തിലും നാം പങ്കുചേരണം. നമ്മുടേയും സഹോദരങ്ങളുടേയും നൊമ്പരങ്ങൾ ബലിപീഠത്തിൽ അർപ്പിക്കുമ്പോൾ ഈ പങ്കുചേരൽ എളുപ്പമാകും.**

ഗുരു ശിഷ്യന്മാരെ വിദ്യ അഭ്യസിപ്പിച്ചതിന്റെ അവസാനം പറയുകയാണ് 'ഇത് നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്ന്. ഉറപ്പായും വിദ്യാർഥികൾ സംശയം ചോദിക്കും. എന്താണ് ചെയ്യേണ്ടത്? എങ്ങനെയാണ് ചെയ്യേണ്ടത്? എപ്പോഴാണ് ചെയ്യേണ്ടത്? എന്തൊക്കെ കാര്യങ്ങളാണ് ഓർമിക്കേണ്ടത്? സംശയ നിവാരണം ആവശ്യമാണ്. യേശുവെന്ന ഗുരു മൂന്നു വർഷത്തെ പരിശീലനത്തിൽ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നൽകിയതിനാൽ ബലിയുടെ പുനരവതരണത്തിന് ബുദ്ധിമുട്ടുണ്ടായില്ല. പുനരവതരണം ഏറ്റവും ഭംഗിയായി പൗലോസ് സ്വന്തം അനുഭവത്തിൽ നിന്നും (1 കോറി. 11:23-34 ൽ) വിവരിക്കുന്നുമുണ്ട്.

യേശുവിന്റെ ദിവ്യകാരുണ്യത്തിലെ സാന്നിധ്യത്തെക്കുറിച്ച് സംശയങ്ങൾ ഇന്ന് വിശ്വാസികൾക്കില്ല. ഇന്ന് സംഭവിക്കുന്ന നിരവധിയായ ദിവ്യകാരുണ്യ അത്ഭുതങ്ങൾ ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾക്കും നിരീക്ഷണങ്ങൾക്കും അപ്പുറത്താണ്. യേശുവിന്റെ ശരീരവും രക്തവും സാക്ഷ്യങ്ങളാണ്. യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാൾ ദിനത്തിൽ ദിവ്യകാരുണ്യത്തിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിന് നമ്മുടെ ജീവിതത്തിലെ പ്രസക്തിയെക്കുറിച്ച് വിചിന്തനം ചെയ്യുക നന്നായിരിക്കും. അൾത്താരയിലും സക്രാരിയിലും അലങ്കരിക്കപ്പെട്ട അരുളിക്കയിലുമൊക്കെ സന്നിഹിതനാകുന്ന ക്രിസ്തുവിനെ എന്റെ ഹൃദയത്തിൽ എപ്രകാരമാണ് ഞാൻ സ്വീകരിക്കുന്നത്? ഹൃദയങ്ങളിൽ സ്വീകരിക്കാത്ത കർത്താവിനെ സ്വർണംപൂശിയ അരുളിക്കകളിൽ പ്രതിഷ്ഠിക്കുന്നത് കപട ഭക്തി തന്നെയല്ലേ. ഹൃദയം സക്രാരിയാക്കാതെ നിത്യാരാധന ചാപ്പലുകളിൽ മാത്രം യേശുവിനെ കണ്ടെത്താൻ വെമ്പുന്നത് വിശ്വാസ ശോഷണത്തിന്റെ ഉദാഹരണമല്ലേ.

ദിവ്യകാരുണ്യം എന്റെ ഹൃദയത്തിന്റെ അന്നമായി മാറണം. അഞ്ച് അപ്പവും രണ്ടു മത്സ്യങ്ങളുമായി വലിയ ഒരു ജനാവലിയുടെ മുമ്പിൽ നിൽക്കുന്ന യേശു അവ ആശീർവദിച്ചപ്പോൾ അത്ഭുതം സംഭവിച്ചു. അവിടെ സന്നിഹിതരായ ജനക്കൂട്ടത്തിന് അത് ആശ്വാസമായി, അനുഗ്രഹമായി. പരാജയമായി മാറുന്ന മനുഷ്യപ്രയത്നങ്ങളുടെ മേൽ ദൈവത്തിന്റെ കരങ്ങൾ ഉയരുമ്പോൾ അത് വിജയകരമായി മാറുന്നു. ചിലപ്പോഴെങ്കിലും ജീവിതത്തിൽ ശിഷ്യന്മാരെപ്പോലെ നിസ്സഹായരായി നിൽക്കേണ്ടിവരാറുള്ള നമുക്ക് യേശുവിന്റെ ഈ അത്ഭുതപ്രവൃത്തി പ്രത്യാശ നൽകുന്നതാണ്. നമ്മുടെ അധ്വാനങ്ങളും പരിശ്രമങ്ങളും ആഗ്രഹങ്ങളും നിസ്സഹായാവസ്ഥകളും യേശുക്രിസ്തുവിന്റെ ആശീർവദിക്കുന്ന കരങ്ങളിലേക്ക് ചേർത്തുവയ്ക്കാം. അപ്പം വർധിപ്പിച്ചുകൊണ്ട് യേശുപ്രവർത്തിച്ച ഭൗതികമായ ഈ അത്ഭുത പ്രവർത്തി ആഴമായ ആത്മീയ സത്യങ്ങളിലേക്ക് വിരൽചൂണ്ടുന്നതാണ്. അപ്പം വർധിപ്പിച്ച് അത്ഭുതം പ്രവർത്തിച്ചതിനുശേഷം യേശു ജീവന്റെ അപ്പത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. അപ്പം വർധിപ്പിച്ച് അത്ഭുതം പ്രവർത്തിച്ചവന് തന്റെ ശരീരത്തെ അപ്പമാക്കി മാറ്റാനും സാധിക്കും എന്ന സത്യമാണ് യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാളിൽ വെളിപ്പെടുക.

കർത്താവായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ തിരുനാൾ ആഘോഷിക്കുമ്പോൾ ശരീര രക്തങ്ങൾ സ്വീകരിച്ചുകൊണ്ട് അവിടുത്തെ പീഡാനുഭവത്തിലും മരണത്തിലും നാം പങ്കുചേരണം. നമ്മുടേയും സഹോദരങ്ങളുടേയും നൊമ്പരങ്ങൾ ബലിപീഠത്തിൽ അർപ്പിക്കുമ്പോൾ ഈ പങ്കുചേരൽ എളുപ്പമാകും. അപ്രകാരം കനലായി ദിവ്യകാരുണ്യം രൂപപ്പെടണം. ■

# ഈശോയുടെ തിരുഹൃദയത്തിലേക്ക്...

**തിരുഹൃദയ തിരുനാൾ (ജൂൺ 26)** എസെ. 34: 11-16, റോമ. 5: 5-11, ലൂക്ക. 15: 3-7

**ഫാ. നിഷാൻ നിക്കോളാസ്**

**ജൂ**ൺ മാസം ഈശോയുടെ തിരുഹൃദയമാസമാണ്. ഇന്നേ ദിവസം ഈശോയുടെ തിരുഹൃദയത്തിൽ അഭയം പ്രാപിക്കുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു. വി. അന്തോണീസ് ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു.'' നിങ്ങൾ മാടപ്രാവുകളെ നോക്കുവിൻ. അവ ലോകത്തിൽ നിസാരമെന്ന് കാണുന്ന കച്ചി, കയർ, കമ്പ് എന്നിവ കൊണ്ട് പാറകൾക്കിടയിൽ കൂട് കൂട്ടുന്നു. അതുപോലെ സ്നേഹം വിനയം, ആർദ്രത, ആത്മസംയമനം, എളിമ എന്നീ പുണ്യങ്ങൾകൊണ്ട് നിങ്ങൾ ക്രിസ്തുവിന്റെ തിരുവിലാവിൽ കൂടുകൂട്ടുവിൻ...!

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ, ഈശോനാഥൻ തന്റെ തിരുഹൃദയത്തിൽ കൂടുകൂട്ടുവാനായി തിരുരക്തവും പരിശുദ്ധജലവും ചിന്തിക്കൊണ്ട് നമ്മെ ഓരോരുത്തരെയും വിളിക്കുകയാണ്. 1673-ൽ വി. മർഗരീത്ത മറിയം അലക്കോക്കിന് തിരുഹൃദയത്തെക്കുറിച്ചുള്ള വെളിപ്പെടുത്തൽ ഉണ്ടാകുന്നതും ഇപ്രകാരം തന്നെയാണ്.

ഈശോയുടെ തിരുഹൃദയം, ആ തിരുനെഞ്ച് ഒരുവിരലുകൊണ്ട് ഈശോനാഥൻ താങ്ങിപ്പിടിച്ചിരിക്കുന്നു. ആ ഹൃദയത്തിന്റെ ഞെട്ടിൽ ഒരു കുരിശ് കാണപ്പെടുന്നു. അതിന്റെ കടയ്ക്കൽ നിന്ന് ഒരു സ്നേഹാഗ്നിജ്വാല ഉയർന്നുപൊന്തി വരുന്നതായി തോന്നും. ചുറ്റിനും മുൾമുടി നിറഞ്ഞ കിരീടം ആ ഹൃദയത്തെ വലയം ചെയ്യപ്പെട്ടിരിക്കുന്നു.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലെ ദുഃഖഭാരങ്ങളും വിഷമങ്ങളും വേദനകളും ഒപ്പിയെടുക്കുവാൻ ഈശോനാഥൻ തന്റെ തിരുഹൃദയത്തിലേക്ക് നമ്മെ ഓരോരുത്തരെയും വിളിക്കുന്ന ഒരു കാലഘട്ടമാണിത്. തിരുഹൃദയത്തോടൊപ്പം ചേർന്ന് തിരുവിലാവിൽ കൂടുകൂട്ടുവാൻ പരിശ്രമിക്കാം.

മത്താ. 5:8 ൽ "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" വി. ഫ്രാൻസിസ് ദേ സാലസ് ഇപ്രകാരം പറയുന്നു. "ദൈവത്തിൽ നിന്നല്ലാതെ, ദൈവത്തിന് വേണ്ടിയല്ലാതെ, ഒരു ചെറുനാരുപോലും എന്റെ ഹൃദയത്തിൽ ഉണ്ടെന്ന് അറിഞ്ഞാൽ അത് ഞാൻ പൊട്ടിച്ചെടുത്ത് ദൂരേക്ക് വലിച്ചെറിഞ്ഞുകളയും."

നമ്മുടെ ഹൃദയത്തിൽ നിന്ന്, ഉള്ളിൽ നിന്ന് വരുന്നതാണ് ഒരു വ്യക്തിയെ അശുദ്ധനാക്കുന്നത്, എന്ന് കർത്താവിന്റെ തിരുവചനം പറയുന്നു. നമ്മുടെയൊക്കെയും ഹൃദയത്തിന്റെ ശുദ്ധതയിൽ നിന്നുകൊണ്ട് ദൈവത്തെ കാണുവാനുള്ള ഏറ്റവും വലിയ ആത്മീയ അനുഗ്രഹത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഓർക്കുക... ഈശോയുടെ തിരുഹൃദയം നിനക്കായി തുടിക്കുന്നുണ്ട്. ജെറമിയ 31:20 തിരുവചനം പറയുന്നു "നിനക്കായി എന്റെ ഹൃദയം തുടിക്കുന്നു" എസെ. 36:26 ൽ "ഞാൻ നിനക്ക് ഒരു പുതിയ ഹൃദയം നൽകും. ഞാൻ നിനക്ക് ഒരു പുതിയ ചൈതന്യം നൽകും. നിന്റെ ശരീരത്തിൽ നിന്ന് ശിലാതുല്യമായ ഹൃദയം എടുത്തുമാറ്റും. മാംസളമായ ഹൃദയം ഞാൻ നിന്നിൽ നിക്ഷേപിക്കും.'' ഈശോ നമ്മുടെ ഓരോരുത്തരുടെയും ഹൃദയം തിരുഹൃദയമാക്കുവാൻ ശിലാതുല്യമായ ഹൃദയം എടുത്തുമാറ്റി മാംസളമായ ഹൃദയം നമ്മിൽ രൂപപ്പെടുത്തുകയാണ്.

വിശ്വാസം എന്ന വാക്കു വന്നിരിക്കുന്നത് ക്രേദോ എന്ന പദത്തിൽ നിന്നാണ്. ക്രേദോ എന്ന പദത്തെ വിഭജിച്ചുകഴിഞ്ഞാൽ കോർദിസ്, ദാരെ എന്നീ രണ്ട് ലത്തീൻ പദങ്ങൾ ലഭിക്കും. അതായത് 'കോർദിസ്' എന്നാൽ 'ഹൃദയം', 'ദാരെ' എന്നാൽ 'കൊടുക്കുക'. നിന്റെ ഹൃദയം കർത്താവിന് കൊടുക്കുന്നതാണ് യഥാർത്ഥത്തിലുള്ള വിശ്വാസം എന്ന് പറയുന്നത്. ഈ തിരുഹൃദയമാസം ഈശോ

**നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലെ ദുഃഖഭാരങ്ങളും വിഷമങ്ങളും വേദനകളും ഒപ്പിയെടുക്കുവാൻ ഈശോനാഥൻ തന്റെ തിരുഹൃദയത്തിലേക്ക് നമ്മെ ഓരോരുത്തരെയും വിളിക്കുന്ന ഒരു കാലഘട്ടമാണിത്. തിരുഹൃദയത്തോടൊപ്പം ചേർന്ന് തിരുവിലാവിൽ കൂടുകൂട്ടുവാൻ പരിശ്രമിക്കാം.**



*വലിയതുറ ഇടവകയിൽ ബ്രെയിൻ ട്യൂമർ ബാധിച്ച് മരണമടഞ്ഞ ലാലൻ ജോസഫിന്റെ കുടുംബത്തിന് സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി നിർമിച്ചുനൽകിയ ഭവനത്തിന്റെ താക്കോൽദാനം ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ നിർവഹിച്ചപ്പോൾ*

# ലാലൻ ജോസഫിന്റെ കുടുംബത്തിന് സെന്റ് വിൻസന്റ് ഡിപോളിന്റെ സഹായം

വലിയതുറ: വലിയതുറ ഇടവകയിൽ ബ്രെയിൻ ട്യൂമർ ബാധിച്ച് മരണമടഞ്ഞ ലാലൻ ജോസഫിന്റെ കുടുംബത്തിന് സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ സഹായഹസ്തം. തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വലിയതുറ സെന്റ് ആന്റണീസ് കോൺഫറൻസാണ് എട്ടുലക്ഷം രൂപ ചെലവിൽ പുതിയ വീട് നിർമിച്ചുനൽകിയത്. വീടിന്റെ താക്കോൽദാനവും ആശീർവാദവും ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ നിർവഹിച്ചു. ഇടവക വികാരി ഫാ. ആഷ്‌ലിൻ ജോസ്, കോൺഫറൻസ് പ്രസിഡന്റ് ജോൺ ബെനഡിക്ട് ഡിക്രൂസ്, സെക്രട്ടറി റോമിൻ ആൽബി സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഡി. ഫ്രാൻസിസ്, സെക്രട്ടറി ടി.ജെ. ലോറൻസ്, വൈസ് പ്രസിഡന്റ് ഡയനീഷ്യസ് പെരേര, സഖറിയാസ്, ഡോൺ ബോസ്കോ, സിസ്റ്റർ അനക്ലീറ്റ്, വലിയതുറ ഏരിയകൗൺസിൽ പ്രസിഡന്റ് സാംസൺ വിവിധ കോൺഫറൻസ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

തിരുവനന്തപുരം സെൻട്രൽ കൗൺസിൽ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി, മലബാർ ഗോൾഡ്, സെന്റ് ആന്റണീസ് കോൺഫറൻസ് അംഗങ്ങൾ എന്നിവരിൽ നിന്നും സ്വരൂപിച്ച തുക ചെലവിട്ടാണ് ഭവനത്തിന്റെ നിർമാണം പൂർത്തിയാക്കിയത്.

യുടെ തിരുവിലാവിൽ നമ്മൾ കൂടുകൂട്ടുമ്പോൾ നമ്മുടെ ഹൃദയം ഈശോയുടെ തിരുഹൃദയവുമായി തുന്നിച്ചേർക്കപ്പെടുകയാണ് ഇതുവഴി ഏറ്റവും വലിയ ആത്മീയതയുടെ അനുഭവം നമുക്ക് സ്വായത്തമാക്കാം. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ നിങ്ങൾ എന്നിൽ നിന്ന് പഠിക്കുവിൻ എന്ന് യേശു പറയുന്നു. ഈശോയുടെ തിരുഹൃദയത്തിലേക്ക് നമുക്ക് ചേക്കാറാം. അവന്റെ തിരുവിലാവിൽ നമുക്ക് കൂടുകൂട്ടാം. ക്രിസ്തുനാഥന്റെ പാർശ്വത്തിൽ നിന്നും നിർഗളിക്കുന്ന പരിശുദ്ധരക്തത്താൽ.. പരിശുദ്ധ ജലത്താൽ നാമായിരിക്കുന്ന ഇടങ്ങളെ... നമ്മുടെ കുടുംബങ്ങളെ നമ്മുടെ ഹൃദയങ്ങളെ ശുചിയാക്കാം, വിശുദ്ധീകരിക്കാം. തിരുവിലാവിൽ നമുക്കിടം നൽകണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം. ■

## വചനജ്വാല

2022 ജൂൺ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ‘ബ്ലാക്ക് ബോർഡുകളാണ് വിദ്യാർത്ഥികളുടെ ജീവിതത്തെ ശോഭനമാക്കുന്നത്’

**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

**1. പരിശുദ്ധാത്മാവിന്റെ ഗാനം**

**2. സ്വാഗതം: കുടുംബ നാഥൻ/നാഥ**

**3. യേശുവിനെ ക്ഷണിക്കൽ**

ജൂൺ മാസത്തിൽ പുതിയൊരു അധ്യയനവർഷം ആരംഭിക്കുമ്പോൾ ഇന്നിന്റെ സാധ്യതകൾ ഉൾക്കൊണ്ട് മുന്നേറ്റം നടത്താനൊരുങ്ങുന്ന പുതിയ തലമുറയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. പുത്തൻ പ്രതീക്ഷകൾ സമ്മാനിച്ച പെന്തക്കുസ്ത അനുഭവത്തിലായിരിക്കുന്ന നമുക്ക് സിനഡാത്മകസഭ മുന്നോട്ട് വയ്ക്കുന്ന കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ മൂന്ന് നെടുംതൂണുകളിൽ താങ്ങികൊണ്ട് വിദ്യാഭ്യാസ ശുശ്രൂഷയെ ശക്തിപ്പെടുത്തുന്നതിനെ കുറിച്ച് ചിന്തിക്കാം. അടച്ചു പൂട്ടലിന്റെയും ഒറ്റപ്പെടലിന്റെയും ആശങ്കയുടേയും കയ്പ്പേറിയ അനുഭവങ്ങളിലൂടെ കടന്നുപോയ അധ്യയനവർഷം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് പ്രതീക്ഷയുടേയും ആനന്ദത്തിന്റേയും കരുതലിന്റേയും പുത്തൻ ഉണർവ്വ് നൽകുന്ന വിദ്യാഭ്യാസ യുഗം ആശംസിക്കുന്നു.

**4.ആമുഖം**

**5. വചന ഗീതി**

**6. ദൈവ വചന പാരായണം:-**
**ജ്ഞാനം 9**

**7. വചന വിചിന്തനം**

ജ്ഞാനത്താലാണ് ദൈവം മനുഷ്യന് രൂപം നൽകിയത് എന്ന് ജ്ഞാനം 9:2 ൽ പറയുന്നു. തുടർന്നുള്ള 9:2, 3 വാക്യങ്ങളിൽ മനുഷ്യനെ സൃഷ്ടിച്ചത് എന്തിനായിരുന്നു എന്ന് വ്യക്തമാക്കുന്നു. (1) സൃഷ്ടികളുടെ മേൽ ആധിപത്യം വഹിക്കുക (2) വിശുദ്ധിയിലും നീതിയിലും ലോകത്തെ ഭരിക്കുക (3) ഹൃദയപരമാർത്ഥതയോടെ വിധികൾ പ്രസ്താവിക്കുക എന്നീ മൂന്നുകാര്യങ്ങൾക്ക് ആയിരുന്നു അവിടുന്ന് മനുഷ്യനെ സൃഷ്ടിച്ചത്. ഈ മൂന്നു കാര്യങ്ങളും നടപ്പിലാക്കണമെങ്കിൽ ദൈവത്തിന്റെ സിംഹാസനത്തിൽ നിന്നും ജ്ഞാനം ലഭിക്കണം. അതിനുള്ള കാരണം വ്യക്തമാക്കുന്നത് ജ്ഞാനം 9:5 ൽ ആണ്. ദൈവഹിതമനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തേണ്ടത് ഓരോ മർത്യന്റേയും കടമയായി കണ്ടുകൊണ്ട് ജ്ഞാനത്തിനായി പ്രാർത്ഥിക്കാം.

ജ്ഞാനം 9:14, 18 എന്നീ തിരുവചനഭാഗങ്ങൾ മുൻ നിർത്തി ഇന്നിന്റെ ആവശ്യകതയെ കുറിച്ച് ചിന്തിക്കാം. കൊറോണയുടെ ഒരു അടച്ചുപൂട്ടൽ കാലഘട്ടത്തിന് ശേഷം സ്കൂളുകളും കോളേജുകളും ഭാഗീകമായി തുറന്ന് കഴിഞ്ഞ അധ്യയനവർഷം പൂർത്തിയാക്കിയിരുന്നു. എന്നാൽ ഈ അടച്ചുപൂട്ടൽ കാലഘട്ടം എല്ലാ നാട്ടിലും ജനങ്ങളിലും ഉണ്ടാക്കിയ അനുഭവം പലവിധത്തിലാണ്. വിദ്യാഭ്യാസ മേഖലയെ മോശമായാണ് ബാധിച്ചത്. വിദ്യാഭ്യാസത്തിന്റെ തുറക്കപ്പെട്ടിരുന്ന സാധ്യതകളുടെ വാതായനങ്ങൾ താത്കാലികമായെങ്കിലും കൊട്ടിയടക്കപ്പെട്ടപ്പോൾ പലർക്കും നഷ്ടപ്പെട്ടത് അവരുടെ സ്വപ്നങ്ങളായിരുന്നു. ആഗ്രഹിച്ച പഠനമേഖലകൾ തെരഞ്ഞെടുക്കാൻ കഴിയാതെ ജീവിതത്തിൽ പല വഴിതിരിവുകളുണ്ടായി. ആഗ്രഹിച്ചതിനേക്കാൾ ഉപരി ലഭിച്ച അവസരങ്ങളിൽ പരിമിതമായ സാഹചര്യങ്ങളിലിരുന്ന് പഠനം പൂർത്തിയാക്കേണ്ട അവസ്ഥ, ശരിയായ തീരുമാനങ്ങൾ കൈകൊള്ളാൻ കഴിയാത്ത അവസ്ഥ, നിലതെറ്റിയ മാനസിക ആരോഗ്യം വിഷാദരോഗം, വിദ്യാർത്ഥികളുടെ യഥാർത്ഥ പൾസ് മനസിലാക്കാൻ കഴിയാതെ അധ്യയനം നടപ്പിലാക്കേണ്ടിവന്ന അധ്യാപകരും അവരുടെ പരിശ്രമങ്ങളും. ഇവയിലൂടെ കടന്നുപോയ സ്കൂൾ കോളേജ് തലത്തിലെ പഠിതാക്കളും അധ്യാപകരും അവരുടെ കുടുംബങ്ങളും. പുതിയ അധ്യയനവർഷം ഒരു പുത്തൻ ഉണർവ് വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കും എന്നുള്ള പ്രതീക്ഷ ഉണ്ട്. പെന്തക്കുസ്താ അനുഭവത്തിലൂടെ അപ്പസ്തോലന്മാർ കടന്നുപോയപ്പോൾ അവർക്ക് ഉണ്ടായിരുന്ന കയ്പ്പേറിയ എല്ലാ അവസ്ഥയും മറന്നുകൊണ്ട് പൂർണ്ണമായും രൂപാന്തരപ്പെട്ട് പുതിയ മനുഷ്യരായി മാറിയതായി നാം വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നു. പരിശുദ്ധാത്മാവിനെ ലഭിച്ചതോടെ ജ്ഞാനം 9:11, 17 തിരുവചനം നിവർത്തിയാക്കിയതായി മനസിലാക്കാം. അത്തരത്തിൽ പൂർവ്വപിതാക്കന്മാർക്കും അപ്പസ്തോലന്മാർക്കും ലഭിച്ച ജ്ഞാനാനുഭവം ഇന്നിന്റെ മക്കൾക്കും നൽകുന്നതിനും അതിശക്തമായി തിരിച്ചു വരുന്ന ഒരു വിദ്യാഭ്യാസരംഗം നൽകണമെന്നും കർത്താവിനോട് പ്രാർത്ഥിക്കാം.

സിനഡാത്മക സഭ വിഭാവനം ചെയ്യുന്ന നെടുംതൂണുകളിൽ ഒന്നായ കൂട്ടായ്മ അനുഭവം വിദ്യാഭ്യാസ രംഗത്ത് സാധ്യമായാൽ മാത്രമേ സാമൂഹ്യ മാധ്യമത്തിന്റെ അതിപ്രസരമായ മായാവലയത്തിൽ വല്ലാതെ മയങ്ങിപ്പോയ ഇളം തലമുറയെ തിരിച്ച് വിളിച്ച് ക്രൈസ്തവ വിശ്വാസം ഉറപ്പുനൽകുന്ന പ്രത്യാശ ഭരിതമായ നാളയിലേക്ക് കൈപിടിച്ചു നടത്താൻ സാധിക്കൂ. മാതാപിതാക്കളും അധ്യാപകരും തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുമ്പോൾ ബി.സി.സി.ക്ക് എന്തുചെയ്യാൻ കഴിയും എന്നതിനെ കുറിച്ച് ആഴത്തിൽ ചിന്തിക്കണം. പഠിതാക്കളുടെ വിവരശേഖരണം ഇടവകതലത്തിൽ സ്വരൂപിച്ച് അതിരൂപത നടത്തിയിട്ടുണ്ട്. തങ്ങളുടെ ബി.സി.സി. യൂണിറ്റിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും കൊഴിഞ്ഞുപോകാതെ അധ്യായനം നടത്തുന്നുണ്ടോ എന്ന ഒരു വലിയ അന്വേഷണം ഓരോ വിദ്യാഭ്യാസ ശുശ്രൂഷാ കൺവീനർമാരും ബി.സി.സി. ലീഡർമാരുടെ സഹായത്തോടെ ചെയ്യണം. പഠിക്കാൻ ആഗ്രഹവും കഴിവുമുണ്ടായിട്ടും അതിൽ നിന്നും മാറിപ്പോയവരെ കണ്ടെത്തി മുൻനിരയിൽ കൊണ്ടുവരുന്നതിനും വിദ്യാഭ്യാസപരമായി പല ദുർഘട സാഹചര്യങ്ങളിലൂടെ കടന്ന് പോയി വൻ വിജയം നേടിയവരെ സമൂഹത്തിന്റെ മുമ്പിൽ ഒരു നല്ല ഉദാഹരണങ്ങളായി അവതരിപ്പിക്കുകയും വേണം. വിദ്യാഭ്യാസരഹിതമായ ഒരു സമൂഹം അല്ല വിദ്യാസമ്പന്നരായവരുടെ വലിയ ഒരു കൂട്ടത്തെ നിർമ്മിക്കുന്നതിൽ നമുക്കെല്ലാം കൈകോർക്കാം. അത്തരത്തിൽ ഒരു മുന്നേറ്റം അതിരൂപതയിൽ ഉണ്ടായാൽ ഇന്ന് നാം അഭിമുഖീകരിക്കുന്ന പല സാമൂഹിക വിപത്തുകളിൽ നിന്നും സമൂഹത്തിനും സമുദായത്തിനും രക്ഷനേടുവാൻ കഴിയും.

ജ്ഞാനം 9:18 ൽ പറയുന്നു, ജ്ഞാനം ഭൂവാസികളുടെ പാത നേരയാക്കി, അങ്ങേക്ക് പ്രസാദമുള്ളവ അവരെ പഠിപ്പിച്ചു, അവർ രക്ഷിക്കപ്പെടുകയും ചെയ്തു, തളർച്ചയിൽ നിന്നും വളർച്ചയിലേക്ക്, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക്, പുതിയൊരു പെന്തക്കുസ്താ അനുഭവം വിദ്യാഭ്യാസമേഖലയിൽ ഉണ്ടാക്കാൻ നമുക്ക് ഉണർന്നിരുന്ന് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം, അതിനായി പ്രവർത്തിക്കാം.

**8. റിപ്പോർട്ട്**

**9. ഹാജർ**

**10. ചർച്ച**

1) നമ്മുടെ ബി.സി.സി. യൂണിറ്റുകളിൽ സർക്കാർ ഉദ്യോഗാർത്ഥികളെ എപ്രകാരം വാർത്തെടുക്കാം... കുട്ടികളിൽ, യുവജനങ്ങളിൽ സർക്കാർ മേഖലകളിലെ ജോലി സാധ്യതകളെ പരിചയപ്പെടുത്താം...
2) ബി.സി.സി. യൂണിറ്റുകളിൽ നിന്നും വിദ്യാസമ്പന്നരായ ആളുകളെ തെരഞ്ഞെടുത്ത് ഭാവി വാഗ്ദാനങ്ങളായ പുതിയ തലമുറക്കാരിൽ വിദ്യാഭ്യാസത്തോടുള്ള അഭിരുചി രൂപപ്പെടുത്താം.

**11. പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**12. വിശ്വാസികളുടെ പ്രാർത്ഥന**

**13. സമാപന ഗാനം**

**14. നന്ദി**

## നേർക്കാഴ്ച

ജെ.സി.

# അതിഥി തൊഴിലാളി കുടിയേറ്റം

കേരളീയ ജനതയുടെ ചരിത്രം എന്നത് കുടിയേറ്റങ്ങളുടെ ചരിത്രം കൂടിയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഉപജീവനത്തിനായി മലയാളി നടത്തിയ ദേശീയവും അന്തർദേശീയവുമായ കുടിയേറ്റങ്ങളാണ് 'കേരള വികസന മാതൃക' യ്ക്ക് ഊർജ്ജമേകിയത്. ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നു. ഘടനാപരമായി തന്നെ പ്രവാസിയും പ്രവാസി വരുമാനവും കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. സാക്ഷരവിഭാഗങ്ങളുടെ തൊഴിലില്ലായ്മ, കേരള യുവത്വത്തിന് ബ്ലൂ കോളർ തൊഴിലുകളോടുള്ള താല്പര്യക്കുറവ്, തുടങ്ങിയവ അവിദഗ്ധ തൊഴിൽ മേഖലകളിൽ 'ലേബർ ഗ്യാപ്' സൃഷ്ടിച്ചു. അതിന് പരിഹാരമായി ഒരു 'റീപ്ലേസ്മെന്റ് ലേബർ' എന്നുള്ള നിലയിൽ കഴിഞ്ഞ മൂന്നുപതിറ്റാണ്ടായി ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിലെ തൊഴിലിടങ്ങളിലേക്ക് കടന്നുകയറി. ഔദ്യോഗിക പഠനങ്ങൾ പ്രകാരം ഏതാണ്ട് ഇരുപത്തഞ്ചുലക്ഷം തൊഴിലാളികൾ കേരളത്തിലുണ്ട്. യുവത ഒഴിഞ്ഞുപോകുന്നതിന്റെ ഏറ്റവും ഗുരുതരമായ പ്രത്യാഘാതം കേരളത്തിലെ ഏറ്റവും വിദ്യാസമ്പന്നരും സർഗശേഷിയുള്ളവരും ഒരു പുതിയ കേരളം സൃഷ്ടിക്കാൻ ശേഷിയുള്ളവരും കേരളത്തിൽ നിന്ന് ഒഴിഞ്ഞുപോകുന്നുവെന്നതാണ്. അതിഥി തൊഴിലാളികളെ സൃഷ്ടിച്ചത് കേരളത്തിലെ ഭരണകൂടങ്ങളുടെ ബഹുമുഖ പരാജയങ്ങളാണ്. കേരളത്തിന്റെ ഭാവിക്ക് അതിഥി തൊഴിലാളികൾ ഒരു മുതൽ കൂട്ടല്ലാതെ മറ്റൊന്നുമാകാൻ വഴിയില്ല.


ഗൾഫിന്റെ വളർച്ചയിൽ കഴിഞ്ഞ 6 ദശകങ്ങളോളം മലയാളികൾ ഒരു വലിയ പങ്കുവഹിച്ചു. ഒരുപക്ഷേ അതുതന്നെയാവാം അതിഥി തൊഴിലാളികൾ ഇവിടെ ചെയ്യുക. അതിഥി തൊഴിലാളികൾ തീർച്ചയായും കേരള ജീവിതത്തെ സ്വാധീനിക്കും. സ്വാധീനിച്ചുകഴിഞ്ഞു അവരില്ലാതായാൽ ശാരീരിക അധ്വാനം ആവശ്യമായ തൊഴിൽ മേഖലകൾ അടച്ചുപൂട്ടേണ്ടിവരും. കുറഞ്ഞ വേതനത്തിൽ തൊഴിൽ ചെയ്യാൻ ഒരു തൊഴിലാളി വിഭാഗമെന്ന നിലയിൽ വിവിധ മേഖലകളിലേക്ക് ഇതര സംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് എത്തിക്കാൻ തുടങ്ങി. ആദ്യകാലങ്ങളിൽ ദക്ഷിണേന്ത്യൻ തൊഴിലാളികളാണ് കൂടുതലായി ഉണ്ടായിരുന്നത്. പിന്നീടത് ഉത്തരേന്ത്യൻ തൊഴിലാളികളായി മാറി. നിർമാണ മേഖലയിലേക്ക് പ്രത്യേകിച്ച് കെട്ടിട നിർമ്മാണം പ്ലൈവുഡ് നിർമാണം തുടങ്ങിയ മേഖലകളിലേക്കാണ് ഇവരെ ആദ്യകാലങ്ങളിൽ വൻതോതിൽ റിക്രൂട്ട് ചെയ്തു തുടങ്ങിയത്. ഒഡിഷ, അസം, പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, ബിഹാർ, ഝാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഗ്രാമപ്രദേശങ്ങളിൽ നിന്നുമാണ് ഇവർ വരുന്നത്. അവിടങ്ങളിലെ തൊഴിലിന്റെ സ്ഥിരതയില്ലായ്മയും കുറഞ്ഞകൂലിയും, ഇവരെ തങ്ങളുടെ നാട്ടിൽ നിന്ന് പുറത്തുപോകാൻ പ്രേരിപ്പിക്കുന്നു. ഉയർന്ന വേതനവും തൊഴിൽ ലഭ്യതയും തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിക്കുന്നു. ഇവരെയാണ് മലയാളി 'ഹിന്ദിക്കാരൻ', 'ഭായി', 'ബംഗാളി' തുടങ്ങിയ പേരുകളിൽ വിളിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളികൾ (അതിഥി) കേരളത്തിൽ ഏറെ അപമാനവും മനഃക്ലേശവും നേരിടുന്നുണ്ട്. ഭാഷയും സംസ്കാരവും വ്യത്യസ്തമായതിനാൽ അവർ ഏറെ സംശയത്തിനും വിശ്വാസ രാഹിത്യത്തിനും വിധേയരാകുന്നു. മാനസിക രോഗാതുരതയ്ക്കും ഏറ്റവുമധികം കാരണമായി ഭവിക്കുന്നത് സാംസ്കാരികഘടകങ്ങളാണ്. ഈ അകറ്റി നിറുത്തലിന്റെയും രോഗാതുരതയുടെയും പരിണിതഫലമായി അവർ ഏറെ അപമാനം നേരിടുകയും ഈ സഹനം അവരുടെ മാനസിക-സാമൂഹിക സുസ്ഥിതിയെയും മാനസിക ആരോഗ്യത്തെയും നിർണായകമായി സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. ഇവിടുത്തെ തൊഴിലാളികൾക്ക് ലഭിക്കുന്ന അവകാശ സംരക്ഷണം ഇതരസംസ്ഥാന തൊഴിലാളികൾക്കും ലഭിക്കണം. ഈ രംഗത്തെ തൊഴിലാളികൾക്കിടയിൽ സഭയ്ക്ക് വലിയൊരു ശുശ്രൂഷ ചെയ്യാനുണ്ട്. ഇവരുടെ പ്രശ്നങ്ങൾ കണ്ടെത്താനും മനസ്സിലാക്കാനും പരിഹാരം മുന്നോട്ടുവയ്ക്കാനും നമുക്ക് കഴിയണം. ■



Pre Press
DtP, CTp &
Digital Design
Studio
Total
Printing
Solutions
Press
Multi Colour,
Single Colour &
Web-Offset
Post Press
Fully
Machanized
Binding
For all that you need to print...
St. Joseph's Press
TRIVANDRUM
Cotton Hill, Thycaud P.O., Thiruvananthapuram - 695014
Ph : 0471-2322888, sjptvmoffice@gmail.com

Total Page 44 Pub. Date : 01.06.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto